# യൂണിറ്റ് 1വയലും വനവും

| | പഠനനേട്ടം | പ്രവർത്തനം | പഠനസാമഗ്രികൾ | ആശയങ്ങൾ ധാരണകൾ മൂല്യങ്ങൾ | ഉല്പന്നങ്ങൾ | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലുമായി ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു | ജീവികളുടെ വാസസ്ഥലം( ചിത്രം)നിരീക്ഷിക്കൽ<br><br>ജീവികളെ വാസസ്ഥലത്തിനനുസരിച്ച് പട്ടികപ്പെടുത്തൽ | വർക്ക് ഷീറ്റ്, ഡിജിറ്റൽ പ്രസന്റേഷൻ (TB page no. 7) , വയൽ,കാവ്, കുളം എന്നിവയുടെ വീഡിയോ | നമ്മുടെ പരിസരത്തുള്ള കുളം, വയൽ തുടങ്ങിയവയിൽ വിവിധ ജീവികളുണ്ട് - കരയിൽ ജീവിക്കുന്ന ജീവികളുണ്ട്, കുളത്തിൽ ജീവിക്കുന്ന ജീവികളുണ്ട് . ജലത്തിലും കരയിലും ജീവിക്കുന്ന ജീവികളുണ്ട്. | ജീ വികളുടെ പട്ടിക<br><br>ജീവികളെ അവയുടെ വാസസ്ഥലത്തിനനുസരിച്ച് തരം തിരിച്ച പട്ടിക | ജീവികളുടെ വാസസ്ഥലം കണ്ടെത്തി പട്ടികപ്പെടുത്തുന്നു | 90 |
| 2 | ജ്ജലജീവികളുടെ ശാരീരിക സവിശേഷതകൾ ജലജീവിതത്തിന് എപ്രകാരം അനുയോജ്യമാണെന്ന് കണ്ടെത്തി വിശദീകരിക്കുന്നു. | മത്സ്യ ചലനം, മത്സ്യവും തോണിയും, മത്സ്യ ശ്വസനം ,മത്സ്യത്തിന്റെ അനുകൂലനങ്ങൾ, മത്സ്യത്തിന്റെ രൂപം നിർമ്മിക്കൽ, ജല ജീവികളുടെ അനുകൂലനം | വയൽ, കാവ്, കുളം നീന്തുന്ന മത്സ്യം, ശ്വസിക്കുന്ന മത്സ്യം<br><br>നീന്തുന്ന ആമ, നീന്തുന്ന തവള, മത്സ്യം നിർമ്മാണം (origami)എന്നിവയുടെ വീഡിയോ<br><br>മത്സ്യം, ആമ്പൽ, താമര, തോണി എന്നിവയുടെ ചിത്രങ്ങൾ | ജലത്തിൽ ജീവിയ്ക്കുന്നവയ്ക്ക് ജല ജീവിതത്തിന് അനുയോജ്യമായ സവിശേഷതകൾ ഉണ്ട് | നിരീക്ഷണ കുറിപ്പുകൾ, മത്സ്യ രൂപം | ജീവികളുടെ അനുകൂലനങ്ങൾ കണ്ടെത്തുന്നു | 180 |
| | ജീവികളുടെ പരസ്പര ബന്ധം കണ്ടെത്തി പ്രസ്താവിക്കുന്നു.ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും പരസ്പരം | പരസ്പരാശ്രയം, ആല് മരവും മണ്ണും, കേമനാര് | വീഡിയോ- പശുവും കുരുവിയും | ജീവികളുടെ നിലനില്പിന് ജീവനില്ലാത്ത ഘടകങ്ങളും അത്യാവശ്യമാണ്. (മണ്ണ്, ജലം, വായു, പ്രകാശം). ഒരു പ്രത്യേക പ്രദേശത്തെ പരസ്പരം ആശ്രയിക്കുന്ന ജീവിയവും അജീവിയവുമായ ഘടകങ്ങൾ | കുറിപ്പ് | ജീവീയ ഘടകങ്ങൾ അജീവിയ ഘടകങ്ങൾ<br><br>എന്നിങ്ങനെ പട്ടികപ്പെടു | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം പ്രസ്താവിക്കുന്നു. | | | ഉൾപ്പെട്ടതാണ് ആവാസവ്യവസ്ഥ.നമുക്കു ചുറ്റും ചെറുതും വലുതുമായ നിരവധി സ്വാഭാവിക വാസ സ്ഥലങ്ങൾ ഉണ്ട്. | | ത്തുന്നു | |
| | തന്റെ പ്രദേശത്തെ ആവാസ വ്യവസ്ഥകൾ കണ്ടെത്തി പറയുന്നു. | ആവാസവ്യവസ്ഥ കണ്ടെത്തൽ. | വീഡിയോ - കുളം/വയൽ/കാവ്/ കുന്ന് | നമുക്കു ചുറ്റും ചെറുതും വലുതുമായ നിരവധി സ്വാഭാവിക വാസസ്ഥലങ്ങൾ ഉണ്ട്. | പരിസരത്തെ ആവാസ വ്യവസ്ഥയിലെ ജീവിയ അജീവിയ ഘടകങ്ങളുടെ പരസ്പരാശ്രയം (കുറിപ്പ്), ആവാസ വ്യവസ്ഥയുടെ പട്ടിക | ആവാസ വ്യവസ്ഥയിലെ ജീവിയ അജീവിയ ഘടകങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. | 90 |
| | സ്വാഭാവിക വാസസ്ഥലങ്ങളെ തകർക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തിപ്പറയുന്നു | പരിസ്ഥിതി നശീകരണത്തിന് കാരണമായ ഘടകങ്ങൾ<br><br>കണ്ടെത്തൽ | വന നശീകരണം, അണകെട്ട്, കീടനാശിനി പ്രയോഗം, മണൽ വാരൽ, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം വയൽ നികത്തൽ എന്നിവയുടെ വീഡിയോ | മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകൾ സ്വാഭാവിക വാസസ്ഥലങ്ങളുടെ നാശത്തിന് കാരണമാകുന്നു. | കുറിപ്പ് | മനുഷ്യന്റെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവാസവ്യവസ്ഥക്ക് ദോഷമുണ്ടാക്കുന്നത് | 90 |
| | വനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു | വനവും ജീവികളും | വീഡിയോ-വനം | വലിയ ആവാസവ്യവസ്ഥകളിലൊന്നാണ് വനം.<br><br>വനം ജീവജാലങ്ങളാൽ സമ്പന്നമാണ്, | വനം കൊണ്ടുളള പ്രയോജനങ്ങൾ (കുറിപ്പ്) | നാം വനം സംരക്ഷിക്കേണ്ടതുണ്ടോ? എന്തുകൊണ്ട് | 90 |
| | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | വീഡിയോ കല്ലേൽ പൊക്കുടന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനം വീഡിയോ, പാഠപുസ്തകം പേജ്15 ഡിജിറ്റൽ പ്രസന്റേഷൻ | മനുഷ്യന്റെയും ജീവജാലങ്ങളുടേയും നിലനില്പിന് ആവാസവ്യവസ്ഥകൾ സംരക്ഷിക്കേണ്ടതാണ് | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ (പട്ടിക), പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ | പരിസ്ഥിതി സംരക്ഷണത്തിനായി പോസ്റ്റർ രചന നടത്തുന്നു | 90 |

**പഠനനേട്ടം : ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലുമായി ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : വാസസ്ഥലം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമ്മുടെ പരിസരത്തുള്ള കുളം, വയൽ തുടങ്ങിയവയിൽ വിവിധ ജീവികളുണ്ട് - കരയിൽ ജീവിക്കുന്ന ജീവികളുണ്ട്, കുളത്തിൽ ജീവിക്കുന്ന ജീവികളുണ്ട് ജലത്തിലും കരയിലും ജീവിക്കുന്ന ജീവികളുണ്ട്.

പഠന സാമഗ്രികൾ: വർക്ക് ഷീറ്റ്, ഡിജിറ്റൽ പ്രസന്റേഷൻ (TB page no. 7) , വയൽ ,കാവ്, കുളം എന്നിവയുടെ വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ജീവികളുടെ പട്ടിക ജീവികളെ അവയുടെ വാസസ്ഥലത്തിനനുസരിച്ച് തരം തിരിച്ച പട്ടിക

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br><br>പാഠ പുസ്തകത്തിലെ ആമുഖ ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു.<br><br>ചിത്രത്തിൽ ഏതെല്ലാം ജീവികൾ ഉണ്ട്?<br><br>കുളം വയൽ, കാവ് എന്നിവയുടെ വീഡിയോ പ്രദർശിപ്പിക്കുന്നു<br><br>ഇവിടെ എതെല്ലാം ജീവികളെ കാണാൻ കഴിഞ്ഞു?<br><br>ജീവികളുടെ പേര് ലിസ്റ്റ് ചെയ്യുന്നു.- ചർച്ച<br><br>**ചർച്ചാ സൂചകങ്ങൾ**<br><br>• ഇവർ എവിടെയാണ് ജീവിക്കുന്നത്?<br>• അണ്ണാൻ ജലത്തിൽ ജീവിക്കാൻ കഴിയുമോ?<br>• ആമയെ എവിടെയൊക്കെ കാണാം? | |

| | |
|---|---|
| • തവളയെയോ?<br><br>• മത്സ്യം എവിടെ ജീവിക്കുന്നു?<br><br>• ഏതൊക്കെയാണ് ജീവികളുടെ വാസസ്ഥലങ്ങൾ?<br><br>**ക്രോഡീകരണം**<br><br>ജീവികളിൽ ചിലത് കരയിലും ചിലത് വെള്ളത്തിലും മറ്റു ചിലത് കരയിലും വെള്ളത്തിലും ജീവിക്കുന്നു.<br><br>**ഘട്ടം- 2** പട്ടിക പ്രദർശിപ്പിക്കുന്നു | |

| കരയിൽ ജീവിക്കുന്നവ | ജലത്തിൽ ജീവിക്കുന്നവ | കരയിലും ജലത്തിലും കാണപ്പെടുന്നവ |
|---|---|---|
| | | |
| | | |
| | | |
| | | |

വ്യക്തിഗതമായി കണ്ടെത്തിയ ജീവികളെ പട്ടികപ്പെടുത്തുന്നു- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

പൊതു അവതരണം

വിലയിരുത്തൽ

| ജീവികളുടെ പേര് | വാസസ്ഥലം |
|---|---|
| കീരി | |
| തവള | |
| അണ്ണാൻ | |
| ചിത്രശലഭം | |
| മയിൽ | |

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : കരയിലെയും ജലത്തിലെയും ജീവികളുടെ ചിത്രങ്ങൾ ശേഖരിച്ച് ലഘുകുറിപ്പുകൾ തയാറാക്കുന്നു

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ജലജീവികളുടെ ശാരീരിക സവിശേഷതകൾ ജലജീവിതത്തിന് എപ്രകാരം അനുയോജ്യമാണെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : അനുകൂലനങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ജലത്തിൽ ജീവിയ്ക്കുന്നവയ്ക്ക് ജല ജീവിതത്തിന് അനുയോജ്യമായ സവിശേഷതകൾ ഉണ്ട്

പഠന സാമഗ്രികൾ: വയൽ, കാവ്, കുളം നീന്തുന്ന മത്സ്യം, ശ്വസിക്കുന്ന മത്സ്യം

നീന്തുന്ന ആമ, നീന്തുന്ന തവള, മത്സ്യം നിർമ്മാണം (origami) എന്നിവയുടെ വീഡിയോ

മത്സ്യം, ആമ്പൽ, താമര, തോണി എന്നിവയുടെ ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: നിരീക്ഷണ കുറിപ്പുകൾ, മത്സ്യ രൂപം

തീയതി : .................................... സമയം :180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **ഘട്ടം- 1**<br><br>മത്സ്യം എവിടെയാണ് ജീവിക്കുന്നത്?<br><br>മത്സ്യത്തിന് ജലത്തിൽ ജീവിക്കാൻ എന്തെല്ലാം പ്രത്യേകതകൾ ഉണ്ട്? എന്നീ ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.<br><br>അക്വാറിയത്തിൽ മത്സ്യം സഞ്ചരിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു - ചർച്ച<br><br>**സൂചകങ്ങൾ**<br><br>• മത്സ്യം സഞ്ചരിക്കുമ്പോൾ ഏതെല്ലാം അവയവങ്ങളാണ് ചലിക്കുന്നത്?<br>• ദിശ മാറ്റാൻ ഈ അവയവങ്ങൾ എങ്ങനെയാണ് സഹായിക്കുന്നത്<br>• മത്സ്യത്തിന്റെ ശരീരത്തിലെ വഴുവഴപ്പ് സഞ്ചാരത്തെ എങ്ങനെ സഹായിക്കും?<br>• കുട്ടികൾ വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.<br><br>**ക്രോഡീകരണം** | |

| | |
|---|---|
| മത്സ്യത്തിന്റെ സഞ്ചാരം<br><br>വാൽ ചിറക്, വശങ്ങളിലെ ചിറക്, മേൽ ചിറക്, കീഴ് ചിറക്, എന്നിവ നീന്താൻ സഹായിക്കുന്നു. ശരീരത്തിലെ വഴുവഴുപ്പ് വേഗത്തിൽ സഞ്ചരിക്കാൻ സഹായിക്കുന്നു.<br><br>**ഘട്ടം -2**<br><br>തോണിയുടെ ചിത്രവും മത്സ്യത്തിന്റെ ചിത്രവും പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു<br><br>1. തോണിയുടെ ആകൃതി ജലത്തിലെ സഞ്ചാരത്തിന് എങ്ങനെ യോജിച്ചതാണ്?<br><br>2. മത്സ്യത്തിന്റെ ആകൃതി ജലത്തിലെ സഞ്ചാരത്തിന് എങ്ങനെ യോജിച്ചിരിക്കുന്നു?.<br><br>കുട്ടികൾ വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.<br><br>**ക്രോഡീകരണം**<br><br>മത്സ്യത്തിന്റെ ആകൃതി<br><br>തോണിയുടെ ആകൃതി ജലത്തെ കീറിമുറിച്ച് മുന്നോട്ട് പോകാൻ സാധിക്കുന്നു.<br><br>മത്സ്യത്തിന്റെ ശരീര ആകൃതി തോണിയെ പോലെ ജലത്തെ കീറിമുറിച്ച് നീന്താൻ സഹായിക്കുന്നു.<br><br>**ഘട്ടം- 3**<br><br>മത്സ്യം ശ്വസിക്കുന്നതെങ്ങനെയാണ്?കുട്ടികൾ പ്രതികരിക്കുന്നു.<br><br>മത്സ്യത്തിന്റെ ശ്വസനം വീഡിയോ ക്ലിപ്പിംഗ് പ്രദർശിപ്പിക്കുന്നു.<br><br>കുട്ടികൾ നിരീക്ഷിക്കുന്നു.<br><br>സൂചകങ്ങൾ<br><br>• മത്സ്യം എന്തിനാണ് വായ് തുറക്കുന്നത്? | |

| | |
|---|---|
| • വായ് തുറക്കുമ്പോൾ ചെകിളയ്ക്ക് എന്ത് സംഭവിക്കുന്നു<br>• വായിലൂടെ അകത്ത് കടക്കുന്ന ജലം ഏതിലൂടെയാണ് പുറത്ത് പോകുന്നത്<br>• മത്സ്യത്തിന്റെ ശ്വസനം എങ്ങനെയാണ്<br><br>നിരീക്ഷണം രേഖപ്പെടുത്തുന്നു, അവതരിപ്പിക്കുന്നു<br><br>**ക്രോഡീകരണം**<br><br>**മത്സ്യത്തിന്റെ ശ്വസനം**<br><br>വായിലൂടെ വലിച്ചെടുക്കുന്ന ജലത്തിൽ നിന്നാണ് മത്സ്യം ശ്വസിക്കുന്നത്. ശകുലങ്ങൾ ഉപയോഗിച്ചാണ് മത്സ്യം ശ്വസിക്കുന്നത്<br><br>**ഘട്ടം-4**<br><br>മത്സ്യത്തിന്റെ ചിത്രം( ഭാഗങ്ങൾ അടയാളപ്പെടുത്താത്തത് ) പ്രദർശിപ്പിക്കുന്നു.കുട്ടികൾ ചിത്രം വരച്ച് ഭാഗങ്ങള് അടയാളപ്പെടുത്തുന്നു . കൈമാറി വിലയിരുത്തുന്നു.<br><br>മത്സ്യത്തിന്റെ ചിത്രം (ഭാഗങ്ങൾ അടയാളപ്പെടുത്തിയത് ) പ്രദർശിപ്പിക്കുന്നു.<br><br>സ്വയം വിലയിരുത്തുന്നു.<br><br>**ഘട്ടം- 5**<br><br>കുറിപ്പ് തയ്യാറാക്കൽ<br><br>ജല ജീവിതത്തിന് അനുയോജ്യമായ എന്തെല്ലാം ശാരീരിക പ്രത്യേകതകളാണ് മത്സ്യത്തിനുള്ളത്. നിരീക്ഷിച്ച് കണ്ടെത്തിയ വിവരങ്ങൾ അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br><br>വ്യക്തിഗതം --- ഗ്രൂപ്പ് ------ അവതരണം<br><br>**ഘട്ടം- 6**<br><br>ഫ്ലൂറസെന്റ് പേപ്പർ നൽകുന്നു. | |

| | |
|---|---|
| പാഠ പുസ്തകത്തിലെ കടലാസുകൊണ്ടൊരു മീൻ പ്രവർത്തനം ചെയ്യുന്നു. മത്സ്യ നിർമ്മാണം ഒറിഗ്രാമി വീഡിയോ പ്രദർശിപ്പിക്കുന്നു -<br><br>**ഘട്ടം- 7**<br><br>ആമ്പൽ, താമര എന്നിവയ്ക്ക് ജലത്തിൽ ജീവിക്കാനുള്ള അനുകൂലനങ്ങൾ എന്തെല്ലാം?<br><br>ആമ്പൽ, താമര എന്നിവ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br><br>**സൂചകങ്ങൾ**<br><br>• ഇവയുടെ ഇല ജലത്തിന്റെ ഏതു ഭാഗത്താണ് കാണുന്നത്?<br>• വെള്ളത്തിൽ കിടന്നപ്പോൾ ഇല ചീയുന്നുണ്ടോ?<br>• ഇലയുടെ മുകൾ ഭാഗത്ത് ജലം കെട്ടി നിൽക്കുന്നുണ്ടോ?<br>• തണ്ടുകളുടെ പ്രത്യേകത എന്തല്ലാം?<br><br>ഇലകൾ നിരീക്ഷിക്കുന്നു. രേഖപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു<br><br>**ക്രോഡീകരണം**<br><br>**ജലസസ്യങ്ങൾ**<br><br>ആമ്പൽ, താമര, എന്നിവയുടെ ഇലകൾ ജലത്തിൽ പൊങ്ങി കിടക്കുന്നു. വെള്ളത്തിലാണെങ്കിലും ഇലകൾ ചീയുന്നില്ല. ഇലയിൽ മെഴുകുപോലുള്ള ആവരണമുണ്ട്. തണ്ടിലും ഇലയിലും വായു അറകൾ ഉണ്ട്.<br><br>**ഘട്ടം- 8**<br><br>ആമ, തവള ഇവയ്ക്ക് ജലത്തിൽ സഞ്ചരിക്കുന്നതിനുള്ള ശാരീരിക പ്രത്യേകതകൾ എന്തെല്ലാം?<br><br>വെള്ളത്തിൽ നീന്തുന്ന ആമ, തവള എന്നിവയുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | |

| | |
|---|---|
| **സൂചകങ്ങൾ**<br><br>• ആമ ജലത്തിൽ സഞ്ചരിക്കാൻ ഏത് അവയവമാണ് ഉപയോഗിക്കുന്നത്?<br>• ആമയുടെ കാലിന്റെ പ്രത്യേകത എന്താണ്?<br>• തവളയുടെ കാലിന്റെ പ്രത്യേകത എന്താണ്?<br>• ഇവയുടെ ശ്വസനം എങ്ങനെയാണ്<br><br>ക്രോഡീകരണം<br><br>ആമയുടെ ബലമേറിയ കാലുകൾ വെള്ളത്തിൽ തുഴയാൻ സഹായിക്കുന്നു. ശ്വസിക്കാതെ ഏറെ നേരം വെള്ളത്തിൽ തങ്ങാൻ ആമയ്ക്ക് കഴിയും. തവളയുടെ കാലുകൾ വേഗത്തിൽ തുഴയാൻ സഹായിക്കുന്നു. തവളയ്ക്ക് ത്വക്കിലൂടെ ശ്വസിക്കാൻ കഴിയും.<br><br>**ഘട്ടം 9**<br><br>എന്താണ് അനുകൂലനം?പാഠപുസ്തകം വായിക്കുന്നു.<br><br>**അനുകൂലനം**<br><br>ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള സവിശേഷതകൾ ഉണ്ടായിരിക്കും ഇതിനെ അനുകൂലനം എന്നു പറയുന്നു | |

വിലയിരുത്തൽ :

വർക്ക് ഷീറ്റ് നൽകുന്നു. രേഖപ്പെടുത്തുന്നു

| ജീവികൾ | ജല ജീവിതത്തിനുള്ള അനുകൂലനങ്ങൾ |
|---|---|
| താറാവ് | |
| മുതല | |
| നീർക്കോലി | |

| ജീവികൾ | അനുകൂലനങ്ങൾ |
|---|---|
| പരുന്ത് | |
| കൊക്ക് | |
| അണ്ണാൻ | |
| മരംകൊത്തി | |

റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ജീവികളുടെ പരസ്പര ബന്ധം കണ്ടെത്തി പ്രസ്താവിക്കുന്നു.**
**ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം പ്രസ്താവിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : പരസ്പരാശ്രയം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :
പഠന സാമഗ്രികൾ: വീഡിയോ- പശുവും കുരുവിയും

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്

തീയതി : .................................... സമയം :150 മിനിട്ട്

ജീവികളുടെ നില നിൽപിന് ജീവനില്ലാത്ത ഘടകങ്ങളും അത്യാവശ്യമാണ്. (മണ്ണ്, ജലം, വായു, പ്രകാശം) ഒരു പ്രത്യേക പ്രദേശത്തെ പരസ്പരം ആശ്രയിക്കുന്ന ജീവിയവും അജീവിയവുമായ ഘടകങ്ങൾ ഉൾപെട്ടതാണ് ആവാസ വ്യവസ്ഥ നമുക്കു ചുറ്റും ചെറുതും വലുതുമായ നിരവധി സ്വാഭാവിക വാസ സ്ഥലങ്ങൾ ഉണ്ട്.

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br><br>പശുവും കുരുവിയും വീഡിയോ പ്രദർശിപ്പിക്കുന്നു ( സഹജീവനം)<br><br>• കുരുവി എന്താണ് ചെയ്യുന്നത്?<br><br>• ഇവിടെ കുരുവി ആഹാരത്തിനായി ആരെയാണ് ആശ്രയിക്കുന്നത്? | |

- മനുഷ്യൻ ആശ്രയിക്കുന്ന ജീവികൾ എതെല്ലാം?
- എന്തെല്ലാം ആവശ്യങ്ങൾക്കാണ് മനുഷ്യന് ജീവികളെ ആശ്രയിക്കുന്നത്?

ചർച്ച – രേഖപ്പെടുത്തൽ

**ക്രോഡീകരണം**

**പരസ്പരാശ്രയം**

കുരുവി ആഹാരത്തിനായി പശുവിന്റെ ശരീരത്തിലെ ചെറു ജീവികളെ ആശ്രയിക്കുന്നു. മനുഷ്യൻ ആഹാരത്തിനും വസ്ത്രത്തിനും താമസത്തിനും മറ്റു ജീവജാലങ്ങളെ ആശ്രയിക്കുന്നു.

ഉദാ. ആഹാരത്തിന് ആശ്രയിക്കുന്നവ - സസ്യങ്ങൾ, ജന്തുക്കൾ (കോഴി, ആട്, പശു....)

വസ്ത്രത്തിന് ആശ്രയിക്കുന്നവ - സസ്യങ്ങൾ, ചെമ്മരിയാട്

താമസത്തിന് ആശ്രയിക്കുന്നവ-വൃക്ഷങ്ങൾ

**ഘട്ടം - 2**

പാഠപുസ്തകം പേജ് - 11 (കേമനാര്) പ്രദർശിപ്പിക്കുന്നു.അധ്യപിക ചോദ്യങ്ങൾ ചോദിക്കുന്നു.

- ആൽ മരത്തെ ആരൊക്കെ ആശ്രയീക്കുന്നു ?എന്തിനൊക്കെ?
- ആൽ മരം ആരെയൊക്കെ ആശ്രയിക്കുന്നു?
- മണ്ണില്ലാതെ ആൽ മരം വളരുമോ?
- സൂര്യപ്രകാശം ലഭിച്ചില്ലെങ്കിൽ ആൽ മരത്തിന് എന്ത് സംഭവിക്കും?

ചർച്ച – പട്ടിക പൂർത്തിയാക്കുന്നു. വ്യക്തിഗതം - ഗ്രൂപ്പ്

| ആൽ മരം ആശ്രയിക്കുന്നവ | ആൽ മരത്തെ ആശ്രയിക്കുന്നവ |
|---|---|
| | |

| | |
|---|---|
| **ടീച്ചർ വെർഷൻ**<br><br><table><tr><td>ആൽ മരം ആശ്രയിക്കുന്നുവ</td><td>ആൽ മരത്തെ ആശ്രയിക്കുന്നുവ</td></tr><tr><td>മണ്ണ്<br><br>ജലം<br><br>വായു<br><br>സൂര്യ പ്രകാശം</td><td><br><br>അണ്ണാൻ<br><br>ഉറുമ്പ്</td></tr></table><br>**ഘട്ടം- 3**<br><br>ജീവികൾക്ക് ആൽ മരം കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?<br><br>ചർച്ച<br><br>ക്രോഡീകരണം<br><br>ആൽ മരം കൊണ്ടുള്ള പ്രയോജനങ്ങൾ<br><br>ആഹാരം, ശുദ്ധവായു, താമസസ്ഥലം<br><br>ജീവനുള്ളവ ജീവിയ്ക്കാൻ ജീവനില്ലാത്ത ഏതെല്ലാം ഘടകങ്ങളെ ആശ്രയിക്കുന്നു?<br><br>ചർച്ച<br><br>• സസ്യങ്ങളുടെ നിലനിൽപിന് ജീവനില്ലാത്ത ഏതെല്ലാം ഘടകങ്ങൾ ആവശ്യമാണ്?<br><br>• വായു ഇല്ലാതെ നമുക്ക് ജീവിക്കാൻ സാധിക്കുമോ?<br><br>**ക്രോഡീകരണം**<br><br>**ജീവീയ അജീവിയഘടകങ്ങൾ** | |

| | |
|---|---|
| ജീവികൾ ആശ്രയിക്കുന്ന ജീവനില്ലാത്ത ഘടകങ്ങളാണ് വായു, ജലം, മണ്ണ്, സൂര്യ പ്രകാശം<br><br>ജീവനുളളവയെ ജീവീയ ഘടകങ്ങൾ എന്നും ജീവനില്ലാത്തവയെ അജീവിയ ഘടകങ്ങൾ എന്നും പറയുന്നു.<br><br>**ഘട്ടം- 4**<br><br>• ഏതൊക്കെ ആവശ്യങ്ങൾക്കാണ് ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും പരസ്പരം ആശ്രയിക്കുന്നത്?<br><br>**ചർച്ച**<br><br>പട്ടിക page TB 12 പൂരിപ്പിക്കൽ വ്യക്തിഗതം / ഗ്രൂപ്പ്<br><br>പട്ടിക page HB 87 പ്രസന്റേഷൻ ( ടീച്ചർ വെർഷൻ)<br><br>HB page 90 work sheet presentation.<br><br>ചർച്ച<br><br>• ജൈവ ഘടകങ്ങളെ മേൽ മണ്ണിൽ ലയിപ്പിക്കുന്നതാര്?<br>• പാറപൊടിയാൻ സഹായിക്കുന്നതെന്തൊക്കെ?<br>• വിത്തു വിതരണത്തിന് സഹായിക്കുന്ന അജീവിയ ഘടകങ്ങൾ ഏതെല്ലാം?<br>• സസ്യങ്ങളുടെ വളർച്ചക്ക് ഏതു തരം മണ്ണാണ് വേണ്ടത്?<br>• ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.?<br><br>**ക്രോഡീകരണം**<br><br>ജീവീയ ഘടകങ്ങൾ അജീവിയ ഘടകങ്ങളെ ആശ്രയിക്കുന്നു. ജീവിയ ഘടകങ്ങൾ പരസ്പരം ആശ്രയിക്കുന്നു. ഒരു അജീവിയ ഘടകം മറ്റൊരു അജീവിയ ഘടകത്തിന്റെ തനിമ നിലനിൽക്കുന്നതിന് ആവശ്യമാണ്. പരിസ്ഥിതിയുടെ തനതായ നിലനിൽപിന് ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും ഘടനയിൽ മാറ്റമില്ലാതെ നിലനിൽക്കേണ്ടതാണ്. ഒരു പ്രത്യേക പ്രദേശത്തെ പരസ്പരം ആശ്രയിക്കുന്ന ജീവിയവും അജീവിയവുമായ ഘടകങ്ങൾ ഉൾപെട്ടതാണ് ഒരു ആവാസ വ്യവസ്ഥ | |

വിലയിരുത്തൽ ജീവീയ ഘടകങ്ങൾ അജീവിയ ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു

തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :.

പ്രവർത്തനത്തിന്റെ പേര് : നിരീക്ഷിക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമുക്കു ചുറ്റും ചെറുതും വലുതുമായ നിരവധി സ്വാഭാവിക വാസസ്ഥലങ്ങൾ ഉണ്ട്.

പഠന സാമഗ്രികൾ: വീഡിയോ - കുളം/വയൽ/കാവ്/കുന്ന്

പ്രതീക്ഷിത ഉല്പന്നങ്ങൾ: പരിസരത്തെ ആവാസ വ്യവസ്ഥയിലെ ജീവിയ അജീവിയ ഘടകങ്ങളുടെ പരസ്പരാശ്രയത്വം (കുറിപ്പ്), ആവാസ വ്യവസ്ഥയുടെ പട്ടിക

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തന ഘട്ടം 1<br><br>കുട്ടികളും അധ്യാപികയും പരിസര നടത്തത്തിന് തയ്യാറാകുന്നു<br><br>നിരീക്ഷിക്കേണ്ടവ ലിസ്റ്റ് ചെയ്യുന്നു.<br><br>1. ജീവിയ ഘടകങ്ങൾ<br><br>2. അജീവിയ ഘടകങ്ങൾ<br><br>3. പരസ്പരാശ്രയം<br><br>സമീപത്തുള്ള കുളം/വയൽ/കുന്ന്/കാവ് തെരഞ്ഞെടുക്കുന്നു. നിരീക്ഷിക്കുന്നു. രേഖപ്പെടുത്തുന്നു (ഗ്രൂപ്പിൽ) അവതരണം. (പരിസര നടത്തിപ്പിന് അനുയോജ്യ സ്ഥലം ലഭ്യമല്ലെങ്കിൽ വീഡിയോ പ്രദർശനം (കുളം/കാവ്/വയൽ/കുന്ന്) നമ്മുടെ പരിസരത്തുള്ള ആവാസ വ്യവസ്ഥകൾ ഏതെല്ലാം<br><br>ചർച്ച<br><br>ക്രോഡീകരണം - കുന്ന്, കാവ്, വയൽ കുളം .......... | |

വിലയിരുത്തൽ : നമ്മുടെ പരിസരത്തുള്ള ആവാസ വ്യവസ്ഥകൾ ഏതെല്ലാം?

**പഠനനേട്ടം : സ്വാഭാവിക വാസസ്ഥലങ്ങളെ തകർക്കുന്ന മനുഷ്യന്റെ ഇടപെടലുകൽ കണ്ടെത്തിപ്പറയുന്നു.**

പ്രവർത്തനത്തിന്റെ പേര് : സ്വാഭാവിക വാസസ്ഥലം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകൽ സ്വാഭാവിക വാസസ്ഥലങ്ങളുടെ നാശത്തിന് കാരണമാകുന്നു.

പ്രവർത്തനത്തിന്റെ പേര് : കുന്നിടിച്ചാൽ ....
പഠന സാമഗ്രികൾ: വന നശീകരണം, അണകെട്ട്, കീടനാശിനി പ്രയോഗം, മണൽ വാരൽ, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം വയൽ നികത്തൽ എന്നിവയുടെ വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br><br>ഒരു കുന്നിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു.<br><br>ഏതൊക്കെ ജീവജാലങ്ങളുടെ വാസസ്ഥലമാണ് കുന്ന്<br><br>കുന്ന് ഇടിച്ച് ലോറിയിൽ മണ്ണ് കൊണ്ടുപോകുന്ന ചിത്രം പ്രദർശിപ്പിക്കുന്നു.<br><br>കുന്നിടിക്കൽ മൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടായ ദോഷങ്ങൾ എന്തെല്ലാം?<br><br>ചർച്ച<br><br>ആവാസ വ്യവസ്ഥക്ക് കോട്ടം വരുത്തുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് നാം മനുഷ്യൻ ചെയ്യുന്നത്. കുട്ടികൾ പ്രതികരിക്കുന്നു.<br><br>വ്യക്തിഗത രേഖപ്പെടുത്തൽ<br><br>അവതരണം<br><br>വീഡിയോ പ്രദർശനം - വന നശീകരണം, അണകെട്ട് നിർമ്മാണം, കീട | |

| | |
|---|---|
| നാശിനി പ്രയോഗം, മണൽ വാരൽ, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം, വയൽ നികത്തൽ<br><br>**ക്രോഡീകരണം**<br><br>ആവാസ വ്യവസ്ഥക്ക് കോട്ടം വരുത്തുന്ന പ്രവർത്തനങ്ങളാണ് വന നശീകരണം, അണകെട്ട് നിർമ്മാണം കീടനാശിനി പ്രയോഗം, മണൽ വാരൽ, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം, വയൽ നികത്തൽ<br><br>**ഘട്ടം- 2**<br><br>മനുഷ്യന്റെ ഇടപെടൽ മൂലം ആവാസ വ്യവസ്ഥയ്ക്ക് സംഭവിക്കുന്ന ദോഷങ്ങൾ എന്തെല്ലാം.<br><br>• ജന്തുക്കൾക്ക് എന്തൊക്കെ നഷ്ടമാകും?<br><br>• സസ്യങ്ങൾക്ക് എന്ത് സംഭവിക്കും?<br><br>• മണ്ണ്, ജലം, വായു എന്നി അജീവിയ ഘടകങ്ങൾക്ക് എന്ത് മാറ്റമുണ്ടാകും?<br><br>• ജല സ്രോതസുകൾക്ക് എന്ത് സംഭവിക്കുന്നു.<br><br>ചർച്ച – രേഖപ്പെടുത്തൽ - വ്യക്തിഗതം, ഗ്രൂപ്പിൽ പങ്കു വയ്ക്കൽ പൊതു അവതരണം - **ക്രോഡീകരണം** -<br><br>ജീവികളുടെ വാസസ്ഥലം നഷ്ടമാകുന്നു. ജീവികൾക്ക് വംശനാശം സംഭവിക്കുന്നു. മണ്ണ്, ജലം, വായു എന്നിവ മലിനമാകുന്നു. ജല സ്രോതസുകൾ വരളുന്നു. | |

വിലയിരുത്തൽ : മനുഷ്യന്റെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവാസ വ്യവസ്ഥക്ക് ദോഷമുണ്ടാക്കുന്നത്

**പഠനനേട്ടം : വനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വനവും ജീവികളും

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വലിയ ആവാസവ്യവസ്ഥകളിലൊന്നാണ് വനം.

വനം ജീവജാലങ്ങളാൽ സമ്പന്നമാണ്,
പഠന സാമഗ്രികൾ: വീഡിയോ-വനം
പ്രതീക്ഷിത ഉല്പന്നങ്ങൾ: വനം കൊണ്ടുള്ള പ്രയോജനങ്ങൾ (കുറിപ്പ്)
തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തന ഘട്ടം 1<br><br>വനത്തിലെ ജീവികൾ, അരുവി ഒഴുകുന്നത് എന്നിവയുടെ ശബ്ദം കേൾപ്പിക്കുന്നു.<br><br>• ആരുടെയൊക്കെ ശബ്ദമാണ് നാം കേട്ടത് ? പ്രതികരണം<br><br>• ഏതെല്ലാം ജീവികളുടെ വാസസ്ഥലമാണ് വനം? പ്രതികരണം<br><br>വനം വീഡിയോ പ്രദർശിപ്പിക്കുന്നു (പക്ഷികൾ, മൃഗങ്ങൾ, സസ്യങ്ങൾ, അരുവികൾ)<br><br>വനത്തിലെ ജീവികളെ പട്ടികപ്പെടുത്തുന്നു<br><br>• വനത്തിലെ ജീവികൾക്ക് വനം എങ്ങനെ പ്രയോജനപ്പെടുന്നു?<br><br>• അരുവികൾ ഉത്ഭവിക്കാൻ വനം എങ്ങനെ പ്രയോജനപ്പെടുന്നു?<br><br>ചർച്ച<br><br>വ്യക്തിഗത രേഖപ്പെടുത്തൽ, ഗ്രൂപ്പിൽ അവതരണം ,പൊതുഅവതരണം<br><br>ക്രോഡീകരണം<br><br>വനത്തിനുള്ളിൽ നിന്ന് അരുവികൾ രൂപംകൊള്ളുന്നു.വൈവ്ധ്യമാർന്ന ജീവജാലങ്ങളുടെ വാസസ്ഥലമാണ് വനം. വനം മഴ ലഭിക്കാൻ സഹായിക്കുന്നു, ശുദ്ധവായു ലഭ്യമാക്കുന്നു. കുളിർമ നൽകുന്നു. | |

വിലയിരുത്തൽ : നാം വനം സംരക്ഷിക്കേണ്ടതുണ്ടോ? എന്തുകൊണ്ട്

**പഠനനേട്ടം : പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.**

പ്രവർത്തനത്തിന്റെ പേര് : പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മനുഷ്യന്റെയും ജീവജാലങ്ങളുടേയും നിലനില്പിന് ആവാസവ്യവസ്ഥകൾ സംരക്ഷിക്കേണ്ടതാണ്

പഠന സാമഗ്രികൾ: വീഡിയോ കല്ലേൽ പൊക്കുടന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനം വീഡിയോ, പാഠപുസ്തകം പേജ് 15 ഡിജിറ്റൽ പ്രസന്റേഷൻ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ (പട്ടിക), പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| കല്ലേൽ പൊക്കുടന്റെ കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങളുടെ വീഡിയോ കാണിക്കുന്നു. സ്കൂൾ വളപ്പിലും വീടിന്റെ പരിസരങ്ങളിലും ഉള്ള സസ്യ വൈവിധ്യം പരിപാലിച്ച് കുറിപ്പ്, പോസ്റ്റർ ഇവ തയ്യാറാക്കുന്നു. | |

വിലയിരുത്തൽ : പരിസ്ഥിതി സംരക്ഷണത്തിനായി പോസ്റ്റർ രചന നടത്തുന്നു

# യൂണിറ്റ് 2 ഇലക്കുമുണ്ട് പറയാൻ

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | സസ്യങ്ങളുടെ വേരു പടലത്തിന്റെ സവിശേഷതകൾ കണ്ടെത്തി നാരു വേരുപടലം, തായ് വേരു പടലം എന്നിങ്ങനെ തരം തിരിക്കുന്നു. പട്ടികപ്പെടുത്തുന്നു | വേരുകൾ പലവിധം, പ്രകൃതി നടത്തം, ചിത്രംവര, പട്ടികപ്പെടുത്തൽ | ചീര, മുത്തങ്ങ, എന്നീ സസ്യങ്ങൾ ചീര, മുത്തങ്ങ, തെങ്ങ്, മാവ്, പുളി, കവുങ്ങ്,നെല്ല്, വെണ്ട, മുള എന്നീ സസ്യങ്ങളുടെ വേരുകളുടെ ചിത്രങ്ങൾ | സസ്യങ്ങളുടെ വേരു പടലത്തിന് വൈവിധ്യമുണ്ട്. തായ് വേരു പടലം നാരു വേരുപടലം എന്നിങ്ങനെ രണ്ടു തരം വേരുപടലങ്ങളുണ്ട് | പട്ടിക, വേരുപടലത്തിന്റെ ചിത്രം | തായ് വേരു പടലം നാരു വേരു പടലം എന്നിവയുടെ വ്യത്യാസം രേഖപ്പെടുത്തൽ | 180 |
| | ഇലകളിലെ സിരാ വിന്യാസം നിരീക്ഷിച്ച് ജാലികാ സിരാ വിന്യാസം, സമാന്തര സിരാ വിന്യാസം എന്നിങ്ങനെ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു | ഇലകളിലെ വൈവിധ്യം കണ്ടെത്തൽ, ഇല കീറൽ, കുറിപ്പ് തയ്യാറാക്കൽ പട്ടികപ്പെടുത്തൽ | വിവിധതരം ഇലകൾ, ഇലകളുടെ ചിത്രങ്ങൾ | സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസത്തിലുമുണ്ട് വൈവിധ്യം. ജാലികാ സിരാവിന്യാസം, സമാന്തര സിരാ വിന്യാസം എന്നിങ്ങനെ രണ്ടു തരം സിരാ വിന്യാസങ്ങളുണ്ട് | കുറിപ്പ് (സമാന്തര സിരാവിന്യാസം, ജാലികാസിരാ വിന്യാസം),പട്ടിക | സമാന്തര സിരാവിന്യാസം, ജാലികാ സിരാ വിന്യാസം തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തൽ | 180 |
| | ചുറ്റുപാടുമുള്ള സസ്യങ്ങളുടെ ഇലകളിലെ സിരാ വിന്യാസവും വേരു പടലവും നിരീക്ഷിച്ച് പരസ്പര ബന്ധം കണ്ടെത്തി പറയുന്നു | സിരാ വിന്യാസം, വേരു പടലം, ബന്ധം കണ്ടെത്തൽ, പട്ടികപ്പെടുത്തൽ, കുറിപ്പ് തയ്യാറാക്കൽ | ചിത്രങ്ങൾ | ജാലികാ സിരാ വിന്യാസമുള്ള സസ്യങ്ങളുടെ വേരു പടലം തായ് വേരു പടലമാണ് സമാന്തര സിരാവിന്യാസമുള്ള സസ്യങ്ങളുടെ വേരു പടലം നാരു വേരു പടലമാണ്. സസ്യങ്ങളുടെ വേരു പടലവും ഇലകളിലെ സിരാ വിന്യാസവും തമ്മിൽ ബന്ധമുണ്ട് | കുറിപ്പ്, പട്ടിക | വേരു പടലം സിരാ വിന്യാസം എന്നിവയുടെ പരസ്പരം ബന്ധം കണ്ടെത്തൽ | 180 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഇലകളിലെ സിരാവിന്യാസം വേരുപടലം ബീജ പത്രങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ലഘു പ്രോജക്ടുകൾ നിർവഹിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | വേര്, ഇല വിത്ത് ബന്ധം തിരിച്ചറിയൽ പട്ടിക പൂർത്തിയാക്കൽ,കുറിപ്പ് തയ്യാറാക്കൽ, സംഘ പ്രോജക്ട് | സസ്യങ്ങൾ | വേര്,ഇല,വിത്ത്,എന്നിവ തമ്മിലുള്ള ബന്ധം | പട്ടിക, കുറിപ്പ്, പ്രോജക്ട് റിപ്പോർട്ട് | വേര്, വിത്ത്, ഇല ബന്ധം തിരിച്ചറിയൽ | 90 |
| | ഏക ബീജപത്ര സസ്യങ്ങൾക്കും ദ്വിബീജ പത്ര സസ്യങ്ങൾക്കും നിർവ്വചനം നൽകുന്നു | നെല്ലിന്റെ ആത്മകഥ, ഏക ബീജപത്ര സസ്യങ്ങൾ ദ്വിബീജപത്ര സസ്യങ്ങൾ തിരിച്ചറിയൽ ,പ്രൊജക്ട്. | വീഡിയോ (വിത്ത് മുളയ്ക്കൽ), വാവട്ടമുള്ള കുപ്പി, വെള്ള പേപ്പർ പഞ്ഞി, വെള്ളം, വിവിധ തരം വിത്തുകൾ | വിത്തിനുള്ളിൽ ഒരു ബീജ പത്രം മാത്രമുള്ള സസ്യങ്ങളാണ് ഏകബീജപത്രസസ്യങ്ങൾ, വിത്തിനുള്ളിൽ രണ്ടു ബീജപത്രങ്ങളുള്ള സസ്യങ്ങളാണ് ദ്വിബീജ പത്ര സസ്യങ്ങൾ | കുറിപ്പ്, പ്രോജക്ട് റിപ്പോർട്ട് | ബീജ പത്രങ്ങളുടെ എണ്ണത്തിനനുസരിച്ച് വിത്തുകളെ തരം തിരിക്കൽ | 90 |

**പഠനനേട്ടം : സസ്യങ്ങളുടെ വേരു പടലത്തിന്റെ സവിശേഷതകൾ കണ്ടെത്തി നാരു വേരുപടലം, തായ് വേരു പടലം എന്നിങ്ങനെ തരം തിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : വേരുകൾ പലവിധം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സസ്യങ്ങളുടെ വേരു പടലത്തിന് വൈവിധ്യമുണ്ട്. തായ് വേരു പടലം നാരു വേരുപടലം എന്നിങ്ങനെ രണ്ടു തരം വേരുപടലങ്ങളുണ്ട്.

പഠന സാമഗ്രികൾ: ചീര, മുത്തങ്ങ, എന്നീ സസ്യങ്ങൾ

ചീര, മുത്തങ്ങ, തെങ്ങ്, മാവ്, പുളി, കവുങ്ങ്,നെല്ല്, വെണ്ട, മുളഎന്നീ സസ്യങ്ങളുടെ വേരുകളുടെ ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പട്ടിക, വേരുപടലത്തിന്റെ ചിത്രം

തീയതി : .................................... സമയം :180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>പച്ചക്കറിയുടേയും അവയുടെ ഇടയിൽ വളരുന്ന മുത്തങ്ങയുടെയും വേരുകൾ ഒരു പോലെയാണോ എന്ന പ്രശ്നം അവതരിപ്പിക്കുന്നു. കുട്ടികൾ ഊഹം രേഖപ്പെടുത്തുന്നു.കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഒരു പച്ചക്കറി ചെടിയും (ചീര) മുത്തങ്ങയും ഗ്രൂപ്പിൽ നൽകുന്നു.<br>ചീരയുടേയും മുത്തങ്ങയുടേയും വേരിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.കുട്ടികൾ വേര് നിരീക്ഷിക്കുന്നു<br>ചർച്ചാ സൂചകങ്ങൾ. കുട്ടികൾ<br>• രണ്ടിന്റേയും വേരുകൾ ഒരു പോലെയാണോ?<br>• വലുപ്പം, ആകൃതി എന്നിവ സമാനമാണോ?<br>• രണ്ടിലും പ്രധാന വേരും ശാഖാ വേരുകളും കാണപ്പെടുന്നുണ്ടോ<br>ചർച്ച – പട്ടികയിൽ രേഖപ്പെടുത്തൽ വ്യക്തിഗതം<br>ഗ്രൂപ്പിൽ അവതരണം<br>• പൊതു അവതരണം | |

| ചീരയുടെ വേരിന്റെ പ്രത്യേകതകൾ | മുത്തങ്ങയുടെ വേരിന്റെ പ്രത്യേകതകൾ |
|---|---|
| പ്രധാന വേരുണ്ട് | ഒരേ പോലുള്ള വേരുകൾ |

| | |
|---|---|
| പ്രധാന വേരിൽ നിന്ന് ശാഖ വേരുകൾ ഉണ്ട്<br>വേരുകൾക്ക് വലുപ്പമുണ്ട് | |
| മണ്ണിൽ ആഴ്ന്നിറങ്ങുന്നു<br>കാണ്ഡത്തിന്റെ ചുവട്ടിൽ നിന്നും വളരുന്നു | കാണ്ഢത്തിന്റെ ചുവട്ടിൽ നിന്നും വളരുന്നു |

ഘട്ടം - 2

അധ്യാപികയും കുട്ടികളും പ്രകൃതി നടത്തം സംഘടിപ്പിക്കുന്നു.

വ്യത്യസ്ത തരം ചെറിയ ചെടികൾ വേരോടെ പിഴുതെടുക്കുന്നു (രണ്ടു വിഭാഗവും ഉൾപെട്ടത്)

ഗ്രൂപ്പിൽ കൂട്ടങ്ങളാക്കുന്നു (വേരിന്റെ സമാനതയ്ക്കനുസരിച്ച്)

ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു.

അധ്യാപിക വേരുകളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു(തെങ്ങ്, മാവ്, പ്ലാവ്, പുളി, കവുങ്ങ്, നെല്ല്, വെണ്ട, മുത്തങ്ങ, മുള)
വേരുകളുടെ സമാനതയ്ക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു. പൊതു സവിശേഷത രേഖപ്പെടുത്തുന്നു.

വ്യക്തിഗതം ഗ്രൂപ്പിൽ പങ്കുവയ്ക്കൽ

പൊതു അവതരണം

ക്രോഡീകരണം

| വിഭാഗം 1 | വിഭാഗം 2 |
|---|---|
| o പുളി | o തെങ്ങ് |
| o മാവ് | o കവുങ്ങ് |
| o പ്ലാവ് | o നെല്ല് |
| o വെണ്ട | o മുള |

| | |
|---|---|
| വിഭാഗം1-തായ് വേരു പടലം - കാണ്ഡത്തിന്റെ ചുവട്ടിൽ നിന്ന് താഴോട്ട് വളരുന്ന ഒരു തായ് വേരും അതിൽ നിന്ന് വളരുന്ന ശാഖാ വേരുകളും ചേർന്ന് കാണപ്പെടുന്ന വേരുപടലങ്ങളാണ് തായ് വേരു പടലം.<br>വിഭാഗം2-നാരു വേരു പടലം - കാണ്ഡത്തിന്റെ ചുവട്ടിൽ നിന്നു വളരുന്ന ഒരേ പോലെയുള്ള ധാരാളം വേരുകൾ ചേർന്ന വേരുപടലമാണ് നാരു വേരുപടലം. | |

വിലയിരുത്തൽ : തായ് വേരു പടലം നാരു വേരു പടലം എന്നിവയുടെ വ്യത്യാസം രേഖപ്പെടുത്തൽ
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : ചിത്രം വര – തായ് വേരുപടലം,നാരുവേര് പടലം
ഇഷ്ടമുള്ള സസ്യങ്ങളുടെ വേരുപടലം വരച്ച് നിറം നൽകുന്നു(രണ്ടു വിഭാഗം)

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഇലകളിലെ സിരാ വിന്യാസം നിരീക്ഷിച്ച് ജാലികാ സിരാ വിന്യാസം, സമാന്തര സിരാ വിന്യാസം എന്നിങ്ങനെ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : ഇലകളിലെ വൈവിധ്യം കണ്ടെത്തൽ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസത്തിലുമുണ്ട് വൈവിധ്യം. ജാലികാ സിരാവിന്യാസം, സമാന്തര സിരാ വിന്യാസം എന്നിങ്ങനെ രണ്ടു തരം സിരാ വിന്യാസങ്ങളുണ്ട്
പഠന സാമഗ്രികൾ: വിവിധതരം ഇലകൾ, ഇലകളുടെ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് (സമാന്തര സിരാവിന്യാസം, ജാലികാ സിരാ വിന്യാസം) ,പട്ടിക
തീയതി : .................................... സമയം :180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം1<br>ടെക്സ്റ്റ് ബുക്ക് പേജ് 23 പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ ചിത്രത്തിലെ കുത്തുകൾ യോജിപ്പിക്കുന്നു.<br><br>• ചിത്രത്തിലെ ഇലകൾ തമ്മിൽ എന്തെല്ലാം വ്യത്യാസമുണ്ട്?<br><br>• ഇലകളിലെ ഞരമ്പുകൾ ഒരു പോലെയാണോ?<br><br>• ഇലയുടെ ഞെട്ടിൽ നിന്നാണോ എല്ലാ ഞരമ്പുകളും ആരംഭിച്ചിരിക്കുന്നത്?<br><br>ചർച്ച<br>ക്രോഡീകരണം<br><br>• ഇലയുടെ ആകൃതി, വലുപ്പം എന്നിവ വ്യത്യസ്തമാണ്. ഇലകളിലെ ഞരമ്പുകളും വ്യത്യസ്തമാണ്. ഒന്നാമത്തെ ചിത്രത്തിലെ ഇലയിൽ ഞെട്ടിൽ നിന്ന് പ്രധാന ഞരമ്പ് ആരംഭിച്ചിരിക്കുന്നു. പ്രധാന ഞരമ്പിൽ നിന്ന് ഉപ ഞരമ്പുകൾ ആരംഭിച്ചിരിക്കുന്നു. ചിത്രം 2 ൽ | |

| | |
|---|---|
| ഇലയുടെ ഞെട്ടിൽ നിന്ന് എല്ലാ ഞരമ്പുകളും ആരംഭിച്ചിരിക്കുന്നു.<br><br>ഘട്ടം2<br>ഗ്രൂപ്പിൽ മാവില, പ്ലാവില, തെങ്ങോല, മുളയില എന്നിവ നൽകുന്നു. ഇലയുടെ അഗ്രഭാഗത്ത് നിന്ന് താഴോട്ട് നീളത്തിൽ കീറുന്നു.<br>കീറിയെടുത്തത് പ്രദർശിപ്പിക്കുന്നു.<br>എളുപ്പത്തിൽ കീറിയെടുക്കാൻ കഴിഞ്ഞ ഇലകൾ ഏതെല്ലാം.?<br>കീറിയെടുക്കാൻ പ്രയാസം അനുഭവപ്പെട്ട ഇലകൾ ഏതെല്ലാം?<br>പട്ടികപ്പെടുത്തുന്നു | |

| എളുപ്പത്തിൽ കീറിയവ | കീറിയെടുക്കാൻ പ്രയാസം അനുഭവപ്പെട്ടവ |
|---|---|
| | |

ഇല കീറിയെടുക്കാൻ പ്രയാസം അനുഭവപ്പെട്ടത് എന്തുകൊണ്ട് ? പ്രതികരണം
ചർച്ച –
ക്രോഡീകരണം
ഇലയിലെ എല്ലാ സിരകളും (ഞരമ്പ്) ഞെട്ടിൽ നിന്ന് ആരംഭിച്ചവ എളുപ്പത്തിൽ കീറാൻ കഴിഞ്ഞു. പ്രധാന സിരയിൽ നിന്ന് ഉപ.ശാഖാ സിരകളുള്ള ഇലകൾ കീറാൻ പ്രയാസം അനുഭവപ്പെടുന്നു.

- ഇലകളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു (തെങ്ങ്, മുള, വാഴ, മഞ്ഞൾ, ഗ്രാമ്പൂ, പുളി, പ്ലാവ്, ആൽ ........)
- സിരാവിന്യാസം നിരീക്ഷിച്ച് കൂട്ടങ്ങളാക്കുന്നു

പൊതു സവിശേഷത എന്തെല്ലാം

- വ്യക്തിഗതം - ഗ്രൂപ്പ് -പൊതു അവതരണം

| വിഭാഗം 1 | വിഭാഗം 2 |
|---|---|
| | |

- പൊതു സവിശേഷത രേഖപ്പെടുത്തുന്നു.
- വിഭാഗം 1 – സമാന്തര സിരാവിന്യാസം
- ഇലകളിൽ സമാന്തരമായി സിരകൾ വിന്യസിച്ചിരിക്കുന്നതിനെ

| | |
|---|---|
| സമാന്തര സിരാവിന്യാസം എന്നു പറയുന്നു.<br><br>വിഭാഗം 2 – ജാലികാ സിരാവിന്യാസം<br><br>• ഇലകളിൽ വലകണ്ണികൾ പോലെ കാണുന്ന സിരാ വിന്യാസമാണ് ജാലികാ സിരാ വിന്യാസം | |

വിലയിരുത്തൽ : സമാന്തര സിരാവിന്യാസം, ജാലികാ സിരാവിന്യാസം തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തൽ
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : പരിസരത്തുള്ള സസ്യങ്ങളിലെ ഇലകൾ നിരീക്ഷിച്ച് സിരാ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു.
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ചുറ്റുപാടുമുള്ള സസ്യങ്ങളുടെ ഇലകളിലെ സിരാ വിന്യാസവും വേരു പടലവും നിരീക്ഷിച്ച് പരസ്പര ബന്ധം കണ്ടെത്തി പറയുന്നു.**

പ്രവർത്തനത്തിന്റെ പേര് : സിരാ വിന്യാസം വേരു പടലം ബന്ധം കണ്ടെത്തല്
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ജാലികാ സിരാ വിന്യാസമുള്ള സസ്യങ്ങളുടെ വേരു പടലം തായ് വേരു പടലമാണ് സമാന്തര സിരാവിന്യാസമുള്ള സസ്യങ്ങളുടെ വേരു പടലം നാരു വേരു പടലമാണ്. സസ്യങ്ങളുടെ വേരു പടലവും ഇലകളിലെ സിരാ വിന്യാസവും തമ്മിൽ ബന്ധമുണ്ട്.
പഠന സാമഗ്രികൾ: ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്, പട്ടിക

തീയതി : .................................... സമയം :180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| താഴെകൊടുത്തിരിക്കുന്നവ പ്രദർശിപ്പിക്കുന്നു.<br>തെങ്ങ് -വേര് - നാരു വേരു പടലം ,ഇല – സമാന്തര സിരാവിന്യാസം<br>നെല്ല് -വേര് - നാരു വേരു പടലം -ഇല – സമാന്തര സിരാ വിന്യാസം<br>മാവ് -വേര് - തായ് വേരു പടലം -ഇല – ജാലിക സിരാവിന്യാസം<br>പുളി -വേര് - തായ് വേരു പടലം -ഇല – ജാലിക സിരാവിന്യാസം<br>ചെമ്പരത്തി -വേര് - തായ് വേരു പടലം-ഇല – ജാലിക സിരാവിന്യാസം<br>മുള -വേര് - നാരു വേരു പടലം-ഇല – സമാന്തര സിരാ വിന്യാസം<br>ഒരു സസ്യത്തിന്റെ വേരു പടലവും സിരാ വിന്യാസവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന ചോദ്യം ചോദിക്കുന്നു.<br><br>• ചർച്ച<br><br>• പട്ടികപ്പെടുത്തൽ<br><br>• TB page No. 25 പട്ടിക പ്രദർശിപ്പിക്കുന്നു.<br><br>• പട്ടിക പൂർത്തിയാക്കുന്നു - വ്യക്തിഗതം - ഗ്രൂപ്പ് അവതരണം | |

| | |
|---|---|
| • തായ് വേരു പടലമുള്ള സസ്യങ്ങളുടെ സിരാ വിന്യാസം ഏതാണ്?<br><br>• നാരു വേരു പടലമുള്ള സസ്യങ്ങളുടെ സിരാ വിന്യാസം ഏതാണ്?<br><br>ചർച്ച – ക്രോഡീകരണം<br><br>• തായ് വേരു പടലമുള്ള സസ്യങ്ങളുടെ ഇലകൾക്ക് ജാലികാ സിരാ വിന്യാസവും നാരു വേരു പടലമുള്ള സസ്യങ്ങൾക്ക് സമാന്തര സിരാ വിന്യാസവുമുള്ള ഇലകളാണ് ഉള്ളത്. | |

വിലയിരുത്തൽ :

കണ്ടെത്തൂ

| സസ്യങ്ങൾ | സിരാ വിന്യാസം | വേരു പടലം |
|---|---|---|
| ഗ്രാമ്പൂ | ജാലികാ സിരാ വിന്യാസം | |
| മുള | | നാരു വേരു പടലം |
| വാഴ | സമാന്തര സിരാ വിന്യാസം | |
| മുരിങ്ങ | | തായ് വേരു പടലം |

തുടർ പ്രവർത്തനങ്ങൾ :പരിസരത്തുള്ള സസ്യങ്ങളുടെ ഇലകളും വേരും നിരീക്ഷിച്ച് ബന്ധം കണ്ടെത്തൽ

റിഫ്ലക്ഷൻ നോട്ട്

**പഠനനേട്ടം : ഇലകളിലെ സിരാവിന്യാസം വേരുപടലം ബീജ പത്രങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ലഘു പ്രോജക്ടുകൾ നിർവഹിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : വേര്, ഇല, വിത്ത് ബന്ധം തിരിച്ചറിയൽ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വേര്,ഇല,വിത്ത്,എന്നിവ തമ്മിലുള്ള ബന്ധം
പഠന സാമഗ്രികൾ: സസ്യങ്ങള്
പ്രതീക്ഷിത ഉല്പന്നങ്ങൾ: പട്ടിക, കുറിപ്പ്, പ്രോജക്ട് റിപ്പോർട്ട്
തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| താഴെകൊടുത്തിരിക്കുന്നവ പ്രദർശിപ്പിക്കുന്നു.<br><br>• പന-നാരുവേരു പടലം, സമാന്തര സിരാ വിന്യാസം, ഏക ബീജ പത്രം<br><br>• മഹാഗണി- തായ് വേരു പടലം ,ജാലികാ സിരാ വിന്യാസം, ദ്വിബീജ പത്ര സസ്യം<br><br>• തേക്ക്- തായ് വേരു പടലം ,ജാലികാ സിരാ വിന്യാസം, ദ്വിബീജ പത്ര സസ്യം | |

- ചോളം-നാരുവേരു പടലം, സമാന്തര സിരാ വിന്യാസം, ഏക ബീജ പത്രം
- ആൽ-തായ് വേരു പടലം ,ജാലികാ സിരാ വിന്യാസം, ദ്വിബീജ പത്ര സസ്യം
- ഇഞ്ചി-നാരുവേരു പടലം, സമാന്തര സിരാ വിന്യാസം, ഏക ബീജ പത്രം

സസ്യത്തിന്റെ വേരു പടലം, സിരാ വിന്യാസം, ബീജ പത്രം എന്നിവ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

- ചർച്ച
- പട്ടിക പൂർത്തിയാക്കുന്നു

| സസ്യത്തിന്റെ പേര് | വേരു പടലം | | സിരാ വിന്യാസം | | ബീജ പത്രം | |
|---|---|---|---|---|---|---|
| | തായ് വേര് | നാരു വേര് | സമാന്തര | ജാലിക | ഏക ബീജപത്രം | ദ്വിബീജ പത്രം |
| | | | | | | |
| | | | | | | |

- തായ് വേരു പടലമുള്ള എല്ലാ സസ്യങ്ങളുടേയും സിരാ വിന്യാസം ബീജ പത്രം ഇവ സമാനമാണോ?
- നാരു വേരു പടലമുള്ള എല്ലാ സസ്യങ്ങളുടേയും സിരാ വിന്യാസം, ബീജ പത്രം ഇവ സമാനമാണോ?
- വേരു പടലം, സിരാ വിന്യാസം, ബീജ പത്രം ഇവ തമമിലുള്ള ബന്ധം എന്താണ്.
- ചർച്ച
- ക്രോഡീകരണം

തായ് വേരു പടലമുള്ള സസ്യങ്ങളുടെ ഇലകൾ ജാലികാ സിരാ വിന്യാസമുള്ളതും വിത്തുകൾ ദ്വിബീജ പത്രവുമായിരിക്കും. നാരു വേര് പടലമുള്ള സസ്യങ്ങളുടെ ഇലകൾ സമാന്തര സിരാ വിന്യാസമുള്ളതും വിത്തുകൾ ഏക ബീജപത്രവുമായിരിക്കും.

വിലയിരുത്തൽ   പട്ടിക പൂർത്തിയാക്കുക

| സസ്യങ്ങൾ | വേരു പടലം | ബീജ പത്രം | സിരാ വിന്യാസം |
|---|---|---|---|
| വെണ്ട | തായ് വേരു പടലം | | |
| പച്ചമുളക് | | ദ്വിബീജ പത്രം | |
| തെങ്ങ് | | | |
| പന | | ഏക ബീജ പത്രം | |
| തേക്ക് | | | ജാലിക സിരാ വിന്യാസം |

റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : സംഘ പ്രോജക്ട്

- കുട്ടികൾ ഗ്രൂപ്പായി പരിസരത്തെ സസ്യങ്ങൾ നിരീക്ഷിച്ച് വേരു പടലം സിരാ വിന്യാസം ബീജ പത്രങ്ങളുടെ എണ്ണം കണ്ടെത്തി റിപ്പോർട്ടാക്കുന്നു.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഏക ബീജപത്ര സസ്യങ്ങൾക്കും ദ്വിബീജ പത്ര സസ്യങ്ങൾക്കും നിർവ്വചനം നൽകുന്നു.**

പ്രവർത്തനത്തിന്റെ പേര് : നെല്ലിന്റെ ആത്മകഥ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വിത്തിനുള്ളിൽ ഒരു ബീജ പത്രം മാത്രമുള്ള സസ്യങ്ങളാണ് ഏകബീജപത്രങ്ങൾ..വിത്തിനുള്ളിൽ രണ്ടു ബീജപത്രങ്ങളുള്ള സസ്യങ്ങളാണ് ദ്വിബീജ പത്ര സസ്യങ്ങൾ
പഠന സാമഗ്രികൾ: വീഡിയോ (വിത്ത് മുളയ്ക്കൽ), വാവട്ടമുള്ള കുപ്പി, വെള്ള പേപ്പർ പഞ്ഞി, വെള്ളം, വിവിധ തരം വിത്തുകൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്, പ്രോജക്ട് റിപ്പോർട്ട്
തീയതി : .................................... സമയം :

| പ്രവർത്തനം | പ്രതികരണം |
|---|---|
| ബുക്കിലെ നെല്ലിന്റെ ആത്മകഥ ആഡിയോ കേൾക്കുന്നു.<br>നെൽ വിത്തിന് എന്തെല്ലാം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടാകും?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>നെൽ വിത്ത് മുളയ്ക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളും പയർ വിത്ത് മുളയ്ക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളും ഒരു പോലെയാണോ?<br>പ്രതികരണം<br><br>• വീഡിയോ പ്രദർശനം (നെൽ വിത്ത്, പയർ വിത്ത് മുളയ്ക്കുന്ന ഘട്ടങ്ങൾ )<br><br>ചർച്ചാ സൂചകങ്ങൾ<br>മുളയ്ക്കുന്ന വിത്തിൽ നിന്ന് ആദ്യം പുറത്ത് വരുന്നത് ഏത് ഭാഗമാണ്?<br>ബീജ മൂലം വളർന്ന് എന്തായിത്തീരും?<br>ബീജ മൂലം വളർന്നതിനു ശേഷം ഏത് ഭാഗമാണ് വളരുന്നത്? | |

| | |
|---|---|
| ബീജ ശീർഷം വളർന്ന് എന്തായിത്തീരും?<br>ബീജ മൂലം, ബീജ ശീർഷം ഇവ കൂടാതെ വിത്തിന് മറ്റേതു ഭാഗമാണുള്ളത്?<br>ചെടി വളരുമ്പോൾ ബീജ പത്രത്തിന് എന്ത് മാറ്റമാണ് സംഭവിക്കുന്നത്?<br>മുളക്കുന്ന സമയത്ത് വിത്തിന് ആഹാരം ലഭിക്കുന്നത് എവിടെ നിന്നാണ്?<br>നെൽച്ചെടിയുടേയും പയർ ചെടിയുടേയും ബീജ പത്രങ്ങളുടെ എണ്ണം ഒരു പോലെയാണോ?<br>ചർച്ച – ക്രോഡീകരണം<br><br>• വിത്ത് മുളയ്ക്കുമ്പോൾ ആദ്യം പുറത്ത് വരുന്ന ബീജ മൂലം വളർന്ന് വേരായിത്തീരുന്നു. ബീജ മൂലത്തിന് ശേഷം വളർന്നു വരുന്ന ബീജ ശീർഷം കാണ്ഡമായി മാറുന്നു. ഇവയ്ക്കു പുറമെ ബീജ ശീർഷത്തിൽ കാണുന്ന കട്ടിയുള്ള ഇലകൾ പോലെയുള്ള ഭാഗമാണ് ബീജ പത്രം . ചെടി മുളയ്ക്കുന്ന സമയത്ത് ആവശ്യമായ ആഹാരം ലഭ്യമാക്കുന്നത് ബീജ പത്രങ്ങളാണ്. ചെടി വളരും തോറും ബീജപത്രം ചുരുങ്ങി വലുപ്പം കുറയുന്നു.<br><br>• ഏക ബീജപത്ര സസ്യങ്ങൾ - ഒരു ബീജ പത്രം മാത്രമുള്ള സസ്യങ്ങളാണ് ഏക ബീജ പത്ര സസ്യങ്ങൾ നെൽ ചെടിയിൽ ഒരു ബീജ പത്രമാണ് ഉള്ളത്.<br><br>• രണ്ട് ബീജ പത്രങ്ങൾ ഉള്ള സസ്യങ്ങളാണ് ദ്വിബീജ പത്ര സസ്യങ്ങൾ. പയർ ചെടിയിൽ രണ്ട് ബീജ പത്രങ്ങളാണ് ഉള്ളത്.<br><br>ഘട്ടം 2 –<br>നെല്ല്, പയർ, നിലക്കടല, ഗോതമ്പ്, തിന, ചോളം എന്നിവയിൽ ഏതൊക്കെയാണ് ഏക ബീജ പത്ര സസ്യങ്ങൾ, ദ്വിബീജ പത്ര സസ്യങ്ങൾ? എന്ന പ്രശ്നം അവതരിപ്പിക്കുന്നു<br><br>• കുട്ടികൾ ഊഹം രേഖപ്പെടുത്തുന്നു.<br><br>• ഗ്രൂപ്പിൽ പ്രവർത്തന ക്രമം ആസൂത്രണം ചെയ്യുന്നു.<br><br>• അവതരണം-ക്രോഡീകരണം.<br><br>വാവട്ടമുള്ള കുപ്പിയിൽ വെള്ളപേപ്പർ ഒരു വളയം പോലെ ചുരുട്ടി ഇറക്കിവയ്ക്കുക. ഇറക്കിവച്ച വെള്ളപേപ്പർ കുപ്പിയുടെ വശങ്ങിലേക്ക് ചേർന്നിരിക്കത്തക്ക വിധം പേപ്പർ റോളിനുള്ളിൽ നനഞ്ഞ പഞ്ഞിയോ നനഞ്ഞ കടലാസുകഷണങ്ങളോ നിറയ്ക്കുക. വേഗത്തിൽ മുളക്കുന്ന വിവിധതരം വിത്തുകൾ ( നെല്ല്, പയർ, നിലക്കടല, ഗോതമ്പ്, തിന, ചോളം)ഏതാനും | |

| | |
|---|---|
| മണിക്കൂർ വെള്ളത്തിൽ കുതിർത്തശേഷം കുപ്പിക്കും റോൾ പേപ്പറിനും ഇടയിൽ വിതറുക. കുപ്പി വെളിച്ചം നേരിയ തോതിൽ ലഭിക്കത്തക്കവണ്ണം ജനലിനരികിൽ വയ്ക്കുക. ഉറുമ്പോ മറ്റു പ്രാണികളോ കയറാതിരിക്കാൻ വെള്ളം നിറച്ച ഒരു പ്ളേറ്റിൽ കുപ്പി വയ്ക്കുകയും വായ്ഭാഗം ചെറിയ കണ്ണികൾ ഉള്ള വല കൊണ്ട് മൂടുകയും ചെയ്യുക.<br>നിരീക്ഷിക്കേണ്ട കാര്യങ്ങൾ<br>• വിത്തിൽ നിന്ന് ആദ്യം മുളച്ച് വരുന്നത് എന്ത്?<br>• ആദ്യം പുറത്തെത്തുന്ന ഭാഗം എന്തായിത്തീരുന്നു?<br>• വേര് ഏത് ദിശയിലേക്ക് വളരുന്നു?<br>• കാണ്ഡം മുളച്ചു വന്നത് എപ്പോൾ?<br>• എല്ലാ ചെടികളിലും കട്ടിയുള്ള രണ്ട് ഇലകൾ പോലുള്ള ഭാഗങ്ങൾ കണ്ടുവോ?<br>• കട്ടിയുള്ള ഇലകളുടെ പോലുള്ള ഭാഗങ്ങൾ ചെടി വളരുന്നതിനനുസരിച്ച് വളർന്നുവോ?<br>• പ്രവർത്തനം നടപ്പിലാക്കുന്നു<br>• ഇടക്കാല വിലയിരുത്തൽ നടത്തുന്നു<br>• പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു<br>• പ്രോജക്ട് റിപ്പോർട്ട് ഘടന പരിചയപ്പെടുത്തുന്നു<br>• പ്രോജക്ട് അവതരണം | |

വിലയിരുത്തൽ : ബീജ പത്രങ്ങളുടെ എണ്ണത്തിനനുസരിച്ച് വിത്തുകൾ ഏത്രതരം, ഏതെല്ലാം ഓരോന്നിനും രണ്ട് ഉദാഹരണം എഴുതുക.

തുടർ പ്രവർത്തനങ്ങൾ : പരിസര പ്രദേശത്തെ സസ്യങ്ങൾ നിരീക്ഷിച്ച് ഏക ബീജപത്ര സസ്യങ്ങൾ ദ്വിബീജ പത്ര സസ്യങ്ങൾ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 3 സ്വാതന്ത്ര്യത്തിലേയ്ക്ക്

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഭാരതത്തിന്റെ ദുരവസ്ഥകൾ വിശദീകരിക്കുന്നു. | സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതം വീഡിയോ നിരീക്ഷണം,കുറിപ്പ് തയാറാക്കൽ | ഗാന്ധിജിയുടെ തിരിച്ചുവരവ് വീഡിയോ, കൊളാഷ് | സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യൻ ജനത വലിയ ദുരിതങ്ങൾ അനുഭവിച്ചിരുന്നു | കുറിപ്പ് | ദക്ഷിണാഫ്രിക്കയിൽ നിന്നും തിരിച്ചുവന്ന ഗാന്ധിജി ഇന്ത്യയിൽ കണ്ട കാഴ്ചകൾ | 120 |
| 2 | ഗാന്ധിജിയുടെ മഹത്തായ സ്വഭാവ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. | കുറ്റസമ്മതം | ഗാന്ധിജിയുടെ ബാല്യകാല അനുഭവക്കുറിപ്പ് | ലോകമെമ്പാടും ആദരിക്കപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മുടെ രാഷ്ട്രപിതാവ്. അഹിംസയിലൂന്നിയ സത്യാഗ്രഹം ഗാന്ധിജിയുടെ സമര രീതിയാണ് | കുറിപ്പ് | ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃനിരയിൽ ഗാന്ധിജി എത്തിച്ചേർന്നത് എങ്ങനെ | 120 |
| 3 | ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തി പറയുന്നു. | ചമ്പാരൻ സമരം, അഹമ്മദാബാദ് തുണിമിൽ സമരം, ഖേഡാ സമരം | റീഡിങ് മെറ്റീരിയൽ - ചമ്പാരൻ സമരം ,തുണിമിൽ സമരം, ഖേഡാ സമരം വീഡിയോ | ചമ്പാരൻ സമരം, ഖേഡാ സമരം, അഹമ്മദാബാദ് തുണിമിൽ സമരം എന്നിവ ഗാന്ധിജി നേതൃത്വം നൽകിയ ആദ്യകാല സമരങ്ങളാണ് | കുറിപ്പുകൾ | ചമ്പാരൻ സമരം തുണിമിൽ സമരം, ഖേഡാ സമരം എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു | 120 |
| 4 | ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.<br><br>ഉപ്പുസത്യാഗ്രഹത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.<br>ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു. | ക്വിറ്റിന്ത്യാ സമരം, ലോക അഹിംസാ ദിനം | ക്വിറ്റിന്ത്യാ സമരം | ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച പ്രധാന സമരമാണ് ക്വിറ്റിന്ത്യാ സമരം | കുറിപ്പ് | ആഗസ്റ്റ് 9 നാം എന്തുകൊണ്ടാണ് ക്വിറ്റ് ഇന്ത്യ ദിനമായി ആചരിക്കുന്നത് | 60 |
| 5 | ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷ്കാർ നടത്തിയ ക്രൂരതകളെ വിശദീകരിക്കുന്നു. | ജാലിയൻവാലാബാഗ് കൂട്ടക്കൊല, നിസ്സഹകരണ പ്രസ്ഥാനം, സമരം കേരളത്തിലും | വീഡിയോ - ജാലിയൻവാലാബാഗ് കൂട്ടക്കൊല, പ്രസന്റേഷൻ- നിസ്സഹകരണ പ്രസ്ഥാനം | ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ക്രൂരമായ നടപടികളാണ് സ്വീകരിച്ചത്. | കുറിപ്പുകൾ | സ്വാതന്ത്ര്യ സമരങ്ങളെ ബ്രിട്ടീഷുകാർ നേരിട്ടതെങ്ങനെ തുടർന്നുണ്ടായ സമരരീതി എന്തായിരുന്നു) | 120 |

**പഠനനേട്ടം : സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഭാരതത്തിന്റെ ദുരവസ്ഥകൾ വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതം വീഡിയോ നിരീക്ഷണം,കുറിപ്പ് തയാറാക്കൽ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ലോകമെമ്പാടും ആദരിക്കപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മുടെ രാഷ്ട്രപിതാവ്. അഹിംസയിലൂന്നിയ സത്യാഗ്രഹം ഗാന്ധിജിയുടെ സമര രീതിയാണ് സത്യാഗ്രഹം
പഠന സാമഗ്രികൾ: ഗാന്ധിജിയുടെ തിരിച്ചുവരവ് വീഡിയോ, കൊളാഷ്
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തന ഘട്ടം 1<br>പാഠപുസ്തകത്തിലെ പേജ് 30 ഗാന്ധിജിയുടെ തിരിച്ചുവരവ് അധ്യാപിക വായിക്കുന്നു<br>ഗാന്ധിജിയുടെ തിരിച്ചുവരവ് വീഡിയോ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽനിന്നും തിരിച്ചു വരുന്ന സമയത്ത് ഇന്ത്യ ഭരിച്ചിരുന്നത് ആര്?<br>ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഇന്ത്യയുടെ അവസ്ഥ എന്തായിരുന്നു- പ്രതികരണം<br>ഘട്ടം2<br>പാഠപുസ്തകം പേജ് 31കൊളാഷ് പ്രദർശിപ്പിക്കുന്നു/താഴെകൊടുത്തിരിക്കുന്നവ വായിക്കുന്നു.<br>ദേശഭക്തിഗാനങ്ങൾ ആലപിച്ചതിന് സ്കൂൾ കുട്ടികളെ ശിക്ഷിച്ചു<br>കരകൗശല തൊഴിലാളികളും നെയ്ത്തുകാരും പട്ടിണിയിലായി<br>കർഷകരുടെ ജീവിതം ദുരിതപൂർണം<br>നികുതികൾ വർധിപ്പിച്ചു പുതിയ നികുതികൾ ഏർപ്പെടുത്തി<br>ദേശഭക്തിഗാനം പ്രസിദ്ധീകരിച്ചതിന് പത്രാധിപരെ വഴിയോരത്തെ മരത്തിൽ കെട്ടി തൂക്കി കൊന്നു<br>ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>നികുതി ഏർപ്പെടുത്താനും വർധിപ്പിക്കാനുമുള്ള അധികാരം ആർക്കായിരുന്നു?<br>കർഷകരുടെ അവസ്ഥ എന്തായിരുന്നു?<br>തൊഴിലാളികളുടെ ജീവിതം എങ്ങനെയായിരുന്നു?<br>ദേശസ്നേഹം, പത്രസ്വാതന്ത്ര്യം എന്നിവയോട് ബ്രിട്ടീഷുകാരുടെ സമീപനം എന്തായിരുന്നു<br>ബ്രിട്ടീഷുകാരുടെ ഭരണകാലത്തെ ഇന്ത്യയുടെ അവസ്ഥ കുറിപ്പ് തയ്യാറാക്കുന്നു<br>കുറിപ്പിൽ വരേണ്ടത് - (നികുതി, കർഷകരുടെ അവസ്ഥ, തൊഴിലാളികളുടെ അവസ്ഥ, ദേശസ്നേഹം, പത്രസ്വാതന്ത്ര്യം) | |

വിലയിരുത്തൽ : ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃനിരയിൽ ഗാന്ധിജി എത്തിച്ചേർന്നത് എങ്ങനെ
റഫറൻസ് : കുട്ടികളുടെ മഹാത്മാഗാന്ധി,എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ

തുടർ പ്രവർത്തനങ്ങൾ : ഗാന്ധിജിയെക്കുറിച്ച് കുടുതലറിയാൻ പുസ്തകങ്ങൾ വായിക്കുന്നു.
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഗാന്ധിജിയുടെ മഹത്തായ സ്വഭാവ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : കുറ്റസമ്മതം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ലോകമെമ്പാടും ആദരിക്കപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മുടെ രാഷ്ട്രപിതാവ്. അഹിംസയിലൂന്നിയ സത്യാഗ്രഹം ഗാന്ധിജിയുടെ സമര രീതിയാണ്

പഠന സാമഗ്രികൾ: ഗാന്ധിജിയുടെ ബാല്യകാല അനുഭവക്കുറിപ്പ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്

തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തന ഘട്ടം 1<br><br>ഹാൻഡ് ബുക്കിലെ പേജ് 119 ഗാന്ധിജിയുടെ കുറ്റസമ്മതം- ടീച്ചർ വായിക്കുന്നു<br><br>അച്ഛന്റെ കണ്ണ് നിറഞ്ഞത് എന്തുകൊണ്ട്?<br><br>കൊച്ചു ഗാന്ധി വാവിട്ട് കരഞ്ഞത് എന്ത് കൊണ്ടായിരിക്കും?<br><br>കുട്ടികൾ പ്രതികരിക്കുന്നു.<br><br>ഘട്ടം2<br><br>പാഠപുസ്തകം പേജ് 31 കുട്ടികൾ വായിക്കുന്നു.ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br><br>ഗാന്ധിജിയുടെ മഹത്തായ സ്വഭാവ സവിശേഷതകൾ എന്തൊക്കെയായിരുന്നു?<br><br>ഗാന്ധിജിയുടെ പിന്നിൽ വൻതോതിൽ ജനങ്ങൾ അണിനിരന്നത് എന്തുകൊണ്ട്?<br><br>ഗാന്ധിജി മുന്നോട്ടുവച്ച സമരരീതി ഏതാണ്?<br><br>സത്യാഗ്രഹം എന്നതിലൂടെ ഗാന്ധിജി മുന്നോട്ടു വച്ചത് എന്തൊക്കെയായിരുന്നു?<br><br>ഗാന്ധിജിയുടെ സ്വഭാവ സവിശേഷതകളും സമരരീതികളും- കുറിപ്പ് തയ്യാറാക്കുന്നു. വ്യക്തിഗതം/ ഗ്രൂപ്പ് പൊതു അവതരണം.<br><br>കുറിപ്പിൽ (ഗാന്ധിജിയുടെ സത്യസന്ധത, ലളിത ജീവിതം, ഹൃദ്യമായ സംസാരം, | |

| | |
|---|---|
| അഹിംസ, സത്യാഗ്രഹം) | |

വിലയിരുത്തൽ : ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃനിരയിൽ ഗാന്ധിജി എത്തിച്ചേർന്നത് എങ്ങനെ
തുടർ പ്രവർത്തനങ്ങൾ : ഗാന്ധിജിയെക്കുറിച്ച് കുടുതലറിയാന് പുസ്തകങ്ങള് വായിക്കുന്നു.

റഫറൻസ് :കുട്ടികളുടെ മഹാത്മാഗാന്ധി

എന്റെ സത്യാന്വേഷണപരീക്ഷണങ്ങള്
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തി പറയുന്നു.**

പ്രവർത്തനത്തിന്റെ പേര് : ചമ്പാരൻ സമരം, അഹമ്മദാബാദ് തുണിമിൽ സമരം, ഖേഡാ സമരം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ചമ്പാരൻ സമരം, ഖേഡാ സമരം, അഹമ്മദാബാദ് തുണിമിൽ സമരം എന്നിവ ഗാന്ധിജി നേതൃത്വം നൽകിയ ആദ്യകാല സമരങ്ങളാണ്
പഠന സാമഗ്രികൾ: റീഡിങ് മെറ്റീരിയൽ - ചമ്പാരൻ സമരം ,തുണിമിൽ സമരം, ഖേഡാ സമരം
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പുകൾ
തീയതി : .................................... സമയം :120

| പ്രവർത്തനം | പ്രതികരണം |
|---|---|
| **ഘട്ടം 1**<br>ബ്രിട്ടീഷുകാർ ബീഹാറിലെ കർഷകരെ എങ്ങനെയാണ് ചൂഷണം ചെയ്തത്?. ഇതിനെതിരെ നടത്തിയ സമരപരിപാടി എന്തായിരുന്നു?<br>പാഠപുസ്തകം പേജ് 31- ആദ്യസമരം കർഷകർക്കായി-<br>വിശകലനം ചെയ്യുന്നു - ചമ്പാരൻ സമരം പ്രസന്റേഷൻ നടത്തുന്നു.അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.<br>കൃഷി സ്ഥലം ആരുടേതായിരുന്നു?<br>നീലത്തിന്റെ വില നിശ്ചയിച്ചിരുന്നത് ആരായിരുന്നു?<br>കർഷകർ എങ്ങനെയാണ് കടക്കാരായത്?<br>കർഷകരുടെ ദുരിതം അവസാനിപ്പിക്കാൻ ഗാന്ധിജി എന്താണ് ചെയ്തത്?<br>ഈ സമരം ഏതു പേരിലാണ് അറിയപ്പെട്ടത്?<br>ചമ്പാരൻ സമരത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം/ ഗ്രൂപ്പ്<br>കുറിപ്പിൽ - (ചമ്പാരൻ ഗ്രാമം, നീലം കൃഷി, വില നിശ്ചയിക്കൽ, കർഷകരുടെ കടം, ഗാന്ധിജിയുടെ നേതൃത്വത്തിലെ സമരം )<br>ഘട്ടം2<br>അഹമ്മദാബാദ് തുണിമിൽ സമരത്തിൽ ഗാന്ധിജിയുടെ ഇടപെടൽ എങ്ങനെ ആയിരുന്നു?<br>കുട്ടികളെ ഗ്രൂപ്പാക്കുന്നു.ഗ്രൂപ്പിൽ റീഡിങ് മെറ്റീരിയൽ നല്കുന്നു( H.B page 118. അഹമ്മദാബാദ് തുണിമില്ല് സമരം )<br>ചർച്ച സൂചകങ്ങൾ | |

| | |
|---|---|
| ആരൊക്കെ തമ്മിലായിരുന്നു തർക്കം?<br>എന്തിനുവേണ്ടിയായിരുന്നു തർക്കം?<br>ഗാന്ധിജിയുടെ നിർദ്ദേശം എന്തായിരുന്നു?<br>സമരം എങ്ങനെ ആയിരുന്നു?<br>സമരം എങ്ങനെഅവസാനിച്ചു?<br>അഹമ്മദാബാദ് തുണിമിൽ സമരം കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം /ഗ്രൂപ്പ് /പൊതു അവതരണം<br>കുറിപ്പിൽ (നടന്ന വർഷം ,മില്ലുടമകൾ, തൊഴിലാളികൾ, ഗാന്ധിജിയുടെ നിർദ്ദേശം, മരണം വരെ സമരം ,35% കൂലിവർധന)<br>**ഘട്ടം3**<br>ഖേഡാ സമരം<br>ഖേഡാ സമരം എന്തിനായിരുന്നു ?എങ്ങനെ അവസാനിച്ചു?<br>ഗ്രൂപ്പിൽ റീഡിങ് മെറ്റീരിയൽ നല്കുന്നു.(H.B page 119 . ഖേഡാ സമരം)<br>ചർച്ച **സൂചകങ്ങൾ**<br>ഖേഡാ സമരം നടന്നത് എവിടെ എന്ന്?<br>എന്തിനായിരുന്നു സമരം?<br>ഗാന്ധിജിയുടെ നിർദേശം എന്തായിരുന്നു?<br>സമരം എങ്ങനെ അവസാനിച്ചു?<br>ഖേഡാ സമരം കുറിപ്പ് തയ്യാറാക്കുന്നു. വ്യക്തിഗതം/ ഗ്രൂപ്പ് പൊതു അവതരണം<br>കുറിപ്പിൽ (വർഷം 1918, ഗുജറാത്തിലെ ഖേഡാ, കൃഷിനാശം, നികുതി ഇളവ് ഇല്ല.നികുതി നൽകാൻ കഴിവുള്ളവർ മാത്രം നികുതി അടവ്) | |

വിലയിരുത്തൽ : ചമ്പാരൻ സമരം തുണിമിൽ സമരം, ഖേഡാ സമരം എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു

തുടർ പ്രവർത്തനങ്ങൾ :വിലയിരുത്തൽ- പട്ടിക പൂർത്തിയാക്കൽ TB page 32

| സമരങ്ങൾ | പ്രത്യേകതകൾ |
|---|---|
| ചമ്പാരൻ | |
| അഹമ്മദാബാദ് | |
| ഖേഡാ | |

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷ്കാർ നടത്തിയ ക്രൂരതകളെ വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ജാലിയൻവാലാബാഗ്

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ക്രൂരമായ നടപടികളാണ് സ്വീകരിച്ചത്.

പഠന സാമഗ്രികൾ: വീഡിയോ -ജാലിയൻവാലാബാഗ് കൂട്ടക്കൊല,പ്രസന്റേഷൻ- നിസ്സഹകരണ പ്രസ്ഥാനം

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പുകൾ

തീയതി : .................................... സമയം :120

| **പ്രവർത്തനം** | **പ്രതികരണം** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ജാലിയൻവാലാബാഗ് കൂട്ടക്കൊല വീഡിയോ പ്രദർശനം - ഹാൻഡ് ബുക്ക് 115 ടീച്ചർ | |

| | |
|---|---|
| വായിക്കുന്നു.ചോദ്യങ്ങൾ ചോദിക്കുന്നു.<br>ബ്രിട്ടീഷുകാർ സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നേരെ വെടിവെച്ചത് എന്തിനാണ്?<br>ജനങ്ങൾക്ക് രക്ഷപ്പെടാൻ കഴിയാഞ്ഞതെന്തുകൊണ്ട്?<br>വെടി വെയ്ക്കാൻ ഉത്തരവിട്ടതാരാണ്?<br>വെടിവെപ്പിന് നേതൃത്വം നല്കിയത് ആരാണ്?<br>ഉദ്ധം സിംഗ് എങ്ങനെയാണ് പ്രതികാരം വീട്ടിയത്?<br>പാഠപുസ്തകം വിശകലനം നടത്തുന്നു<br>ജാലിയൻവാലാബാഗ് കുറിപ്പ് തയ്യാറാക്കുന്നു<br>കുറിപ്പിൽ -(സ്ഥലം, സമ്മേളനം നടന്നതിന്റെ കാരണം, വെടിവയ്ക്കാൻ ഉത്തരവിട്ടത്, നേതൃത്വം നൽകിയത് ,ജനങ്ങളുടെ ദയനീയഅവസ്ഥ,ഉദ്ധം സിംഗിന്റെ പ്രതികാരം)<br>ഘട്ടം 2<br>ജാലിയൻവാലാബാഗ് സംഭവത്തിനുശേഷം ഗാന്ധിജി ആഹ്വാനം ചെയ്ത സമരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു<br>നിസ്സഹരണ സമരത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>എന്തൊക്കെ ഉപേക്ഷിക്കാനാണ് ഗാന്ധിജി പ്രേരിപ്പിച്ചത്?<br>എന്തൊക്കെ പ്രചരിപ്പിക്കാനാണ് ഗാന്ധിജി നിർദ്ദേശിച്ചത്?<br>കേരളത്തിലെ നിസ്സഹരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം?<br>ഗാന്ധിജിയുടെ വരവ് നിസ്സഹരണ പ്രസ്ഥാനത്തെ എങ്ങനെ സ്വാധീനിച്ചു.<br>കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ പാഠപുസ്തകതതിലെ നിസ്സഹകരണ പ്രസ്ഥാനം ,സമരം കേരളത്തിലും എന്നിവ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുന്നു<br>പൊതു അവതരണം<br>കുറിപ്പിൽ<br>നിസ്സഹരണ പ്രസ്ഥാനം ആരംഭിക്കാൻ ഉണ്ടായ കാരണം, നിസ്സഹകരണ മേഖലകൾ,ഉപേക്ഷിക്കുന്നവ, പ്രചരിപ്പിക്കുന്നവ | |

വിലയിരുത്തൽ : സ്വാതന്ത്ര്യ സമരങ്ങളെ ബ്രിട്ടീഷുകാർ നേരിട്ടതെങ്ങനെ, തുടർന്നുണ്ടായ സമരരീതി എന്തായിരുന്നു?
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഉപ്പുസത്യാഗ്രഹത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ദണ്ഡിയാത്ര
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്വാതന്ത്ര്യസമരത്തിലെ വലിയ ആവേശം പകർന്ന ഒന്നാണ് ഉപ്പുസത്യഗ്രഹം. ഈ സമരം കേരളത്തിലേക്കും വ്യാപിച്ചു.
സ്വാതന്ത്ര്യസമര ഗാനങ്ങൾ സമരത്തിന് ആവേശം പകർന്നു
പഠന സാമഗ്രികൾ: വീഡിയോ- ഉപ്പ് നിർമ്മാണം,ദണ്ഡിയാത്ര
ഓഡിയോ - സ്വാതന്ത്ര്യ സമര ഗാനങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം :`120 മിനിട്ട്

| പ്രവർത്തനം | |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ഉപ്പു നിർമ്മാണം വീഡിയോ പ്രദർശിപ്പിക്കുന്നു.അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>ഉപ്പ് ലഭിച്ചില്ലെങ്കിൽ എന്ത് സംഭവിക്കും.?<br>ബ്രിട്ടീഷ് ഭരണകാലത്ത് നികുതി നൽകാതെ ഉപ്പ് കുറുക്കിയാൽ എന്ത് ശിക്ഷയാണ് ലഭിച്ചിരുന്നത്?<br>ബ്രിട്ടീഷ് തീരുമാനത്തിനെതിരെ ഗാന്ധിജി എന്ത് മുന്നറിയിപ്പാണ് നൽകിയത്?<br>ഉപ്പിന്റെ നികുതിക്കെതിരെ ഗാന്ധിജി എന്താണ് ചെയ്തത്?<br>പാഠപുസ്തകം പേജ് 35 ദണ്ഡിയാത്ര കുട്ടികൾ വായിക്കുന്നു.<br>ദണ്ഡിയാത്ര വീഡിയോ പ്രദർശനം.<br>അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>ദണ്ഡിയാത്ര എവിടെ നിന്നാണ് ആരംഭിച്ചത്?<br>ദണ്ഡിയാത്രയ്ക്ക് മുമ്പ് ഗാന്ധിജി ജനങ്ങളോട് എന്താണ് പറഞ്ഞത്?<br>കുറുക്കിയെടുത്ത ഉപ്പ് വാരിക്കൊണ്ട് ഗാന്ധിജി എന്താണ് പറഞ്ഞത്<br>ദണ്ഡിയാത്രയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം, ഗ്രൂപ്പിൽ<br>ക്രോഡീകരണം- (സ്ഥലം, തീയതി, ദൂരം, ഗാന്ധിയുടെ വാക്കുകൾ.......)<br>**ഘട്ടം2**<br>കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നൽകിയതാര്?<br>എവിടെയാണ് സത്യഗ്രഹം നടന്നത്?<br>സത്യഗ്രഹികൾ ഏത് ഗാനമാണ് ആലപിച്ചത്<br>പാഠപുസ്തകം പേജ് 36 കേരളവും ഉപ്പുസത്യഗ്രഹവും കുട്ടികൾ വായിക്കുന്നു.<br>കേരളത്തിലെ ഉപ്പു സത്യാഗ്രഹം കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം/ ഗ്രൂപ്പ്<br>**ക്രോഡീകരണം**<br>(സ്ഥലം, നേതൃത്വം നൽകിയത്, അനുഭവിച്ച യാതനകൾ)<br>**ഘട്ടം 3**<br>വരിക വരിക......<br>വന്ദേമാതരം.......<br>ഓഡിയോ കേൾപ്പിക്കുന്നു<br>സംഘമായി പാടുന്നു | |

വിലയിരുത്തൽ : ഇന്ത്യയിൽ ഉപ്പു നിയമം ലംഘിക്കപ്പെട്ടത് എങ്ങനെയാണ്
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന മറ്റു പോരാട്ടങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നു. കേരളത്തിലെ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു
മലബാർ കലാപം, വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, പഴശ്ശി യുദ്ധം)
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ക്വിറ്റിന്ത്യാ സമരം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച പ്രധാന സമരമാണ് ക്വിറ്റിന്ത്യാ സമരം
പഠന സാമഗ്രികൾ: ക്വിറ്റിന്ത്യാ സമരം വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ക്വിറ്റിന്ത്യാ സമരം വീഡിയോ പ്രദർശനം<br>.അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>ആരാണ് ക്വിറ്റിന്ത്യാ പ്രമേയം അവതരിപ്പിച്ചത്?<br>ക്വിറ്റ് ഇന്ത്യ എന്ന പദം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?<br>പുതിയ സമരരീതിയെ കുറിച്ച് ഗാന്ധിജി എന്താണ് പറഞ്ഞത്?<br>ഗാന്ധിജിയുടെ സമരാഹ്വാനം എന്തായിരുന്നു?<br>എന്നാണ് നാം ക്വിറ്റ് ഇന്ത്യ ദിനമായി ആചരിക്കുന്നത്?<br>പാഠപുസ്തകം പേജ് 17 ക്വിറ്റ് ഇന്ത്യ വായിക്കുന്നു<br>ക്വിറ്റ് ഇന്ത്യ-കുറിപ്പ് തയ്യാറാക്കുന്നു വ്യക്തിഗതം/ ഗ്രൂപ്പ്<br>കുറിപ്പിൽ - (ക്വിറ്റ്ഇന്ത്യ പ്രമേയം, ഗാന്ധിജിയുടെ സമരാഹ്വാനം, സമരത്തിലെ പങ്കാളിത്തം, കിറ്റിന്ത്യ ദിനാചരണം)<br>**ഘട്ടം2**<br>ലോക അഹിംസാ ദിനം എന്നാണ്?<br>ആരുടെ ഓർമ്മയ്ക്കാണ് അഹിംസ ദിനാചരണം നടത്തുന്നത്?<br>എന്തുകൊണ്ടാണ് ഐക്യരാഷ്ട്രസഭ ഗാന്ധിജിയുടെ ജന്മദിനത്തെ ലോക അഹിംസാദിനമായി പ്രഖ്യാപിച്ചത്?<br>- ഗാന്ധിജിയും അഹിംസയും -കുറിപ്പ് തയാറാക്കുന്നു.<br>(ഗാന്ധിജിയുടെ ജീവിത രീതി, സഹനസമരങ്ങൾ സത്യാഗ്രഹ രീതികൾ...... സമരങ്ങൾ) | |

വിലയിരുത്തൽ : ആഗസ്റ്റ് 9 നാം എന്തുകൊണ്ടാണ് ക്വിറ്റ് ഇന്ത്യ ദിനമായി ആചരിക്കുന്നത്
തുടർ പ്രവർത്തനങ്ങൾ : സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട മുദ്രാവാക്യങ്ങൾ ശേഖരിക്കൽ
റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 4 പക്ഷികളുടെ കൗതുക ലോകം

| നമ്പർ | പഠന നേട്ടം | പ്രവർത്തനം | സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | ചുറ്റുമുള്ള പക്ഷികളെ പട്ടികപ്പെടുത്തുന്നു | നമുക്കു ചുറ്റുമുള്ള പക്ഷികളുടെ പേര് പട്ടികപ്പെടുത്തൽ | പക്ഷികളുടെ ചിത്രങ്ങൾ പക്ഷികളുടെ പേരെഴുതിയ നറുക്ക് | നമുക്കു ചുറ്റും പല തരത്തിലുള്ള പക്ഷികളുണ്ട് | പക്ഷികളുടെ പേരെഴുതിയപട്ടിക, പക്ഷികളുടെ ചിത്രങ്ങൾ ഒട്ടിച്ച ആൽബം | പക്ഷികളുടെ പൊതുവായ പ്രത്യേകതകൾ എന്തെല്ലാം? | 60 |
| 2 | കൂടുകൾ, വാസസ്ഥലം, ആകൃതി എന്നിവയിൽ പക്ഷികൾ വൈവിധ്യംപുലർത്തുന്നുവെന്ന് കണ്ടെത്തി പറയുന്നു | പക്ഷികളുടെ കൂടുകൾ നിരീക്ഷിക്കുന്നു.ദേശാടനപക്ഷികളെ കണ്ടെത്തുന്നു | തൂക്കണാം കുരുവിയുടെ കൂടു നിർമ്മാണം വീഡിയോ - വാസസ്ഥലംവീഡിയോ (കാക്ക, തത്ത, അങ്ങാടി കുരുവി,, കുരുവി, പൊന്മാൻ ) - ദേശാടന പക്ഷികളുടെ വീഡിയോ | പക്ഷികളുടെ കൂടുകൾ വൈവിധ്യമുള്ളവയാണ് | പക്ഷികളും വാസസ്ഥലവും പട്ടിക, ദേശാടന പക്ഷികൾ കുറിപ്പ് | പക്ഷികൾ എന്തിനാണ് ദേശാടനം നടത്തുന്നത് | 90 |
| 3 | സഞ്ചാര രീതി, ആഹാര സമ്പാദന രീതി എന്നിവയ്ക്കനുസരിച്ച് പക്ഷികളുടെ ശാരീരിക പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു | പക്ഷികളുടെ സഞ്ചാരം ആഹാരം പട്ടികപ്പെടുത്തൽ | വീഡിയോ (വാൾ കൊക്ക്, തേൻ കുരുവി, കാട്ടു താറാവ്, വർണ്ണ കൊക്ക്, താമരക്കോഴി, തത്ത) കടലാസ്, ഓല | പക്ഷികൾക്ക് ആഹാര സമ്പാദനം, ആവാസ കേന്ദ്രം, സഞ്ചാരം എന്നിവയ്ക്കനുസരിച്ചുള്ള ശാരീരിക പ്രത്യേകതകൾ ഉണ്ട്. | പക്ഷികളുടെ ശാരീരിക പ്രത്യേകതകളും അനുകൂലനങ്ങളും പട്ടിക | ഏതെങ്കിലും രണ്ടു പക്ഷികളുടെ സഞ്ചാരത്തിനും ആഹാര സമ്പാദനത്തിനും അനുയോജ്യമായ ശാരീരിക പ്രത്യേകതകൾ കണ്ടെത്തി എഴുതുന്നു. | 120 |
| 4 | പക്ഷി നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | പക്ഷി നിരീക്ഷണം, കുറിപ്പ് തയ്യാറാക്കൽ പതിപ്പ് തയ്യാറാക്കൽ | പക്ഷികളെക്കുറിച്ചുള്ള പുസ്തകങ്ങൾ | പക്ഷിലോകത്തെ വൈവിധ്യം ആസ്വദിക്കാൻ | പക്ഷി നിരീക്ഷണക്കുറിപ്പ്, പതിപ്പ് | കേരളത്തിൽ സാധാരണയായി കാണാറുള്ള | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കഴിയും | | പക്ഷികൾ ഏതെല്ലാം | |
| 5 | പക്ഷികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു | വിത്തു വിതരണത്തിൽ പക്ഷികൾ,കീട നിയന്ത്രണം, വംശ നാശം. പക്ഷി സംരക്ഷണം | വീഡിയോ - കാക്ക, തത്ത, ഇവ പഴം കൊത്തികൊണ്ട് പോകുന്നത്. മൂങ്ങ, പരുന്ത്, ഫ്ലൈകാച്ചർ എന്നിവ ഇര പിടിക്കുന്നത്<br>ചിത്രം - ഡോഡോ പക്ഷി, കാൽവരിയാ മേജർ | പക്ഷികളുടെ പരിസ്ഥിതി പ്രാധാന്യം തിരിച്ചറിയുന്നു | കുറിപ്പുകൾ | സസ്യ വൈവിധ്യം നിലനിൽക്കുന്നതിൽ പക്ഷികളുടെ പങ്ക് എന്താണ് | 120 |
| 6 | വളർത്തു പക്ഷികളെ കൊണ്ടുള്ള പ്രയോജനങ്ങൾ പട്ടികപ്പെടുത്തുന്നു | വളർത്തു പക്ഷികൾ | വീഡിയോ - ഇറച്ചി ക്കോഴി, മുട്ടക്കോഴി, പ്രാവ്, തത്ത, ലൗബേർഡ്സ് എന്നിവ വളർത്തൽ | ആഹാരത്തിനും വിനോദത്തിനുമായി പക്ഷികളെ വളർത്താറുണ്ട്. | കുറിപ്പ്, തൂവൽ ആൽബം | പക്ഷികളെ വളർത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം? | 60 |

**പഠനനേട്ടം : ചുറ്റുമുള്ള പക്ഷികളെ പട്ടികപ്പെടുത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : നമുക്ക് ചുറ്റുമുള്ള പക്ഷികൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമുക്കു ചുറ്റും പല തരത്തിലുള്ള പക്ഷികളുണ്ട്
പഠന സാമഗ്രികൾ: പക്ഷികളുടെ ചിത്രങ്ങൾ, പക്ഷികളുടെ പേരെഴുതിയ നറുക്ക്
പ്രതീക്ഷിത ഉല്പന്നങ്ങൾ: പക്ഷികളുടെ പേരെഴുതിയ പട്ടിക, പക്ഷികളുടെ ചിത്രങ്ങൾ ഒട്ടിച്ച ആൽബം
തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| കുട്ടികൾക്കറിയാവുന്ന പക്ഷികളുടെ പേരെഴുതാൻ ആവശ്യപ്പെടുന്നു.<br>റഫറൻസ് പുസ്തകങ്ങളിൽ നിന്ന് അവയെ കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്തുന്നു.<br>ഘട്ടം- 1<br>കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു<br>പക്ഷികളുടെ പേരെഴുതിയ നറുക്ക് ഓരോ ഗ്രൂപ്പും ഒന്ന് വീതം എടുക്കുന്നു നറുക്കിൽ (കുയിൽ, പ്രാവ്, മയിൽ, തത്ത, കോഴി, താറാവ്, കൊക്ക്, കാക്ക)<br>ലഭിച്ച നറുക്കിലെ പക്ഷിയുടെ പ്രത്യേകത പറയുന്നു. (നിറം, ആകൃതി, ശബ്ദം വളർത്തുന്നത്, അല്ലാത്തത്) . മറ്റ് ഗ്രൂപ്പ് പക്ഷിയുടെ പേര് കണ്ടെത്തി പറയുന്നു.<br>കളി ആവർത്തിക്കുന്നു ഗ്രൂപ്പിൽ പരിചിതമായ പക്ഷികളുടെ പേര് ലിസ്റ്റ് ചെയ്യുന്നു.<br>പൊതു അവതരണം BB യിൽ ലിസ്റ്റ് ചെയ്യുന്നു<br>ടീച്ചർ ഹാൻഡ് ബുക്ക് പേജ് 128 ലെ പക്ഷികളുടെ പേരുകൾ (ICT ചിത്രം) പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ നിരീക്ഷിക്കുന്നു. പേര് കൂട്ടിച്ചേർക്കുന്നു. | |

വിലയിരുത്തൽ : പക്ഷികളുടെ പൊതുവായ പ്രത്യേകതകൾ എന്തെല്ലാം
റഫറൻസ് : പക്ഷികൾ H&C ബുക്സ് വില 20
തുടർ പ്രവർത്തനങ്ങൾ : പക്ഷികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കൂടുകൾ , വാസസ്ഥലം, ആകൃതി എന്നിവയിൽ പക്ഷികൾ വൈവിധ്യം പുലർത്തുന്നുവെന്ന് കണ്ടെത്തി പറയുന്നു**

പ്രവർത്തനത്തിന്റെ പേര് : വാസസ്ഥലം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പക്ഷികൾക്ക് ആഹാര സമ്പാദനം, ആവാസ കേന്ദ്രം, സഞ്ചാരം എന്നിവയ്ക്കനുസരിച്ചിട്ടുള്ള ശാരീരിക പ്രത്യേകതകൾ ഉണ്ട്. പക്ഷികളുടെ കൂടുകൾ വൈവിധ്യമുള്ളവയാണ്
പഠന സാമഗ്രികൾ: തൂക്കണാം കുരുവിയുടെ കൂടു നിർമ്മാണം വീഡിയോ - വാസസ്ഥലം വീഡിയോ (കാക്ക, തത്ത, അങ്ങാടി കുരുവി,, കുരുവി, പൊന്മാന് ) - ദേശാടന പക്ഷികളുടെ വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: പക്ഷികളും വാസസ്ഥലവും പട്ടിക, ദേശാടന പക്ഷികള് കുറിപ്പ്
തീയതി : .................................... സമയം :90

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം- 1<br>തൂക്കണം കുരുവി കൂടു നിർമ്മിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ചർച്ച – എല്ലാ പക്ഷികളും മരത്തിലാണോ കൂട് നിർമ്മിക്കുന്നത്? | |

| | |
|---|---|
| പക്ഷികളുടെ വാസസ്ഥലം എവിടെയൊക്കെയാണ്?<br>കൂട് നിർമ്മിക്കാത്ത പക്ഷികൾ ഉണ്ടോ?<br>കാക്ക, തത്ത, അങ്ങാടിക്കുരുവി, പൊന്മാൻ, എന്നിവയുടെ വാസസ്ഥലം വീഡിയോ പ്രദർശിപ്പിക്കുന്നു.<br>വാസസ്ഥലം ലിസ്റ്റ് ചെയ്യുന്നു<br>മരപ്പൊത്തിൽ കൂടുണ്ടാക്കുന്നവ<br>മണ്ണിൽ/മാളത്തിൽ കൂടുണ്ടാക്കുന്നവ<br>മരച്ചില്ലകളിൽ കൂടുണ്ടാക്കുന്നവ<br>കെട്ടിടങ്ങളിൽ കൂടുണ്ടാക്കുന്നവ<br>ഓരോ വിഭാഗത്തിനും കൂടുതൽ ഉദാഹരണങ്ങൾ വ്യക്തിഗതമായി കണ്ടെത്തുന്നു.<br>ഗ്രൂപ്പിൽ പങ്കു വയ്ക്കുന്നു. പൊതു അവതരണം<br><br>ഘട്ടം- 2<br>നാം കാണുന്ന പക്ഷികൾ എല്ലാം നമ്മുടെ സ്ഥലത്ത് സ്ഥിരമായി താമസിക്കുന്നവരാണോ?<br>പ്രതികരണം<br>11 പാഠപുസ്തകം പേജ് 42 വിരുന്നുകാർ വായിക്കുന്നു<br>എന്താണ് ദേശാടന പക്ഷികൾ<br>പ്രതികരണം<br>ദേശാടന പക്ഷികളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>അവതരണം<br>ക്രോഡീകരണം<br><br>ദൂരദേശത്ത് നിന്ന് വരുന്നവ<br>കാലവർഷം വരും മുമ്പ് തിരികെ പോകും<br>ഉദാഹരണങ്ങൾ | |

റഫൻസ്: പക്ഷിക്കൂടുകൾ ( പുസ്തകം)

പക്ഷികളുടെ കൂടുകൾ വൈവിധ്യമുളളവയാണ്

വിലയിരുത്തൽ:പക്ഷികൾ എന്തിനാണ് ദേശാടനം നടത്തുന്നത്?

തുടർപ്രവത്തനങ്ങൾ

ദേശാടന പക്ഷികളെ കുറിച്ച് കൂടുതൽ വിവരങ്ങൾ കണ്ടെത്തൽ

**പഠനനേട്ടം : സഞ്ചാര രീതി, ആഹാര സമ്പാദന രീതി എന്നിവയ്ക്കനുസരിച്ച് പക്ഷികളുടെ ശാരീരിക പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : പക്ഷികളുടെ സഞ്ചാരം ആഹാരം പട്ടികപ്പെടുത്തൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പക്ഷികൾക്ക് ആഹാര സമ്പാദനം, ആവാസ കേന്ദ്രം, സഞ്ചാരം എന്നിവയ്ക്കനുസരിച്ചുള്ള ശാരീരിക പ്രത്യേകതകൾ ഉണ്ട്.

പഠന സാമഗ്രികൾ: വീഡിയോ (വാൾ കൊക്ക്, തേൻ കുരുവി, കാട്ടു താറാവ്, വർണ്ണ കൊക്ക്, താമരക്കോഴി, തത്ത) കടലാസ്, ഓല

പ്രതീക്ഷിത ഉല്പന്നങ്ങൾ: പക്ഷികളുടെ ശാരീരിക പ്രത്യേകതകളും അനുകൂലനങ്ങളും പട്ടിക

തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പക്ഷികളുടെ സഞ്ചാരം ആഹാരം പട്ടികപ്പെടുത്തൽ<br><br>പക്ഷികളുടെ സഞ്ചാരം, ആഹാരം<br><br>ഘട്ടം- 1<br><br>പക്ഷികൾക്ക് ആഹാരം സമ്പാദിക്കാൻ സഹായമായ ശരീര ഭാഗങ്ങൾ എതെല്ലാം?<br><br>പക്ഷികളുടെ സഞ്ചാരത്തിന് സഹായിക്കുന്ന ശരീര ഭാഗങ്ങൾ എതെല്ലാം?<br><br>പ്രതികരണം<br><br>പാഠപുസ്തകം പേജ് 42 സഞ്ചരിക്കാം ഇര പിടിക്കാം ചിത്രം നിരീക്ഷിക്കുന്നു<br><br>പക്ഷികളെ തിരിച്ചറിയുന്നു<br><br>വാൾകൊക്കിന്റെ സഞ്ചാരം വീഡിയോ പ്രദർശിപ്പിക്കുന്നു.ചോദ്യങ്ങൾ ഉന്നയിക്കുന്നു<br><br>• ഇതിന്റെ കൊക്കിന്റെ പ്രത്യേകത എന്താണ്?<br><br>• ആഹാര സമ്പാദനത്തിന് ചുണ്ടുകൾ എങ്ങനെ സഹായിക്കുന്നു?<br><br>തേൻകുരുവി തേൻ കുടിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു<br><br>• നീളം കൂടിയ പൂക്കളിൽ നിന്ന് തേൻ കുരുവി എങ്ങനെയാണ് തേൻ കുടിക്കുന്നത്?<br><br>കാട്ടു താറാവ് പറക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു | |

- വേഗത്തിൽ പറക്കുന്നതിന് ശരീരം എങ്ങനെ സഹായിക്കുന്നു. ചിറകുകളുടെ പ്രത്യേകത എന്താണ്.?

വർണ്ണ കൊക്ക് മീൻ പിടിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.

- മീൻ പിടിക്കാൻ വർണ്ണ കൊക്കിന്റെ കൊക്ക് എങ്ങനെ സഹായിക്കുന്നു?

താമരക്കോഴി താമര ഇലയിൽ സഞ്ചരിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.

- താമരക്കോഴിയുടെ വിരലുകൾ താമര ഇലയിൽ സഞ്ചരിക്കാൻ എങ്ങനെ സഹായിക്കുന്നു.?

തത്ത മരകൊമ്പിൽ ഇരിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു

- മരക്കൊമ്പിൽ നിന്ന് വീഴാതെ പിടിച്ചിരിക്കാൻ തത്തയ്ക്ക് കഴിയുന്നത് എന്തുകൊണ്ടാണ്?

പട്ടിക പ്രദർശിപ്പിക്കുന്നു

| പക്ഷികൾ | ശാരീരിക പ്രത്യേകതകൾ | അനുകൂലനങ്ങൾ |
|---|---|---|
| | | |

ചർച്ച ചെയ്ത കാര്യങ്ങൾ പട്ടികയിൽ രേഖപ്പെടുത്തുന്നു.

വ്യക്തിഗതം .ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. പൊതു അവതരണം ടീച്ചർ വെർഷൻ പ്രദർശിപ്പിക്കുന്നു. ഹാൻഡ്ബുക്ക് പേജ് 132

ഘട്ടം- 2

പാഠപുസ്തകം പേജ് 43 വരച്ച് യോജിപ്പിക്കാം പ്രവർത്തനം

പക്ഷി നിരീക്ഷണം

ഘട്ടം- 1

- കോഴിയുടെ കാലിൽ എത്ര വിരലുകൾ ഉണ്ട്?

| | |
|---|---|
| • കൊക്കിന്റെ കാൽ എങ്ങനെയുള്ളതാണ്?<br>• കറുപ്പ് നിറമുള്ള പക്ഷികൾ ഏതെല്ലാം?<br><br>പ്രതികരണം<br><br>പക്ഷികളെ നിരീക്ഷിച്ചിട്ടുണ്ടോ? നിരീക്ഷിക്കുമ്പോൾ ഏതെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?<br><br>ചർച്ച<br><br>• എല്ലാ പക്ഷികളും ഒരേ വലിപ്പമാണോ?<br>• വ്യത്യസ്ത നിറങ്ങളിലുള്ള പക്ഷികൾ ഉണ്ടോ?<br>• വാൽ വ്യത്യസ്തമാണോ?<br>• കൊക്ക് ഒരു പോലെയാണോ?<br>• ഒരേ ആഹാരമാണോ കഴിക്കുന്നത്?<br>• ശബ്ദം വ്യത്യസ്തമാണോ?<br><br>പാഠ പുസ്തകം പേജ് 44 നിരീക്ഷണകുറിപ്പ് ഫോർമാറ്റ് വായിക്കുന്നു.<br><br>ഘട്ടം - 2<br><br>ഒരു മാസം നീണ്ടു നില്ക്കുന്ന പക്ഷി നിരീക്ഷണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. അധ്യാപിക ഇടക്കാല വിലയിരുത്തൽ നടത്തുന്നു.<br><br>പൊതു അവതരണം - പതിപ്പ് തയ്യാറാക്കൽ | |

വിലയിരുത്തൽ ഏതെങ്കിലും രണ്ടു പക്ഷികളുടെ സഞ്ചാരത്തിനും ആഹാര സമ്പാദനത്തിനും അനുയോജ്യമായ ശാരീരിക പ്രത്യേകതകൾ കണ്ടെത്തി എഴുതുന്നു.

തുടർപ്രവർത്തനങ്ങൾ കടലാസ്, ഓല, എന്നിവ കൊണ്ട് പക്ഷികളെ നിർമ്മിക്കുക

**പഠനനേട്ടം : :പക്ഷി നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.**

പ്രവർത്തനത്തിന്റെ പേര് : പക്ഷി നിരീക്ഷണം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പക്ഷിലോകത്തെ വൈവിധ്യം ആസ്വദിക്കാൻ കഴിയും
പഠന സാമഗ്രികൾ: പക്ഷികളെക്കുറിച്ചുള്ള പുസ്തകങ്ങള്
പ്രതീക്ഷിത ഉല്പന്നങ്ങൾ: പക്ഷി നിരീക്ഷണക്കുറിപ്പ്, പതിപ്പ്
തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം- 1<br>കോഴിയുടെ കാലിൽ എത്ര വിരലുകൾ ഉണ്ട്?<br>കൊക്കിന്റെ കാൽ എങ്ങനെയുള്ളതാണ്?<br>കറുപ്പ് നിറമുള്ള പക്ഷികൾ ഏതെല്ലാം?<br>പ്രതികരണം<br>പക്ഷികളെ നിരീക്ഷിച്ചിട്ടുണ്ടോ? നിരീക്ഷിക്കുമ്പോൾ ഏതെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?<br>ചർച്ച<br>എല്ലാ പക്ഷികളും ഒരേ വലിപ്പമാണോ?<br>വ്യത്യസ്ത നിറങ്ങളിലുള്ള പക്ഷികൾ ഉണ്ടോ?<br>വാൽ വ്യത്യസ്തമാണോ?<br>കൊക്ക് ഒരു പോലെയാണോ?<br>ഒരേ ആഹാരമാണോ കഴിക്കുന്നത്?<br>ശബ്ദം വ്യത്യസ്തമാണോ?<br>പാഠപുസ്തകം പേജ് 44 നിരീക്ഷണകുറിപ്പ് ഫോർമാറ്റ് വായിക്കുന്നു.<br>ഘട്ടം - 2<br>ഒരു മാസം നീണ്ടു നിൽക്കുന്ന പക്ഷി നിരീക്ഷണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു.<br>അധ്യാപിക ഇടക്കാല വിലയിരുത്തൽ നടത്തുന്നു.<br>പൊതു അവതരണം - പതിപ്പ് തയ്യാറാക്കൽ | |

വിലയിരുത്തൽ കേരളത്തിൽ സാധാരണയായി കാണാറുള്ള പക്ഷികൾ ഏതെല്ലാം?
റഫറൻസ് :കേരളത്തിലെ പക്ഷികൾ

തുടർ പ്രവർത്തനങ്ങൾ പക്ഷി നിരീക്ഷണ പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.

**പഠനനേട്ടം : പക്ഷികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വിത്തു വിതരണം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പക്ഷികളുടെ പരിസ്ഥിതി പ്രാധാന്യം തിരിച്ചറിയുന്നു
പഠന സാമഗ്രികൾ: വീഡിയോ - കാക്ക, തത്ത, ഇവ പഴം കൊത്തികൊണ്ട് പോകുന്നത്. മൂങ്ങ, പരുന്ത്, ഫ്ലൈകാച്ചർ എന്നിവ ഇര പിടിക്കുന്നത്

ചിത്രം - ഡോഡോ പക്ഷി, കാൽവരിയാ മേജർ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പുകൾ
തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം- 1<br>അതി രാവിലെ വീട്ട് മുറ്റത്ത് എത്തുന്ന പക്ഷികൾ ഏതെല്ലാം?<br>ഇവ നമുക്ക് എന്ത് സഹായമാണ് ചെയ്യുന്നത്<br>പ്രതികരണം - കാക്ക ആഹാര അവശിഷ്ടങ്ങൾ കൊത്തിതിന്നുന്നു.ചുറുറുപാടും വൃത്തിയാക്കുന്നു.<br>കാക്ക, തത്ത ഇവ പഴം കൊത്തി കൊണ്ടു പോകുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>പക്ഷികൾ ഇങ്ങനെ ചെയ്യുന്നതു കൊണ്ട് നമുക്കുള്ള പ്രയോജനം എന്താണ്?<br>പ്രകൃതിക്ക് എങ്ങനെയാണ് ഇത് ഗുണം ചെയ്യുന്നത്<br>വീട്ടു വളപ്പിൽ നാം നടാതെ തന്നെ പ്ലാവ്, പേര, കശുമാവ് തുടങ്ങിയവ മുളച്ചു വരാറുണ്ടല്ലോ?<br>ഇതിൽ പക്ഷികൾക്ക് എന്തെങ്കിലും പങ്കുണ്ടോ?<br>വനങ്ങളുടെ സ്വാഭാവികത നിലനിറുത്തുന്നതിൽ പക്ഷികളുടെ പങ്ക് എന്താണ്?<br>വിത്തു വിതരണവും പക്ഷികളും കുറിപ്പ് വ്യക്തിഗതമായി രേഖപ്പെടുത്തുന്നു. ഗ്രൂപ്പിൽ പങ്ക് വയ്ക്കുന്നു<br>പൊതു അവതരണം<br>ക്രോഡീകരണം<br>വിത്തുകൾ വിതരണം ചെയ്യാൻ പക്ഷികൾ സഹായിക്കുന്നു<br>പ്രകൃതിയിൽ പല സസ്യങ്ങളും സ്വാഭാവികമായി മുളച്ചു വരുന്നതിൽ പക്ഷികൾക്ക് പങ്കുണ്ട്<br>സസ്യ വൈവിധ്യം നിലനിറുത്താൻ പക്ഷികൾ സഹായിക്കുന്നു.<br>ഘട്ടം-2<br>മൂങ്ങ, പരുന്ത്, ഫ്ലൈകാച്ചർ എന്നിവ ഇര പിടിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു<br>ഏതെല്ലാം പക്ഷികളെയാണ് കണ്ടത്?<br>ഇത്തരം സന്ദർഭങ്ങൾ കണ്ടിട്ടുണ്ടോ?<br>ഇര പിടിയന്മാരായ പക്ഷികൾ എതെല്ലാം?<br>കീടങ്ങളെ തിന്നു നശിപ്പിക്കുന്ന പക്ഷികൾ ഏതെല്ലാം?<br>പക്ഷികളുടെ ഈ ആഹാരരീതി നമുക്ക് എങ്ങനെയാണ് പ്രയോജനപ്പെടുന്നത്<br>കീട നിയന്ത്രണവും പക്ഷികളും- കുറിപ്പ് വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.<br>ഗ്രൂപ്പിൽ പങ്ക് വയ്ക്കുന്നു. പൊതു അവതരണം<br>ക്രോഡീകരണം | |

| | |
|---|---|
| ഇര പിടിയന്മാരായ പക്ഷികൾ എലികളെ തിന്നു നശിപ്പിക്കുന്നു.<br>നമുക്ക് ദോഷകരമായി ബാധിക്കുന്ന കീടങ്ങളെ ആഹാരമാക്കുന്ന നിരവധി പക്ഷികളുണ്ട്<br>ഇത്തരം പക്ഷികൾ കർഷകന്റെ ഉറ്റ മിത്രമാണ്<br>ഘട്ടം- 4<br>പാഠ പുസ്തകം പേജ് 44 പക്ഷികളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയല്ലേ - വ്യക്തിഗതമായി വായിക്കുന്നു.<br>ചർച്ച<br>വനം വകുപ്പ് എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്?<br>അങ്ങാടികുരുവി എവിടെയാണ് താമസിക്കുന്നത്?<br>അങ്ങാടി കുരുവികളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണം എന്തായിരിക്കും?<br>ക്രോഡീകരണം<br>അങ്ങാടികുരുവി വംശ നാശ ഭീഷണിയിലാണ്<br>ഓട്, ഓല, ഇവ മേഞ്ഞ മേൽ കൂരകളിലാണ് അങ്ങാടികുരുവികൾ സാധാരണയായി താമസിക്കുന്നത്<br>കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നതുമൂലം വാസ സ്ഥലം നഷ്ടമാകുന്നു<br>ആഹാരം ലഭിക്കാത്തത് വംശനാശത്തിന് കാരണമാകുന്നു.<br>താഴെ കൊടുത്തിരിക്കുന്നത് അധ്യാപിക വായിക്കുന്നു<br>ഡോഡോ പക്ഷികളും കാൽവരിയാ മേജറും<br>മൗറീഷ്യസ് ദ്വീപിലുണ്ടായിരുന്ന വൃക്ഷമാണ് കാൽവരിയ മേജർ. പറക്കാൻ കഴിയാത്ത ഡോഡോ പക്ഷിയുടെ ആഹാരമായിരുന്നു കാൽവരിയ മേജറിന്റെ പഴങ്ങൾ. ഡോഡോ പക്ഷി ഭക്ഷിക്കുന്ന പഴങ്ങളിലെ വിത്തുകൾ അതിന്റെ ആമാശയത്തിൽ കിടന്നാണ് പുറത്ത് വരുന്നത് .ഇങ്ങനെ വരുന്ന വിത്തുകൾ മാത്രമേ മുളയ്ക്കാറുള്ളൂ. വിനോദത്തിനും ആഹാരത്തിനുമായി മനുഷ്യൻ ഡോഡോ പക്ഷികളെ കൊന്നു . ഡോഡോ പക്ഷിയുടെ വംശം നശിച്ചു. ഇപ്പോൾ പുതിയ കാൽവരിയോ മേജർ വൃക്ഷങ്ങൾ മുളയ്ക്കുന്നില്ല<br>ഡോഡോ പക്ഷിയുടെയും കാൽവരിയോ മേജറിന്റേയും ചിത്രം കാണിക്കുന്നു.ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>പക്ഷികളുടെ എണ്ണത്തിൽ കുറവു വരികയോ വംശനാശം സംഭവിക്കുകയോ ചെയ്താൽ അത് പരിസ്ഥിതിയെ എങ്ങനെ ബാധിക്കും?<br>സസ്യങ്ങൾക്ക് എന്ത് സംഭവിക്കും?<br>വനം, കാട്, കാവ്, എന്നിവയെ എങ്ങനെ ബാധിക്കും?<br>എലി, കീടങ്ങൾ ഇവയുടെ എണ്ണത്തിൽ എന്ത് മാറ്റമുണ്ടാകും?<br>പക്ഷികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത- കുറിപ്പ് തയ്യാറാക്കുന്നു.<br>വ്യക്തിഗതം - ഗ്രൂപ്പിൽ അവതരണം, പൊതു അവതരണം<br>ക്രോഡീകരണം<br><br>പക്ഷികൾ പരിസ്ഥിതിയുടെ നിലനിൽപിന് വലിയ സംഭാവനകൾ നല്കുന്നു<br>വനം, കാവുകൾ , കുറ്റി കാടുകൾ എന്നിവയുടെ സ്വാഭാവിക നില നില്പിന് പക്ഷികൾ ആവശ്യമാണ്<br>എലികൾ, കീടങ്ങൾ എന്നിവയെ നിയന്ത്രിക്കുന്നതിൽ പക്ഷികൾക്ക് വലിയ പങ്കുണ്ട് | |

| | |
|---|---|
| പക്ഷികളെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. | |

വിലയിരുത്തൽ
സസ്യ വൈവിധ്യം നിലനിൽക്കുന്നതിൽ പക്ഷികളുടെ പങ്ക് എന്താണ്

റഫറൻസ് കേരളത്തിലെ പക്ഷികൾ -ഇന്ദുചൂഡൻ

തുടർ പ്രവർത്തനങ്ങൾ
സ്കൂളിൽ ഇക്കോ- പാർക്ക് സ്ഥാപിക്കുക, ഇക്കോ പാർക്കിൽ പക്ഷികളെ ആകർഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കൽ

പഠനനേട്ടം : വളർത്തു പക്ഷികളെ കൊണ്ടുള്ള പ്രയോജനങ്ങൾ പട്ടികപ്പെടുത്തുന്നു
പ്രവർത്തനത്തിന്റെ പേര് : പക്ഷികളും പ്രയോജനങ്ങളും
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആഹാരത്തിനും വിനോദത്തിനുമായി പക്ഷികളെ വളർത്താറുണ്ട്.
പഠന സാമഗ്രികൾ: വീഡിയോ - ഇറച്ചിക്കോഴി, മുട്ടക്കോഴി, പ്രാവ്, തത്ത, ലൗബേർഡ്സ് എന്നിവ വളർത്തൽ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്, തൂവൽ ആൽബം
തീയതി : .................................... സമയം :60

| പ്രവർത്തനം | പ്രതികരണം |
|---|---|
| നാം ഏതൊക്കെ പക്ഷികളെയാണ് വളർത്തുന്നത്<br>ലിസ്റ്റ് ചെയ്യുന്നു, അവതരണം<br>താറാവ്, കോഴി, എമു, തത്ത, പ്രാവ്, ലൗ ബേർഡ്സ്, ഗിനികോഴി, ടർക്കി കോഴി<br><br>ഇറച്ചിക്കോഴി, മുട്ടക്കോഴി, പ്രാവ്, തത്ത, ലൗബേർഡ്സ് വളർത്തൽ വീഡിയോ പ്രദർശനം<br>ചർച്ച<br>നാം പക്ഷികളെ വളർത്തുന്നതെന്തിനാണ്<br>രേഖപ്പെടുത്തൽ വ്യക്തിഗതം, ഗ്രൂപ്പിൽ പങ്കുവയ്ക്കൽ<br>ക്രോഡീകരണം<br>ഇറച്ചിക്ക്<br>മുട്ടക്ക്<br>അലങ്കാരത്തിന്<br>വരുമാനത്തിന് | |

വിലയിരുത്തൽ
പക്ഷികളെ വളർത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

റഫറൻസ് കാർഷിക മാസികകൾ

തുടർ പ്രവർത്തനങ്ങൾ
പക്ഷികളുടെ തൂവൽ     ശേഖരിച്ച് ആൽബം തയ്യാറാക്കൽ

# യൂണിറ്റ് 5 കലകളുടെ നാട്

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | കേരളത്തിലെ കലാരൂപങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | കലാരൂപങ്ങൾ പട്ടികപ്പെടുത്തൽ | വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ വീഡിയോ | കേരളത്തിൽ ധാരാളം കലാരൂപങ്ങളുണ്ട്. കലകൾ ഒത്തു ചേരലിന്റെയും സ്നേഹത്തിന്റെയും സന്ദേശമാണ് നൽകുന്നത് | കലാരൂപങ്ങളുടെ പട്ടിക | കലാരൂപങ്ങൾ - വർക് ഷീറ്റ് | 90 |
| 2 | കേരളത്തിലെ ആഘോഷങ്ങളെക്കുറിച്ച് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു, | ഓണത്തെക്കുറിച്ച് അറിയാം | അത്തപൂക്കളം വർക്ക് ഷീറ്റ് പാഠപുസ്തകം, വീഡിയോ ക്ലിപ്പ് | കേരളത്തിൽ വിവിധ ആഘോഷങ്ങളുണ്ട്. ഓണം കേരളത്തിന്റെ ദേശീയ ആഘോഷമാണ് | കുറിപ്പ് | കുറിപ്പ് | 90 |
| 3 | 3. കലയും ആഘോഷങ്ങളും കേരളീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു | ഉത്സവക്കാഴ്ചകൾ | പാഠപുസ്തകം | കലയും ആഘോഷവും സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണ് | കുറിപ്പ് | കറിപ്പ് | 90 |
| 4 | 4. നാടൻ പാട്ടുകൾ ശേഖരിക്കുന്നു. | പാടാം രസിക്കാം | പാഠപുസ്തകം | നാടൻ പാട്ടുകൾ സംസ്കാരത്തനിമയുടെ ഓർമകളാണ് | നാടൻ പാട്ടുകൾ ശേഖരം | പതിപ്പ് | 90 |
| 5 | 5. നാടൻ കളികൾ പട്ടികപ്പെടുത്തുകയും ആവശ്യമായ കളിയുപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. | കളിക്കാം രസിക്കാം | പാഠപുസ്തകം | പലതരത്തിലുള്ള നാടൻ കളികളുണ്ട് | നാടൻ കളികളെക്കുറിച്ചുള്ള കുറിപ്പ്, വിവിധ നാടൻ കളിയുപകരണങ്ങൾ | കുറിപ്പ് പ്രാദേശികമായി നിർമിച്ച വിവിധ കളിപ്പാട്ടങ്ങൾ | |
| 6 | 6. കേരളത്തിന്റെ സംഗീത പാരമ്പര്യത്തെക്കുറിച്ച് ലളിതമായി വിശദീകരിക്കുന്നു. | വിവിധ പാട്ടുകൾ ഓഡിയോ, ചിത്രങ്ങൾ | വിവിധ പാട്ടുകൾ ഓഡിയോ ചിത്രങ്ങൾ | കേരളത്തിന് അഭിമാനിക്കത്തക്ക സംഗീത പാരമ്പര്യമുണ്ട് പ്രതീക്ഷിത ഉല്പന്നങ്ങൾ: | കുറിപ്പ് | കുറിപ്പ് | 90 |

**പഠനനേട്ടം : കേരളത്തിലെ ആഘോഷങ്ങളെക്കുറിച്ച് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു,**

പ്രവർത്തനത്തിന്റെ പേര് : ഓണത്തെക്കുറിച്ചറിയാം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിൽ വിവിധ ആഘോഷങ്ങളുണ്ട്. ഓണം കേരളത്തിന്റെ ദേശീയ ആഘോഷമാണ്
പഠന സാമഗ്രികൾ: അത്തപ്പൂക്കളം വർക്ക് ഷീറ്റ്
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവേശകം<br>അത്തപ്പൂക്കളം നിറം നൽകുന്നു.ഓണവുമായി ബന്ധപ്പെട്ട വടം വലി , വള്ളംകളി തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയ മാതൃകാ ചിത്രം നോക്കി നൽകിയ ചിത്രം പൂർത്തിയാക്കുന്നു.<br>ഇത് ഏതു ആഘോഷവുമായി ബന്ധപ്പെട്ട ചിത്രമാണ്?<br>ചിത്രത്തിൽ എന്തെല്ലാം കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്?<br>ചിത്രവായനയ്ക്കു ശേഷം പൊതു ചർച്ച<br>ക്രോഡീകരണം<br>ഓണവുമായി ബന്ധപ്പെട്ട് ഓണപ്പൂക്കളമൊരുക്കൽ, തുമ്പി തുള്ളൽ, ഊഞ്ഞാലാട്ടം, ഓണ സദ്യയൊരുക്കൽ പുലികളി, വള്ളംകളി തുടങ്ങിയവ നടത്താറുണ്ട്.<br>നമ്മുടെ സ്കൂളിലും ഇത്തരം ആഘോഷങ്ങൾ നടത്താറില്ലേ ?<br>സ്കൂളിൽ നടത്തുന്ന ആഘോഷങ്ങൾ എന്തെല്ലാമാണ് ? സ്വതന്ത്ര പ്രതികരണം<br>നിലീനയുടെ സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നറിയാൻ പാഠഭാഗം വായിച്ചു നോക്കാം<br>പാഠഭാഗ വായന (വ്യക്തിഗതം )<br>ഓണാഘോഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു ( വ്യക്തിഗതം )<br>പൊതു അവതരണം<br>സ്കൂളിൽ നടന്ന ഓണാഘോഷത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>പൊതു അവതരണം മെച്ചപ്പെടുത്തൽ കൂട്ടിച്ചേർക്കൽ<br>ഓണത്തെക്കുറിച്ച് ചർച്ച<br>ഒരുമയുടെ ഓണം പാഠ ഭാഗം വായിക്കുന്നു.<br>ഓണം വീഡിയോ ക്ലിപ്പ് പ്രദർശിപ്പിക്കുന്നു<br>പൊതു ചർച്ച<br>ചർച്ചാ സൂചകങ്ങൾ<br>ഓണം ഏതെങ്കിലും മതത്തിന്റെ മാത്രം ഉത്സവമാണോ?<br>ഏത് സംസ്കാരത്തിന്റെ ആഘോഷമാണ്?<br>എന്താണ് ഓണവുമായി ബന്ധപ്പെട്ട ഐതിഹ്യം?<br>ഓണാഘോഷവും നമ്മുടെ കാർഷിക സംസ്കാരവും തമ്മിലുള്ള ബന്ധം എന്ത്<br>ക്രോഡീകരണം<br>ഓണം സമൃദ്ധിയുടെ കാലമാണ്<br>ഓണം നമ്മുടെ ദേശീയോത്സവമാണ്.<br>മഹാബലി വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ വരുന്നു എന്നതാണ് ഓണവുമായി ബന്ധപ്പെട്ട ഐതിഹ്യം | |

| | |
|---|---|
| ഓണം ഒരു വിളവെടുപ്പുൽസവം കൂടിയാണ്.<br>ഓണം കൂട്ടായ്മയുടെ ആഘോഷമാണ്. | |

വിലയിരുത്തൽ : ഓണത്തെക്കുറിച്ച് കുറിപ്പ്
തുടർ പ്രവർത്തനങ്ങൾ : ഓണപ്പതിപ്പ് തയ്യാറാക്കുന്നു
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിലെ കലാരൂപങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : കലാരൂപങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിൽ ധാരാളം കലാരൂപങ്ങളുണ്ട്.
**കലകൾ ഒത്തു ചേരലിന്റെയും സ്നേഹത്തിന്റെയും സന്ദേശമാണ് നൽകുന്നത്**
പഠന സാമഗ്രികൾ: വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കലാരൂപങ്ങളുടെ പട്ടിക
തീയതി : .................................... സമയം 90

| പ്രവർത്തനം | പ്രതികരണം |
|---|---|
| നിലീനയുടെ ഡയറിക്കുറിപ്പ് TB പേജ് 26 വ്യക്തിഗത വായന<br>ഇത്തരത്തിലുള്ള കലാരൂപങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ<br>ഏതെല്ലാമാണ് അവ?<br>വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു. പൊതുവായി അവതരിപ്പിക്കുന്നു.<br>ബോർഡിൽ രേഖപ്പെടുത്തുന്നു<br>എന്താണ് ഈ കലാരൂപങ്ങളുടെ പ്രത്യേകതകൾ?<br>എല്ലാം ഒരു പോലെയാണോ?<br>ഏതെല്ലാം കാര്യങ്ങളിലാണ് ഇവ തമ്മിൽ വ്യത്യാസം?<br>T B പേജ് 52,53 വ്യക്തിഗതമായി വായിക്കുന്നു.<br>വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കുന്നു.<br>ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു.<br>പ്രാദേശിക കലാരൂപങ്ങൾ<br>ചർച്ച<br>നമ്മുടെ പ്രദേശത്ത് ഇത്തരം കലാരൂപങ്ങൾ ഉണ്ടോ?<br>വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു.<br>പൊതുവായി അവതരിപ്പിക്കുന്നു<br>ബോർഡിൽ രേഖപ്പെടുത്തുന്നു.<br>എന്താണ് ഇവയുടെ പ്രത്യേകതകൾ<br>ഓരോന്നും എങ്ങനെയാണ് അവതരിപ്പിക്കുക<br>കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. ഗ്രൂപ്പുകൾക്ക് പ്രാദേശിക കലാരൂപങ്ങൾ വിഭജിച്ച് നൽകുന്നു.<br>കലാരൂപങ്ങളുടേയും അവയുടെ സവിശേഷതകളേയും പറ്റി കുറിപ്പുകൾ തയ്യാറാക്കുന്നു. പൊതുവായി അവതരിപ്പിക്കുന്നു. പരസ്പരം കൈമാറി വായിക്കുന്നു. എല്ലാ കുട്ടികളും നോട്ടുബുക്കിൽ എഴുതി എന്ന് ഉറപ്പു വരുത്തുന്നു.<br>കേരളീയ കലാരൂപങ്ങൾ വീഡിയോ പ്രദർശനം<br>കലാരൂപങ്ങൾ വർക്ക് ഷീറ്റ് പൂർത്തിയാക്കുന്നു | |

വിലയിരുത്തൽ : കലാരൂപങ്ങളുടെ വർക്ക് ഷീറ്റ്
റഫറൻസ് : കേരളീയ കലകൾ - ഷാരോൺ ബുക്സ്
തുടർ പ്രവർത്തനങ്ങൾ : കേരളീയ കലാരൂപങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ഉൾപ്പെടുത്തി വ്യക്തിഗതമായി പതിപ്പ് നിർമ്മിക്കുന്നു
റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം : **കലയും ആഘോഷങ്ങളും കേരളീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ഉത്സവക്കാഴ്ചകൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കലയും ആഘോഷവും സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണ്
പഠന സാമഗ്രികൾ: പാഠപുസ്തകം
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഉത്സവക്കാഴ്ചകൾ<br>അലങ്കാര പ്രവർത്തനങ്ങൾക്ക് ഓല ഉപയോഗിക്കാറുണ്ടോ? എവിടെ?<br>ഉത്സവങ്ങളിൽ നിങ്ങൾ മറ്റെന്തെല്ലാം കാഴ്ചകൾ കണ്ടിട്ടുണ്ട്?<br>നിലീന കണ്ട ഉത്സവ കാഴ്ചകൾ എന്തെല്ലാമാണ്?<br>നിലീന താൻ കണ്ട കാഴ്ചകൾ എങ്ങനെയാണ് ഡയറിയിൽ രേഖപ്പെടുത്തിയത്?<br>വ്യക്തിഗത ചിത്രവായന, ഡയറി വായന<br>ലഘു ചർച്ചയ്ക്കു ശേഷം കേരളത്തിലെ പ്രധാന ഉത്സവങ്ങൾ അടങ്ങിയ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഇതുപോലെ നിങ്ങൾ കണ്ട ഒരു ഉത്സവത്തെക്കുറിച്ച് വ്യക്തിഗത കുറിപ്പ് തയ്യാറാക്കുക.<br>വ്യക്തിഗത അവതരണം<br>ഗ്രൂപ്പിൽ കൈമാറി വായന, മെച്ചപ്പെടുത്തൽ<br>ഉത്സവ പതിപ്പ് നിർമാണം<br>ഉത്സവ കലണ്ടർ<br>നമ്മുടെ നാട്ടിലെ വിവിധ ഉത്സവങ്ങൾ ഏതെല്ലാം<br>വ്യക്തിഗത ലിസ്റ്റിങ്ങ്<br>പൊതു അവതരണം<br>ബോർഡിൽ എഴുതുന്നു<br>ചർച്ച .<br>ചർച്ചാ സൂചകങ്ങൾ<br>മേൽ പറഞ്ഞ ഓരോ ഉത്സവവും ഏതെല്ലാം മാസങ്ങളിലാണ് നടക്കുന്നത്?<br>പ്രത്യേകതകൾ എന്തെല്ലാം?<br>എല്ലാ ഉത്സവവും ഒരേ മാസത്തിലാണോ<br>എല്ലാ ഉത്സവത്തിന്റേയും ക്രമീകരണങ്ങൾ ഒരു പോലെയാണോ?<br>ബോർഡിൽ ലിസ്റ്റ് ചെയ്യപ്പെട്ട ഉത്സവങ്ങളുടെ പ്രത്യേകതകളും അവ നടത്തപ്പെടുന്ന മാസവും കണ്ടെത്തുന്നു. TB പേജ് ലെ ഉത്സവ കലണ്ടർ ഫോർമാറ്റിലേക്ക് മാറ്റി എഴുതുവാൻ ആവശ്യപ്പെടുന്നു.<br>വ്യക്തിഗത അവതരണം | |

| | |
|---|---|
| ടീച്ചറുടെ വിലയിരുത്തൽ മെച്ചപ്പെടുത്തൽ ഫോർമാറ്റ് പൂരിപ്പിച്ചത് ഫോർട്ട് ഫോളിയോയിലേക്ക്<br>ലഘു ചർച്ച<br>എല്ലാ പ്രദേശത്തേയും ഉത്സവങ്ങൾ ഒരു പോലെയാണോ?<br>എന്തിനാണ് ഉത്സവങ്ങൾ നടത്തുന്നത്<br>ഉത്സവങ്ങളിൽ ഏതെല്ലാം ജനവിഭാഗങ്ങളാണ് പങ്കെടുക്കുന്നത്?<br>ക്രോഡീകരണം<br>ഓരോ പ്രദേശത്തേയും ഉത്സവങ്ങളും ആഘോഷങ്ങളും വ്യത്യസ്തമാണ്.ജനങ്ങളുടെ കൂട്ടായ്മയുടേയും ഒത്തുചേരലിന്റെയും അവസരങ്ങൾ കൂടിയാണ് ഉത്സവങ്ങൾ . ജാതി മത വർഗ വ്യത്യാസങ്ങൾ ഇല്ലാതെ എല്ലാവരും ഉത്സവത്തിൽ പങ്കു ചേരുന്നു. | |

വിലയിരുത്തൽ : ഉത്സവ കലണ്ടർ
തുടർ പ്രവർത്തനങ്ങൾ : ഉത്സവ പതിപ്പ് തയ്യാറാക്കാം
റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം **: നാടൻ പാട്ടുകൾ ശേഖരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പാടാം രസിക്കാം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നാടൻ പാട്ടുകൾ സംസ്കാരത്തനിമയുടെ ഓർമകളാണ്
പഠന സാമഗ്രികൾ: പാഠപുസ്തകം
പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടൻ പാട്ടുകളുടെ ശേഖരം
തീയതി : .................................... സമയം 60 മിനിട്ട്

| പ്രവർത്തനം | |
|---|---|
| നമുക്ക് ഒരുമിച്ച് ഒരു പാട്ട് പാടിയാലോ?<br>അദ്ധ്യാപകനും വിദ്യാർത്ഥികളും ചേർന്ന് നാടൻ പാട്ട് പാടുന്നു.<br>ഇത് ഏതു തരം പാട്ടാണ്?<br>എന്താണ് ഇതിന്റെ പ്രത്യേകത<br>TB 55 നാടൻ പാട്ട് വ്യക്തിഗത വായന<br>വടക്കൻ പാട്ട് കേൾക്കാൻ അവസരം<br>ഇത് ഏതു തരം പാട്ടാണ്?<br>എന്തിനെക്കുറിച്ചാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത്?<br>TB Page 56 വടക്കൻ പാട്ട് വ്യക്തിഗത വായന | |

വിലയിരുത്തൽ :
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : കൂടുതൽ നാടൻ പാട്ടുകൾ ശേഖരിക്കുക
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നാടൻ കളികൾ പട്ടികപ്പെടുത്തുകയും ആവശ്യമായ കളിയുപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു**

പ്രവർത്തനത്തിന്റെ പേര് : കളിക്കാം രസിക്കാം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പലതരത്തിലുള്ള നാടൻ കളികളുണ്ട്
പഠന സാമഗ്രികൾ: പാഠപുസ്തകം
പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടൻ കളികളെക്കുറിച്ചുള്ള കുറിപ്പ്, വിവിധ നാടൻകളിയുപകരണങ്ങൾ
തീയതി : ..................................... സമയം

| പ്രവർത്തനം | |
|---|---|
| നിങ്ങൾക്ക് ഇഷ്ടപ്പെട്ട കളികൾ ഏതെല്ലാം<br>ഏറ്റവും ഇഷ്ടപ്പെട്ടത് ഏത്?<br>ഇത്തരം കളികൾ നിങ്ങൾ കളിക്കാറുണ്ടോ? കളിക്കുന്നത് കണ്ടിട്ടുണ്ടോ?<br>എല്ലായിടത്തും ഒരേയിനം കളികൾ തന്നെയാണോ ഉള്ളത്?<br>പണ്ട് കാലത്ത് ഇത്തരം കളി കൾ ഉണ്ടായിരുന്നോ?<br>ഏതെല്ലാമായിരുന്നു അന്നത്തെ കളികൾ?<br>ഇനിയൊരു കളി പരിചയപ്പെട്ടാലോ? പാഠഭാഗം ലഹോറി വ്യക്തിഗത വായന ഇനി നമുക്ക് കളിച്ചു നോക്കിയാലോ?<br>ഗ്രൗണ്ടിൽ കളിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.<br>ഒരു കളി കളിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങ ൾ ശ്രദ്ധിക്കണം?<br>ഓരോ കളിക്കും കൃത്യമായ നിയമങ്ങളില്ലേ?<br>ലഹോറിക്കളിയുടെ നിയമങ്ങൾ എന്തൊക്കെയാണ്?<br>ഇത്തരം കളികൾക്ക് പ്രാദേശികമായി പറയുന്ന പേരെന്താണ്<br>ക്രോഡീകരണം<br>പഴയ കാലം മുതൽ ഓരോ പ്രദേശത്തും പല തരത്തിലുള്ള കളികൾ പ്രചാരത്തിലുണ്ട്.<br>പ്രാദേശികമായി കളിക്കുന്ന / നിലനിൽക്കുന്ന കളികൾക്ക് നാടൻകളികൾ എന്നു പറയുന്നു.<br>എല്ലാ കളികൾക്കും നിശ്ചിതമായ നിയമങ്ങൾ ഉണ്ട് .<br>നിങ്ങൾക്ക് അറിയാ വുന്ന നാടൻകളികൾ ഏതെല്ലാം?<br>വ്യക്തിഗത ലിസ്റ്റിങ്ങ്<br>പൊതു അവതരണം<br>പട്ടികപ്പെടുത്തൽ (B B യിൽ )<br>മെച്ചപ്പെടുത്തൽ, കൂട്ടിച്ചേർക്കൽ<br>കളികളുടെ പേരിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിങ്ങ് .<br>ഗ്രൂപ്പിന്റെ പേരിലുള്ള നാടൻ കളികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>ഗ്രൂപ്പ് അവതരണം.<br>ഗ്രൂപ്പുകളുടെ വിലയിരുത്തൽ .<br>മെച്ചപ്പെടുത്തൽ .<br>പൊതു അവതരണം. | |

| | |
|---|---|
| ഗ്രൂപ്പ് പതിപ്പ് തയ്യാറാക്കൽ.<br>കളിയുപകരണങ്ങൾ<br>നാടൻ കളിയിൽ എന്തെല്ലാം കളിയുപകരണങ്ങളാണ് ഉപയോഗിക്കുന്നത്?<br>ഓലപ്പന്ത് കളിയിൽ എന്താണ് ഉപയോഗിക്കുന്നത്?<br>ഓലപ്പന്ത് നിർമ്മിക്കാനറിയാമോ?<br>ഓല കൊണ്ട് മറ്റെന്തെല്ലാം ഉപകരണങ്ങൾ ഉണ്ടാക്കാം.<br>രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ നിർമ്മിച്ച നാടൻ കളിയുപകരണങ്ങളുടെ പ്രദർശനം. | |

വിലയിരുത്തൽ :
റഫറൻസ് : നാടൻകളികൾ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ സംഗീത പാരമ്പര്യത്തെക്കുറിച്ച് ലളിതമായി വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് സംഗീത വിസ്മയം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് അഭിമാനിക്കത്തക്ക സംഗീത പാരമ്പര്യമുണ്ട്
പഠന സാമഗ്രികൾ: വിവിധ പാട്ടുകൾ ഓഡിയോ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ശാസ്ത്രീയ സംഗീതം ലളിതഗാനം, മാപ്പിളപ്പാട്ട് ഇവ കേൾപ്പിക്കുന്നു. ഇവയിൽ ഏതാണ് നിങ്ങൾക്ക് ഇഷ്ടമായത്?<br>എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം?<br>ഈ വ്യത്യസ്ത പാട്ടുകൾ ഏതെല്ലാം ഗാന ശഖകളിൽ പെടുന്നു.<br>ഇത്തരത്തിലുള്ള പാട്ടുകൾ എഴുതുന്നവരേയും സംഗീതം നൽകുന്നവരേയും നിങ്ങൾക്ക് പരിചയമുണ്ടാ?<br>അവരിൽ ചിലരെ പരിചയപ്പെടാം<br>TB 55 വ്യക്തിഗത വായന<br>വ്യക്തിഗത കുറിപ്പ് രചന<br>അധ്യാപകർ വിലയിരുത്തുന്നു.<br>മെച്ചപ്പെടുത്തുന്നു. | |

വിലയിരുത്തൽ : കുറിപ്പ്
തുടർ പ്രവർത്തനങ്ങൾ : പതിപ്പ് തയ്യാറാക്കുന്നു
റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 6 മാനത്തേക്ക്

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക. | കവിതാവായന (നക്ഷത്രത്തെക്കുറിച്ച്) വീഡിയോ പ്രദർശനം | കവിതാചാർട്ട്/ ഫോട്ടോകോപ്പി, വീഡിയോ. | സൂര്യൻ ഒരു നക്ഷത്രമാണ് സൂര്യൻ സ്വയം പ്രകാശിക്കുന്നു. നിരവധി നക്ഷത്രങ്ങളിൽ ഒന്ന് മാത്രമാണ് സൂര്യൻ. ജ്വലിക്കുന്ന ആകാശഗോളങ്ങളാണ് നക്ഷത്രങ്ങൾ | ചിത്രങ്ങൾ രാത്രിയിലെ ആകാശം പകലുള്ള ആകാശം | നക്ഷത്രങ്ങളെക്കുറിച്ച് നടത്തുന്ന ചർച്ച. ചർച്ച സൂചകങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തൽ | 60 |
| | ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക. | വീഡിയോ പ്രദർശനം (സൂര്യനും ഗ്രഹങ്ങളും) | ചാർട്ട് പേപ്പർ, വീഡിയോ, മാർക്കർ, സ്കെച്ച് | സൂര്യനു ചുറ്റും ഒരു നിശ്ചിത പാതയിലൂടെ വലം വയ്ക്കും ആകാശഗോളങ്ങളാണ് ഗ്രഹങ്ങൾ. ഭൂമി ഒരു ഗ്രഹമാണ്.എട്ട് ഗ്രഹങ്ങൾ സൂര്യനും .ചുറ്റും വലം വയ്ക്കുന്നുണ്ട് | കുറിപ്പ് - ഗ്രഹങ്ങൾ ചിത്രം -സൂര്യനും ഗ്രഹങ്ങളും | കുറിപ്പ് (ഗ്രൂപ്പുതല വിലയിരുത്തൽ) സൂര്യനു ഗ്രഹങ്ങളും (ചിത്രീകരണം വിലയിരുത്തുന്നു) | 60 |
| | ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക. | ഗ്രഹങ്ങളെ വലം വയ്ക്കുന്ന ആകാശ ഗോളങ്ങളാണ് ഉപഗ്രഹങ്ങൾ | വീഡിയോ,പ്രവർത്തന മാതൃക | ഗ്രഹങ്ങളെ വലം വയ്ക്കുന്ന ആകാശ ഗോളങ്ങളാണ് ഉപഗ്രഹങ്ങൾ ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ | കുറിപ്പ് - ഗ്രഹങ്ങൾ, ഉപകരണങ്ങൾ ചിത്രം- സൂര്യനും ഭൂമിയും ചന്ദ്രനും, സൗരയൂഥത്തിലെ സ്ഥാന ക്രമത്തിൽ ചിത്രീകരിച്ചത്. | കുറിപ്പുകൾ വിലയിരുത്തുന്നു | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭ്രമണം, പരിക്രമണം എന്നിവ വിശദീകരിക്കുന്നു. | ഗ്ലോബ് നിരീക്ഷണം അഭിനയം-ഭ്രമണം | ഗ്ലോബ് | ഭൂമി സ്വയം കറങ്ങുന്നതിനെ ഭ്രമണം എന്നു പറയുന്നു. | ഭ്രമണം-പ്രവർത്തന മാതൃക | കുറിപ്പ്,പ്രവർത്തന മാതൃക | 60 |
| | ഭ്രമണം, പരിക്രമണം എന്നിവ വിശദീകരിക്കുന്നു. | വീഡിയോ (പരിക്രമണം) അഭിനയം | സൗരയൂഥത്തിന്റെ വർക്കിംഗ് മോഡൽ വീഡിയോ, ചാർട്ട് | ഭൂമി സ്വയം കറങ്ങുന്നതിനോടൊപ്പം സൂര്യനെ ചുറ്റി സഞ്ചരിക്കുന്നതിനെ പരിക്രമണം എന്നു പറയുന്നു | കുറിപ്പ് (ഭ്രമണം, പരിക്രമണം തമ്മിലുള്ള ബന്ധം | കുറിപ്പുകൾ | 60 |
| | ഭ്രമണത്തിന്റെ ഫലമായാണ് ദിന രാത്രങ്ങൾ ഉണ്ടാകുന്നത് എന്ന് പ്രസ്താവിക്കുന്നു | ഭൂമി ഭ്രമണം ചെയ്യുന്നതിനാൽ ഭൂമിയുടെ ഒരു ഭാഗത്ത് പകലും മറുഭാഗത്ത് രാത്രിയും മാറിമാറി വരുന്നു | ഗ്ലോബ്, കറുത്ത തുണി, ടോർച്ച് | ഭൂമി ഭ്രമണം ചെയ്യുന്നതിനാൽ ഭൂമിയുടെ ഒരു ഭാഗത്ത് പകലും മറുഭാഗത്ത് രാത്രിയും മാറിമാറി വരുന്നു | കുറിപ്പ് - ദിനരാത്രങ്ങൾ | ദിനരാത്രങ്ങൾ ഉണ്ടാകുന്നതെങ്ങനെ യെന്ന് തയ്യാറാക്കി കുറിപ്പ് വിലയിരുത്തുന്നു (ടീച്ചറുടെ വിലയിരുത്തൽ) | 60 |
| | അമാവാസി, പൗർണമി എന്നിവ എന്തെന്ന് വിശദീകരിക്കുക | അമാവാസി - റോൾപ്ലേ ചർച്ച കുറിപ്പ് തയ്യാറാക്കൽ | സൂര്യൻ, ഭൂമി, ചന്ദ്രൻ ഇവയുടെ ചിത്രങ്ങൾ | കറുത്തവാവ് (അമാവാസി) എന്നാശയം | കുറിപ്പ് (അമാവാസി) | കുറിപ്പ് വിലയിരുത്തൽ | 60 |
| | ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ വിശദീകരിക്കുന്നു, പ്രവചിക്കുന്നു | പ്രോജക്ട് (ചന്ദ്രനെ നിരീക്ഷിക്കൽ- കറുത്തവാവ് മുതൽ വെളുത്തവാവ് വരെ) | ചാർട്ട് പേപ്പർ, മാർക്കർ, കലണ്ടർ | ചന്ദ്രകലയുടെ വളർച്ച കറുത്തവാവിനും വെളുത്തവാവിനും ഇടയിൽ 14 ദിവസങ്ങളുണ്ട്. | പ്രോജക്ട് റിപ്പോർട്ട് | പ്രോജക്ട് റിപ്പോർട്ട് | 60 |
| | **കൃത്രിമ ഉപഗ്രഹങ്ങളെപ്പറ്റി ലളിതമായി നിർവചിക്കുന്നു** | | | | | | |
| | ഭൂമിക്ക് ഒരു | പരിക്രമണവുമായി | വീഡിയോ | ഒരു തവണ ഭൂമിക്ക് | 1) കുറിപ്പ് ) ചിത്രം | കുറിപ്പ് | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പരിക്രമണത്തിനെടു ക്കുന്ന സമയമാണ് ഒരു വർഷം എന്ന് പ്രസ്താവിക്കുന്നു | ബന്ധപ്പെട്ട ഒരു വീഡിയോ,ചിത്രീകര ണം | | സൂര്യനെ ചുറ്റി സഞ്ചരിക്കാൻ മുന്നൂറ്റി അറുപത്തി അഞ്ചേകാൽ ദിവസം വേണം ഒരു പരിക്രമണം ഭൂമി പൂർത്തിയാക്കുന്നതാണ് ഒരു വർഷം | -ഭൂമിയുടെ പരിക്രമണം | വിലയിരുത്തുന്നു (ടീച്ചർ) | |

**പഠനനേട്ടം : ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക**

പ്രവർത്തനത്തിന്റെ പേര് :
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സൂര്യൻ ഒരു നക്ഷത്രമാണ് സൂര്യൻ സ്വയം പ്രകാശിക്കുന്നു നിരവധി നക്ഷത്രങ്ങളിൽ ഒന്നു മാത്രമാണ് സൂര്യൻ ജ്വലിക്കുന്ന ആകാശ ഗോളങ്ങളാണ്
പഠന സാമഗ്രികൾ: കവിതാചാർട്ട്/ ഫോട്ടോകോപ്പി, വീഡിയോ.
പ്രതീക്ഷിത ഉല്പന്നങ്ങൾ: ചിത്രങ്ങൾ രാത്രിയിലെ ആകാശം . പകലുള്ള ആകാശം
തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| അധ്യാപിക ഒരു കടംകഥ ചോദിക്കുന്നു. ആനകേറാമല ആളുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി, കുട്ടികളുടെ പ്രതികരണത്തിനുശേഷം നക്ഷത്രം എന്ന ആശയത്തിലെത്തിക്കുന്നു നക്ഷത്രത്തെക്കുറിച്ച് ഒരു കവിതയുടെ ആഡിയോ കേൾപ്പിക്കുന്നു. കവിത ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു. കവിത ഗ്രൂപ്പുതലത്തിൽ ചൊല്ലുന്നു ചർച്ച നടത്തുന്നു ചർച്ചാ സൂചകങ്ങൾ നക്ഷത്രങ്ങളെ എപ്പോഴാണ് കാണുന്നത്? എന്തുകൊണ്ടാണ് പകൽ കാണാത്തത്? തുടർ പ്രവർത്തനം രാത്രിയും പകലും കാണുന്ന ആകാശം വെവ്വേറെ ചിത്രീകരിക്കുക | |

വിലയിരുത്തൽ : നക്ഷത്രങ്ങളെക്കുറിച്ച് നടത്തുന്ന ചർച്ച. ചർച്ച സൂചകങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തൽ
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക**

പ്രവർത്തനത്തിന്റെ പേര് : വീഡിയോ പ്രദര് ശനം (സൂര്യനും ഗ്രഹങ്ങളും)
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സൂര്യനുചുറ്റും ഒരു നിശ്ചിത പാതയിലൂടെ വലം വയ്ക്കുന്ന ആകാശ ഗോളങ്ങളാണ് ഗ്രഹങ്ങള് ഭൂമി ഒരു ഗ്രഹമാണ് എട്ട് ഗ്രഹങ്ങൾ സൂര്യനു ചുറ്റും വലംവയ്ക്കുന്നു.
പഠന സാമഗ്രികൾ: ചാർട്ട് പേപ്പർ, വീഡിയോ, മാർക്കർ, സ്കെച്ച്
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് - ഗ്രഹങ്ങൾ ചിത്രം - സൂര്യനും ഗ്രഹങ്ങളും
തീയതി : .................................... സമയം :60

| പ്രവർത്തനം | പ്രതികരണം |
|---|---|
| സൂര്യനുചുറ്റും സഞ്ചരിക്കുന്ന ഗ്രഹങ്ങളും രണ്ട് മിനുട്ട് ദൈര്ഘ്യമുള്ള ഒരു വീഡിയോ പ്രദര്ശിപ്പിക്കുന്നു ചര്ച്ച നടത്തുന്നു.<br><br>**ചർച്ചാ സൂചകങ്ങൾ**<br><br>സൂര്യനു ചുറ്റും വലം വയ്ക്കുന്നവയ്ക്കെല്ലാം ഒരു ആകൃതി തന്നെയാണോ? ഒരേ പാതയിലൂടെയാണോ ഇവ സഞ്ചരിക്കുന്നത്? കുറിപ്പുകൾ തയ്യാറാക്കൽചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ വച്ചു കൊണ്ട് | |

| | |
|---|---|
| സൂര്യനെക്കുറിച്ച് ഗ്രഹങ്ങളെക്കുറിച്ചും കുറിപ്പ് തയ്യാറാക്കുന്നു(ഗ്രൂപ്പ് പ്രവർത്തനം, ഗ്രൂപ്പ് തല വിലയിരുത്തൽ) ചിത്രീകരണം സൂര്യന്റേയും സൂര്യനു ചുറ്റും വലം വയ്ക്കുന്ന ഗ്രഹങ്ങളുടെയും ചിത്രം വരയ്ക്കുന്നു. | |

വിലയിരുത്തൽ : ഗ്രഹങ്ങൾ ഗോളാകൃതിയിൽ വരച്ചിട്ടുണ്ട് സ്ഥനക്രമമനുസരിച്ച് സൂര്യനും ഗ്രഹങ്ങളും ചിത്രീകരിച്ചിട്ടുണ്ട് കൃത്യമായ അകലം പാലിച്ച് സഞ്ചാര പാത വരച്ചിട്ടുണ്ട്. ചിത്രത്തിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുക**

പ്രവർത്തനത്തിന്റെ പേര് :ഉപഗ്രഹങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഗ്രഹങ്ങളെ വലംവയ്ക്കുന്ന ഗോളങ്ങളാണ് ഉപഗ്രഹങ്ങൾ ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ

പഠന സാമഗ്രികൾ: വീഡിയോ,പ്രവര് ത്തന മാതൃക

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് - ഗ്രഹങ്ങൾ, ഉപകരണങ്ങൾ ചിത്രം - സൂര്യനും ഭൂമിയും ചന്ദ്രനും, സൗരയൂഥത്തിലെ സ്ഥാന ക്രമത്തിൽ ചിത്രീകരിച്ചത്

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| സൂര്യനു ചുറ്റും കറങ്ങുന്ന ഭൂമിയും , ഭൂമിയ്ക്ക് ചുറ്റും വലംവയ്ക്കുന്ന ചന്ദ്രനും ദർശിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു ചിത്രീകരണം സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവയുടെ സ്ഥാനം അനുസരിച്ച് വീഡിയോയിൽ കണ്ടത് ചിത്രീകരിക്കുന്നു. ചർച്ച നടത്തുന്നു ചർച്ചാ സൂചകങ്ങൾ ഒരു ഗ്രഹമായ ഭൂമിയെ വലംവയ്ക്കുന്ന ചന്ദ്രനെ എന്തു പേരിൽ വിളിക്കാം? ഭൂമിക്ക് എത്ര പ്രകൃതിദത്ത ഉപഗ്രഹങ്ങൾ ഉണ്ട്? കുറിപ്പ് തയ്യാറാക്കൽ ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവയെ കുറിച്ച് തയ്യാറാക്കുന്നു ഗ്രൂപ്പ് തലത്തിൽ തയ്യാറാക്കിയത് അവതരിപ്പിക്കുന്നു | |

വിലയിരുത്തൽ : കുറിപ്പുകൾ

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഭ്രമണം, പരിക്രമണം എന്നിവ വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭൂമി സ്വയം കറങ്ങുന്നതിനെ ഭ്രമണം എന്നു പറയുന്നു
പഠന സാമഗ്രികൾ: ഗ്ലോബ്
പ്രതീക്ഷിത ഉല്പന്നങ്ങൾ: ഭ്രമണം-പ്രവർത്തന മാതൃക
തീയതി : ....................................          സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഭൂമി സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നതെങ്ങനെയെന്ന് ഗ്ലോബ്ബ് തിരിച്ച് നോക്കി കുട്ടികൾ സ്വയം നിരിക്ഷിക്കുന്നു. മനസ്സിലാക്കുന്നു. ചർച്ച നടത്തുന്നു. സൂചകങ്ങൾ ഭൂമി സ്വയം കറങ്ങുമ്പോൾ സ്ഥാനമാറ്റം സംഭവിക്കുന്നുണ്ടോ? ഭൂമി ഒരു തവണ സ്വയം കറങ്ങുന്നതിനെ ഭ്രമണം എന്നു വിളിയ്ക്കാം<br>2 അഭിനയം - സൂര്യനും ഭൂമിയുമായി അഭിനയിച്ചുകൊണ്ട് രണ്ട് കുട്ടികൾ ഭ്രമണം നടക്കുന്ന എങ്ങനെയെന്ന് അഭിനയിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) ഭ്രമണം എന്ന ആശയത്തെക്കുറിച്ച് നോട്ട് കുറിക്കുന്നു. അവതരിപ്പിക്കുന്നു സൗരയൂഥത്തിന്റെ വർക്കിംഗ് മോഡൽ നിരീക്ഷണം. അഭിനയം - വീഡിയോ പ്രദർശനം | |

വിലയിരുത്തൽ : കുറിപ്പ് ,പ്രവർത്തന മാതൃക
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഭ്രമണം, പരിക്രമണം എന്നിവ വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : വീഡിയോ (പരിക്രമണം) അഭിനയം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ചന്ദ്രൻ   ഭൂമിയെ പരിക്രമണം ചെയ്യുന്നു
പഠന സാമഗ്രികൾ: സൗരയൂഥത്തിന്റെ വർക്കിംഗ് മോഡൽ, വീഡിയോ, ചാർട്ട്
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് (ഭ്രമണം, പരിക്രമണം തമ്മിലുള്ള ബന്ധം)
തീയതി : ....................................          സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പരീക്ഷണം- ടോർച്ചിനെ സൂര്യൻ എന്ന രീതിയിൽ പ്രകാശ സ്രോതസ്സ് ക്രമീകരിച്ചുകൊണ്ട് ഗ്ലോബ് ഭൂമിയായി ക്രമീകരിക്കുക. ചന്ദ്രനെന്ന രീതി പന്ത് ഉപയോഗിച്ച് അതിന്റെ സ്വയം ഭ്രമണവും ഭൂമിക്ക് ചുറ്റുമുള്ള പരിക്രമണവും (വലത്തുനിന്ന് ഇടത്തോട്ട് ) ക്ലാസ്സിൽ പ്രദശിപ്പിക്കുന്നു ചർച്ച, ചന്ദ്രൻ ആരെയാണ് ചുറ്റുന്നത് ? ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുനതിനിടെ സൂര്യനെ ചുറ്റി സഞ്ചരിക്കുന്നുണ്ടോ? കുറിപ്പുകൾ തയ്യാറാക്കൽ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ് വരുന്ന ആശയങ്ങൾ കുറിക്കുന്നു. അവതരിപ്പിക്കുന്നു. (ചന്ദ്രന്റെ ഭ്രമണം, പരിക്രമണം) | |

വിലയിരുത്തൽ : കുറിപ്പുകൾ   -ചന്ദ്രന്റെ ഭ്രമണം, പരിക്രമണം
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

ദിനരാത്രങ്ങൾ ഉണ്ടാകുന്നതെങ്ങനെ എന്നുള്ള കുറിപ്പ് വിലയിരുത്തുന്നു. (ടീച്ചറുടെ വിലയിരുത്തൽ)

**പഠനനേട്ടം : അമാവാസി, പൗർണമി എന്നിവ എന്തെന്ന് വിശദീകരിക്കുക.**

പ്രവർത്തനത്തിന്റെ പേര് : അമാവാസി - റോൾ പ്ലേ ചർച്ച കുറിപ്പ് തയ്യാറാക്കൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സൂര്യൻ, ചന്ദ്രൻ, ഭൂമി, എന്ന സ്ഥാനക്രമത്തിൽ ഇവ നേർരേഖയിൽ വരുമ്പോൾ സൂര്യപ്രകാശം പതിക്കാത്ത ചന്ദ്രന്റെ ഭാഗം മാത്രം ഭൂമിക്ക് അഭിമുഖമായ വരുമ്പോൾ ചന്ദ്രനെ കാണാൻ കഴിയില്ല. ചന്ദ്രനെ തീരെ കാണാൻ കഴിയാത്ത ദിവസമാണ് അമാവാസി. അമാവാസി കറുത്തവാവ് എന്ന പേരിലും അറിയപ്പെടുന്നു.

പഠന സാമഗ്രികൾ: സൂര്യൻ, ഭൂമി, ചന്ദ്രൻ ഇവയുടെ ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് (അമാവാസി)

തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| റോൾപ്ലേ- മൂന്ന് കുട്ടികളെ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവയുടെ പ്രതീകങ്ങളാക്കി ഭൂമി ചന്ദ്രൻ എന്നിവയുടെ ഭ്രമണം, പരിക്രമണം എന്നിവ ക്ലാസ്സിൽ റോൾപ്ലേ ആയി അവതരിപ്പിക്കുന്നു. ചർച്ച അഭിനയത്തിനിടയിൽ സൂര്യൻ, ഭൂമി, ചന്ദ്രൻ, എന്നിവ നേർരേഖയിൽ വന്നുവോ? സൂര്യനും ഭൂമിയും ചന്ദ്രനും നേർരേഖയിൽ വരുമ്പോൾ അവയുടെ സ്ഥാനക്രമം എല്ലായ്പ്പോഴും ഒരുപോലെയാണോ? (പാഠപുസ്തകത്തിലെ ചിത്രം കാണിക്കുന്നു) സൂര്യൻ ചന്ദ്രൻ ഭൂമി എന്ന ക്രമത്തിൽ നേർരേഖയിൽ വരുന്നുണ്ടോ ?അപ്പോൾ ചന്ദ്രനിൽ സൂര്യപ്രകാശം പതിക്കുന്ന ഭാഗം എല്ലായ്പ്പോഴും ഭൂമിക്ക് അഭിമുഖമായി വരുന്നുണ്ടോ? കുറിപ്പ് തയ്യാറാക്കൽ- ക്രോഡീകരിച്ച ആശയങ്ങൾ നോട്ടു ബുക്കിൽ കുറിക്കുന്നു. അവതരിപ്പിക്കുന്നു | |

വിലയിരുത്തൽ : കുറിപ്പു വിലയിരുത്തൽ

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഭ്രമണത്തിന്റെ ഫലമായാണ് ദിനാരാത്രങ്ങൾ ഉണ്ടാകുന്നത് എന്ന് പ്രസ്താവിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ ഭൂമി ഭ്രമണം ചെയ്യുന്നതിനാൽ ഭൂമിയുടെ ഒരു ഭാഗത്ത് പകലും മറുഭാഗത്ത് രാത്രിയും മാറിമാറി വരുന്നു

പഠന സാമഗ്രികൾ: ഗ്ലോബ്, കറുത്ത തുണി , ടോർച്ച്

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് - ദിനരാത്രങ്ങൾ

തീയതി : .................................... സമയം 60

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| പരീക്ഷണം1-ക്ലാസ്സ് മുറിയിലെ ജനലുകളും വാതിലുകളും അടക്കുന്നു. കറുത്ത തുണി ഉപയോഗിച്ച് ജനലുകൾ മൂടുന്നു. അങ്ങനെ രാത്രി എന്ന അനുഭവം സൃഷ്ടിക്കുന്നു. പരീക്ഷണം 2- അധ്യാപികയും കുട്ടികളും ചേർന്ന് ഗ്ലോബിന്റെ ഒരു വശത്ത് ടോർച്ച് അടിക്കുന്നു (ടോർച്ചിനെ സൂര്യനായി സങ്കല്പ്പിക്കുന്നു) ഇരുട്ടായതിനാൽ ആ വശത്തു മാത്രം വെളിച്ചവും മറു വശത്ത് ഇരുട്ടും കാണുന്നു. ചർച്ച – രാത്രിയിൽ എന്തെങ്കിലും കാണാൻ സാധിക്കുമോ? പകൽ ആരാണ് നമുക്ക് പ്രകാശം നല്കുന്നത്? ഭൂമിയുടെ ഒരു വശത്ത് പ്രകാശം പതിക്കുമ്പോൾ മറുവശത്ത് വെളിച്ചം ലഭിക്കുമോ ? | |

| | |
|---|---|
| കുറിപ്പ് തയ്യാറാക്കൽ- ചർച്ചയുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ പരിസരപഠന പുസ്തകത്തിൽ കുറിപ്പായി എഴുതുന്നു. (ഭൂമി ഭ്രമണം ചെയ്യുന്നതിനാൽ ഭൂമിയുടെ ഒരു ഭാഗം പകലും മറുഭാഗത്ത് രാത്രിയും മാറിമാറി വരുന്നു) | |

വിലയിരുത്തൽ :ദിനരാത്രങ്ങൾ ഉണ്ടാകുന്നതെങ്ങനെ എന്നുള്ള കുറിപ്പ് വിലയിരുത്തുന്നു. (ടീച്ചറുടെ വിലയിരുത്തൽ) കുറിപ്പുകൾ-ചന്ദ്രന്റെ ഭ്രമണം, പരിക്രമണം

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : അമാവാസി, പൗർണമി എന്നിവ എന്തെന്ന് വിശദീകരിക്കുക.**

പ്രവർത്തനത്തിന്റെ പേര് : പൗർണമി ) വീഡിയോ പ്രദർശനം ) ചിത്രീകരണം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സൂര്യൻ, ഭൂമി, ചന്ദ്രൻ എന്ന ക്രമത്തിൽ നേർരേഖയിൽ വരുമ്പോൾ ചന്ദ്രനിൽ പ്രകാശം പതിക്കുന്ന ഭാഗം ഭൂമിക്ക് അഭിമുഖമായി വരുന്നു. ചന്ദ്രന്റെ പ്രകാശത്തിന്റെ ഭാഗമായി വരുന്ന തുടർ പ്രവർത്തനങ്ങൾ ചന്ദ്രന്റെ പ്രകാശത്തിന്റെ ഭാഗം പൂർണമായും കാണാൻ കഴിയുന്ന ദിവസമാണ് പൗർണമി. പൗർണമി വെളുത്തവാവ് എന്ന പേരിലും അറിയപ്പെടുന്നു. അമാവാസി, പൗർണമി ഇവ തമ്മിലുള്ള വ്യത്യാസം

പഠന സാമഗ്രികൾ: വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ചിത്രങ്ങൾ (അമാവാസി, പൗർണമി) കുറിപ്പ്

തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ചർച്ച- (വിലയിരുത്തൽ) അമാവാസി എന്നാൽ എന്താണ്? സൂര്യൻ ഭൂമി, ചന്ദ്രൻ, എന്ന ക്രമത്തിൽ ഇവ നേർരേഖയിൽ വരുമ്പോൾ സൂര്യപ്രകാശം പതിക്കുന്ന ചന്ദ്രന്റെ ഭാഗം ഭൂമിക്ക് അഭിമുഖമായി വരുന്നുണ്ടോ ? ഇപ്പോൾ<br>ൾ, ചന്ദ്രനെ കാണാൻ കഴിയുമോ? പൗർണമി എന്ന ആശയം ക്രോഡീകരിച്ച ആശയം കുറിക്കുന്നു അവതരിപ്പിക്കുന്നു. കുറിപ്പ് തയ്യാറാക്കൽ- ക്രോഡീകരിച്ച ആശയം കുറിക്കുന്നു. അവതരിപ്പിക്കുന്നു ചിത്രീകരണം - ഗ്രൂപ്പ് തല പ്രവർത്തനം, അമാവാസി, പൗർണമി എന്നിവ ഗ്രൂപ്പ് തലത്തിൽ ചാർട്ടിൽ ചിത്രീകരിക്കുന്നു. പ്രദർശിപ്പിക്കുന്നു. | |

വിലയിരുത്തൽ : അമാവാസി- പൗർണമി ചിത്രങ്ങൾ വിലയിരുത്തൽ

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ വിശദീകരിക്കുന്നു, പ്രവചിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : പ്രോജക്ട് (ചന്ദ്രനെ നിരീക്ഷിക്കൽ - കറുത്തവാവ് മുതല് വെളുത്തവാവ് വരെ)

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ചന്ദ്രകലയുടെ വളർച്ച കറുത്തവാവിനും വെളുത്തവാവിനും ഇടയിൽ 14 ദിവസങ്ങളുണ്ട്.

പഠന സാമഗ്രികൾ: ചാർട്ട് പേപ്പർ, മാർക്കർ, കലണ്ടർ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പ്രോജക്ട് റിപ്പോർട്ട്

തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| കടങ്കഥ അവതരണം - ഉത്തരം കണ്ടെത്താമോ (ആകാശത്തൊരു തേങ്ങാപ്പൂൾ) എന്ന കടങ്കഥ ക്ലാസ്സിൽ ഉന്നയിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു. ചർച്ച - തേങ്ങാപ്പൂളു പോലെ ചന്ദ്രനെ നിങ്ങൾ ആകാശത്ത് കണ്ടിട്ടുണ്ടോ. അതു വലുതായിവരുന്നത് ഓരോ ദിവസവും രാത്രിയിൽ നിരീക്ഷിച്ച് പാഠപുസ്തകത്തിലെ പട്ടികയിൽ രേഖപ്പെടുത്തുകയും രൂപം വരയ്ക്കുകയും ചെയ്ത് കണ്ടെത്താനുള്ള നിരീക്ഷണം പ്രോജക്ട് കുട്ടികൾ ഏറ്റെടുക്കുന്നു ഓരോ ദിവസവും നിരീക്ഷിച്ച് വരച്ച ചിത്രങ്ങളിൽ അവതരിപ്പിക്കുന്നു. ഒരു ചാർട്ട് പേപ്പറിൽ കുട്ടികളുടെ നിരീക്ഷണ പ്രോജക്ടിന്റെ റിപ്പോർട്ട് തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. (ക്ലാസ്സ് തല പ്രവർത്തനം) (എത്ര ദിവസം കൊണ്ടാണ് ചന്ദ്രൻ പൂർണ്ണ രൂപത്തിലെത്തുന്നത്?)<br>കലണ്ടർ പരിശോധിച്ച് അടുത്തടുത്ത രണ്ടു വെളുത്തവാവുകൾക്കിടയിലെ ദിവസങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്നു. ഒരു കറുത്തവാവിനുശേഷം അടുത്ത വെളുത്ത വാവിനുശേഷം ദിവസങ്ങൾ രേഖപ്പെടുത്തുന്നു. ക്ലാസ് തല അവതരണം. ക്രോഡീകരണം | |

വിലയിരുത്തൽ : പ്രോജക്ട് റിപ്പോർട്ട് കണ്ടെത്തൽ
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :
കൃത്രിമ ഉപഗ്രഹങ്ങളെപ്പറ്റി ലളിതമായി നിർവചിക്കുന്നു.

**പഠനനേട്ടം : ഭൂമിക്ക് ഒരു പരിക്രമണത്തിനെടുക്കുന്ന സമയമാണ് ഒരു വർഷം എന്ന് പ്രസ്താവിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പരിക്രമണവുമായി
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭൂമി പരിക്രമണത്തിനെടുക്കുന്ന സമയമാണ് 365 കാൽ ദിവസം ഇതിനെയാണ് ഒരു വർഷം എന്നു പറയുന്നത്
പഠന സാമഗ്രികൾ: വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: 1) കുറിപ്പ് ചിത്രം - ഭൂമിയുടെ പരിക്രമണം
തീയതി : .................................... സമയം : 45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| പരിക്രമണവുമായി ബന്ധപ്പെട്ട ഒരു അനിമേഷൻ വീഡിയോ പ്രദർശിപ്പിക്കുന്നു ചർച്ച – ഭൂമി ഒരു തവണ പരിക്രമണം പൂർത്തിയാക്കുന്നതിന് എത്ര സമയം എടുക്കും ഒരു വർഷം എത്ര ദിവസമാണ്? കുറിപ്പ് തയ്യാറാക്കൽ- ചർച്ചയിലൂടെ കണ്ടെത്തി നിഗമനങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കുന്നു.<br>ചിത്രീകരണം - ഭൂമി സൂര്യനു ചുറ്റും പരിക്രമണം നടത്തുന്നതിന്റെ ചിത്രം വരയ്ക്കുന്നു അവതരണം (ഗ്രൂപ്പു തല, ക്ലാസ് തല വിലയിരുത്തൽ) | |

വിലയിരുത്തൽ : കുറിപ്പ് വിലയിരുത്തുന്നു. (ടീച്ചർ) ഭൂമിയുടെ പരിക്രമണം ചിത്രങ്ങൾ
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 7 കല്ലായ്...കാറ്റായ്..

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | ഖര വസ്തുക്കളുടെ പൊതു സ്വാഭാവങ്ങൾ പ്രസ്താവിക്കുന്നു ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു. | പരീക്ഷണങ്ങൾ ചെയ്യുന്നു.നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | വിവിധ ഖര വസ്തുക്കൾ, ദ്രാവകങ്ങൾ, ബക്കറ്റ് പാത്രം, ജല ചക്രമുണ്ടാക്കാനുള്ള സാമഗ്രികൾ ,ജല വൈദ്യുത നിലയം വീഡിയോ, വിവിധ ആകൃതിയിലുള്ള പാത്രങ്ങൾ | ദ്രാവകത്തിന് സ്ഥിതി ചെയ്യുന്ന പാത്രത്തിന്റെ ആകൃതിയാണ്. ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്. ഖര വസ്തുക്കൾക്ക് ആകൃതി, ഭാരം ഉണ്ട്. ഖര വസ്തുക്കൾക്ക് ഇരിക്കാൻ സ്ഥലം ആവശ്യമാണ്. വിവിധതരം ദ്രാവകങ്ങളുടെ ഖര വസ്തുക്കളും ഉണ്ട്. | പരീക്ഷണ കുറിപ്പുകൾ, ജലചക്രം. | ഖര വസ്തുക്കൾക്കും, ദ്രാവക വസ്തുക്കൾക്കും ഉള്ള പൊതു സവിശേഷതകൾ എന്തെല്ലാം | 330 |
| | വാതകങ്ങളുടെ പ്രത്യേകതകൾ തിരച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. | മൊട്ട് സൂചി ബലൂൺ നിർമ്മാണം, ബലൂണ് ബോട്ട്, ബലൂൺ റോക്കറ്റ് നിർമ്മാണം, പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ബലൂൺ, മൊട്ട് സൂചി, കാർഡ് ബോർഡ് പെട്ടി, സോപ്പ് പെട്ടി, സ്ട്രോ, ചരട്, സെലോടേപ്പ്, ഗ്ലാസ്, പേപ്പർ, വെള്ളം, ചന്ദനത്തിരി, തീപ്പെട്ടി ,വീഡിയോ(കാറ്റാടിപ്പാടം, പായ്കപ്പൽ ) | വാതകങ്ങൾക്ക് നിശ്ചിത ആകൃതി ഇല്ല വാതകങ്ങൾക്ക് ഭാരമുണ്ട് | പരീക്ഷണകുറിപ്പ്, നിരീക്ഷണകുറിപ്പ്, ബലൂൺ ബോട്ട്, ബലൂൺ റോക്കറ്റ് | വായുവിന്റെ സവിശേഷതകൾ എന്തെല്ലാം? | 330 |
| | ജലത്തിന് മൂന്ന് അവസ്ഥകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു. | പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.പരീക്ഷണകുറിപ്പ് തയാറാക്കുന്നു | നീരാവി ഉണ്ടാകുന്ന വീഡിയോ, ബീക്കർ, സ്റ്റാന്റ്, സ്പിരിറ്റ് ലാംമ്പ്,തീപ്പെട്ടി, അടപ്പ്, ഐസുണ്ടാക്കുന്ന വീഡിയോ | ജലത്തിന് മൂന്നവസ്ഥകൾ ഉണ്ട് | പരീക്ഷണകുറിപ്പ് | ജലത്തിന്റെ മൂന്നവസ്ഥകൾ ഏതെല്ലാം? | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലുള്ള വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു. ചുറ്റുമുള്ള വസ്തുക്കളുടെ പൊതു സ്വാഭാവങ്ങൾ ക്രോഡീകരിച്ച് പ്രസ്താവിക്കുന്നു. സമഗ്രാസൂത്രണം | ചുറ്റുപാടുമുള്ള വസ്തുക്കളുടെ പൊതു സ്വഭാവം കണ്ടെത്തുന്നു പട്ടിക പൂർത്തിയാക്കുന്നു. | വിവിധതരം ഖര വസ്തുക്കൾ, വെള്ളം, ബക്കറ്റ്, കപ്പ്, ബലൂൺ, ഗ്യാസ് സ്റ്റൗ, പാത്രങ്ങൾ | ദ്രവ്യത്തിന്റെ വിവിധ അവസ്ഥകൾ | ദ്രവ്യത്തിന്റെ പൊതു സ്വഭാവങ്ങൾ, പട്ടിക | ദ്രവ്യത്തിന്റെ പൊതു സ്വഭാവങ്ങൾ പട്ടിക പൂർത്തീകരണം | 60 |

**പഠനനേട്ടം ഖര വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ പ്രസ്താവിക്കുന്നു ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.**

പ്രവർത്തനത്തിന്റെ പേര് : **ഖരം, ദ്രാവകം**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ദ്രാവകത്തിന് സ്ഥിതി ചെയ്യുന്ന പാത്രത്തിന്റെ ആകൃതിയാണ്. ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്. ഖര വസ്തുക്കൾക്ക് ആകൃതി, ഭാരം ഉണ്ട്. ഖര വസ്തുക്കൾക്ക് ഇരിക്കാൻ സ്ഥലം ആവശ്യമാണ്. വിവിധതരം ദ്രാവകങ്ങളുടെ ഖര വസ്തുക്കളും ഉണ്ട്.

പഠന സാമഗ്രികൾ: വിവിധ ഖര വസ്തുക്കൾ, ദ്രാവകങ്ങൾ, ബക്കറ്റ് പാത്രം, ജല ചക്രമുണ്ടാക്കാനുള്ള സാമഗ്രികൾ ,ജല വൈദ്യുത നിലയം വീഡിയോ, വിവിധ ആകൃതിയിലുള്ള പാത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പരീക്ഷണ കുറിപ്പുകൾ, ജല ചക്രം

തീയതി : .................................... സമയം : 330 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം1<br>ടീച്ചർ പ്രശ്നം അവതരിപ്പിക്കുന്നു<br>ഒരു ബക്കറ്റ് നിറയെ വെള്ളമുണ്ട്. ബക്കറ്റിനടുത്ത് വ്യത്യസ്ത വലുപ്പത്തിലുള്ള ഇഷ്ടിക, കല്ല് മരക്കട്ട, ഇരുമ്പു കഷണം, എന്നിവയുണ്ട്. ഇതിൽ ഏതു വസ്തു ബക്കറ്റിലിടുമ്പോഴാണ് കൂടുതൽ വെള്ളം കവിഞ്ഞൊഴുകുന്നത്. എന്തുകൊണ്ടാണ് വെള്ളം പുറത്തേക്ക് പോകുന്നത്.<br>കുട്ടികൾ വ്യക്തിഗതമായി ഊഹം രേഖപ്പെടുത്തുന്നു. അവതരണം<br>എങ്ങനെ കണ്ടെത്താം? എന്തൊക്കെ സാധനങ്ങൾ വേണം?<br>പരീക്ഷണം എങ്ങനെ ചെയ്യാം?<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു.<br>പരീക്ഷണം ആസൂത്രണം ചെയ്യുന്നു.<br>ആസൂത്രണത്തിൽ തലക്കെട്ട്, ലക്ഷ്യം, സാമഗ്രികൾ പ്രവർത്തന ക്രമം ഇവ ഉണ്ടാകണമെന്ന നിർദ്ദേശം നൽകുന്നു.<br>രൂപകൽപന അവതരിപ്പിക്കുമ്പോൾ താഴെകൊടുത്തിരിക്കുന്ന കാര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br>ബക്കറ്റിനടിയിൽ പാത്രം വയ്ക്കണം<br>ഓരോ വസ്തുക്കൾ ഇടുമ്പോഴും പുറത്തേക്ക് പോകുന്ന വെള്ളം അളവു പാത്രം ഉപയോഗിച്ച് അളക്കണം<br>പരീക്ഷണം ചെയ്യുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>ഓരോ വസ്തുവിനും സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്. കൂടുതൽ വലുപ്പമുള്ള വസ്തുക്കൾക്ക് സ്ഥിതി ചെയ്യാൻ കൂടുതൽ സ്ഥലം ആവശ്യമാണ്.<br>കുട്ടികൾ പരീക്ഷണകുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.<br>ഘട്ടം 2<br>പല ആകൃതിയിലുള്ള ഗ്ലാസ് പാത്രങ്ങളിൽ വ്യത്യസ്ത അളവിൽ നിറമുള്ള ദ്രാവകം പ്രദർശിപ്പിക്കുന്നു. ഇതിലുള്ള ദ്രാവകത്തിന്റെ ആകൃതി എന്താണ് എന്ന ചോദ്യം ഉന്നയിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.<br>ദ്രാവകങ്ങൾക്ക് നിശ്ചിതമായ ആകൃതി ഉണ്ടോ? | |

| | |
|---|---|
| ഊഹം രേഖപ്പെടുത്തുന്നു<br>എങ്ങനെ കണ്ടെത്താം. ഏതൊക്കെ സാധനങ്ങൾ വേണം. പരീക്ഷണം എങ്ങനെ ചെയ്യാം<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു.<br>പരീക്ഷണം ആസൂത്രണം ചെയ്യുന്നു.<br>പരീക്ഷണത്തിന് തലക്കെട്ട്, ലക്ഷ്യം, സാമഗ്രി, പ്രവർത്തന ക്രമം ഇവ ഉണ്ടാകണമെന്ന നിർദ്ദേശം നല്കുന്നു. രൂപകല്പന അവതരിപ്പിക്കുന്നു.<br>ഒരു കപ്പിൽ വെള്ളം എടുക്കണം.ആകൃതി രേഖപ്പെടുത്തണം. പല ആകൃതിയിലുള്ള പാത്രങ്ങളിലേക്ക് കപ്പിലെ വെള്ളം ഒഴിക്കണം. ആകൃതി രേഖപ്പെടുത്തണം<br>പരീക്ഷണം ചെയ്യുന്നു.<br>കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.<br>ഒരേ ആകൃതി ആണോ?<br>ആകൃതി മാറാൻ എന്താണ് കാരണം?<br>ക്രോഡീകരണം<br>ദ്രാവകങ്ങൾക്ക് നിശ്ചിതമായ ആകൃതി ഇല്ല. അത് ഉൾകൊള്ളുന്ന പാത്രത്തിന്റെ ആകൃതിയിൽ സ്ഥിതി ചെയ്യുന്നു.<br>ദ്രാവകങ്ങൾക്ക് ഉദാഹരണം ഏതെല്ലാം? കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു.<br>ഘട്ടം 3<br>ഒരു കല്ല് ഗ്ലാസ് പാത്രത്തിൽ വച്ച് കാണിക്കുന്നു.<br>കല്ലിന്റെ ആകൃതി എന്താണ്? കുട്ടികൾ പ്രതികരിക്കുന്നു.<br>ഇരിക്കുന്ന പാത്രത്തിന്റെ ആകൃതിയാണോ കല്ലിന്?<br>വാവട്ടം ചെറുതായ ഒരു കുപ്പി പ്രദർശിപ്പിക്കുന്നു.<br>ഈ കല്ലിനെ ഈ കുപ്പിയിൽ കയറ്റാൻ കഴിയുമോ?എന്തുകൊണ്ട്?<br>നിശ്ചിതമായ ആകൃതിയുള്ള മറ്റ് വസ്തുക്കൾ ഏതെല്ലാം?ഇവയുടെ പൊതു പേരെന്താണ്.<br>കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>നിശ്ചിതമായ ആകൃതിയുള്ള വസ്തുക്കൾ ഉണ്ട്. ഇവയാണ് ഖരങ്ങൾ<br>ഘട്ടം 4<br>ഖര വസ്തുക്കൾക്കും ദ്രാവകങ്ങൾക്കും ഭാരമുണ്ടോ എന്ന ചോദ്യം ഉന്നയിക്കുന്നു.<br>കുട്ടികൾ ഊഹം രേഖപ്പെടുത്തുന്നു.<br>എങ്ങനെ കണ്ടെത്താം? എന്തെല്ലാം സാധനങ്ങൾ വേണം?<br>പരീക്ഷണം എങ്ങനെ ചെയ്യാം?<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു. പരീക്ഷണം ആസൂത്രണം ചെയ്യുന്നു.<br>ആസൂത്രണത്തിന് തലക്കെട്ട്, ലക്ഷ്യം, സാമഗ്രികൾ പ്രവർത്തന ക്രമം ഇവ ഉണ്ടാകണമെന്ന് നിർദ്ദേശം നല്കുന്നു. രൂപകല്പന അവതരിപ്പിക്കുന്നു.<br>ഖര വസ്തുക്കളെ ത്രാസിൽ തൂക്കി നോക്കുക. ദ്രാവകങ്ങൾ പാത്രങ്ങളിൽ എടുത്ത് തൂക്കി നോക്കുക. പാത്രത്തിലെ ദ്രാവകങ്ങൾ മാറ്റിയ ശേഷം പാത്രത്തെ | |

| | |
|---|---|
| തൂക്കിനോക്കുക.<br>പരീക്ഷണം ചെയ്യുന്നു.<br>കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.<br>ക്രോഡീകരണം<br>ഖരവസ്തുക്കൾക്ക് ഭാരമുണ്ട്. ദ്രാവകങ്ങൾക്ക് ഭാരമുണ്ട്.<br>ഘട്ടം 5<br>ജല വൈദ്യുത നിലയത്തിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ടർബൈന്റെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ജലവൈദ്യുത നിലയത്തിൽ വൈദ്യുതി ഉണ്ടാക്കാനായി ജലം എങ്ങനെയാണ് ഉപയോഗിക്കുന്നത്.<br>കുട്ടികൾ പ്രതികരിക്കുന്നു.<br>ജല വൈദ്യുത നിലയത്തിലെ ടർബൈൻ ജലം ഉപയോഗിച്ച് കറക്കുന്ന വീഡിയോ കാണിക്കുന്നു.<br>ചർച്ച – ടർബൈനെ കറക്കുന്നത് ആരാണ്<br>ജലത്തിന് ശക്തിയുണ്ടോ?<br>ക്രോഡീകരണം<br>ഒഴുകുന്ന ജലമാണ് ടർബൈനെ കറക്കുന്നത് ഒഴുകുന്ന ദ്രാവകങ്ങൾക്ക് ശക്തിയുണ്ട്.<br>ഘട്ടം 6<br>ജല ചക്രം എങ്ങനെ നിർമ്മിക്കാം, ഏന്തൊക്കെ സാധനങ്ങൾ വേണം?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>കുട്ടികൾ ജലചക്രം നിർമ്മിക്കുന്നു. തുറന്ന ടാപ്പിൽ കാണിച്ച് ജലചക്രം പ്രവർത്തിക്കുന്നു.<br>ജല ചക്രം നിർമ്മിച്ച രീതി കുറിപ്പായി എഴുതുന്നു.<br>അവതരണം പാഠ പുസ്തകത്തിലെ നിറം നല്കൽ പ്രവർത്തനം ചെയ്യുന്നു.<br>ഘട്ടം 7<br>ദ്രാവകങ്ങൾക്ക് ഒഴുകാൻ കഴിയുന്നു. ഖര വസ്തുക്കൾക്ക് ഒഴുകാൻ കഴിയുമോ?<br>കൂട്ടികൾ പ്രതികരിക്കുന്നു<br>ദ്രാവകങ്ങളും ഖരങ്ങളും തമ്മിൽ എന്തെല്ലാം സാമ്യ വ്യത്യാസങ്ങൾ ഉണ്ട്.<br>പട്ടിക പ്രദർശിപ്പിക്കുന്നു | |

| ഖരം | ദ്രാവകം |
|---|---|
| | |
| ഒഴുകുന്നില്ല | |
| ഇരിക്കാൻ സ്ഥലം ആവശ്യമാണ് | |
| | ഭാരമുണ്ട് |

വിലയിരുത്തൽ : ഖര വസ്തുക്കൾക്കും, ദ്രാവക വസ്തുക്കൾക്കും ഉള്ള പൊതു സവിശേഷതകൾ എന്തെല്ലാം.

റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : ജല വൈദ്യുത നിലയത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കണ്ടെത്തുന്നു.
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വാതകങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : **വായു**
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാതകങ്ങൾക്ക് നിശ്ചിത ആകൃതി ഇല്ല വാതകങ്ങൾക്ക് ഭാരമുണ്ട്
പഠന സാമഗ്രികൾ: ബലൂൺ, മൊട്ട് സൂചി, കാർഡ് ബോർഡ് പെട്ടി, സോപ്പ് പെട്ടി, സ്ട്രോ, ചരട്, സെലോടേപ്പ്, ഗ്ലാസ്, പേപ്പർ, വെള്ളം, ചന്ദനത്തിരി, തീപ്പെട്ടി ,വീഡിയോ(കാറ്റാടിപ്പാടം, പായ്കപ്പൽ )
പ്രതീക്ഷിത ഉല്പന്നങ്ങൾ: പരീക്ഷണകുറിപ്പ്, നിരീക്ഷണകുറിപ്പ്, ബലൂൺ ബോട്ട്, ബലൂൺ റോക്കറ്റ്
തീയതി : .................................... സമയം : 330 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>ടീച്ചർ ബലൂൺ ഊതി വീർപ്പിക്കുന്നു.<br>ഇപ്പോൾ ബലൂണിനകത്ത് എന്താണ്?<br>കുട്ടികൾ പ്രതികരിക്കുന്നു<br>കുട്ടികളും അധ്യാപികയും ബലൂൺ ഊതി വീർപ്പിക്കുന്നു. ബലൂണിൽ മൊട്ടു സൂചി തറയ്ക്കുന്നു. ബലൂൺ പൊട്ടുന്നു.<br>ടീച്ചര് ബലൂണ് ഊതുന്നു. ബലൂണിന്റെ വാകെട്ടുന്നു.<br>ഒരു സെലോടേപ്പ് ബലൂണിൽ ഒട്ടിക്കുന്നു.<br>സെലോടേപ്പിൽ മൊട്ട് സൂചി തറയ്ക്കുന്നു. ബലൂൺ പൊട്ടുന്നില്ല.<br>ടീച്ചർ ചെയ്തതുപോലെ കുട്ടികളും ചെയ്യുന്നു.<br>ബലൂണിൽ ധാരാളം മൊട്ടു സൂചി സെലോടേപ്പ് ഉപയോഗിച്ച് തറയ്ക്കുന്നു.<br>ഘട്ടം 2<br>പാഠ പുസ്തകത്തിലെ ബലൂൺ ബോട്ടിന്റെ ചിത്രം നിരീക്ഷിക്കുന്നു.<br>ബലൂൺ ബോട്ട് എങ്ങനെ നിർമ്മിക്കാം.<br>കുട്ടികൾ പാഠ ഭാഗത്തിലെ ബലൂൺ ബോട്ട് നിർമ്മിക്കുന്ന രീതി വായിക്കുന്നു.<br>നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. സഹായത്തിനായി വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഘട്ടം 3<br>വായുവിന് ആകൃതിയുണ്ടോ?<br>കുട്ടികൾ പ്രതികരിക്കുന്നു. പല ആകൃതിയിലുള്ള ബലൂണുകൾ ഊതി വീർപ്പിക്കുന്നു.<br>ഇപ്പോൾ ബലൂണിനകത്ത് എന്താണുള്ളത്? കുട്ടികൾ പ്രതികരിക്കുന്നു.<br>ബലൂണുകളുടെ വായ്ഭാഗം തുറക്കുന്നു.<br>ഇതിനകത്തുണ്ടായിരുന്ന വായു ഇപ്പോൾ എവിടെയാണ്?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>പുറത്ത് പോയ വായുവിന്റെ ആകൃതി എന്താണ്?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു<br>വായുവിന് നിശ്ചിത ആകൃതി ഇല്ല. | |

| | |
|---|---|
| ഘട്ടം 4<br>ബലൂൺ റോക്കറ്റ് പ്രവർത്തിക്കുന്ന വീഡിയോ കാണിക്കുന്നു. ബലൂൺ റോക്കറ്റ് നിർമ്മിക്കുന്നു.<br>വായു പുറത്തേക്ക് പോയപ്പോൾ ബലൂൺ ഏത് ഭാഗത്തേക്കാണ് പോയത്? എന്തുകൊണ്ട്?<br>ചർച്ച<br>വായുവിന് ശക്തിയുണ്ടോ?<br>നിശ്ചലമായിരിക്കുന്ന വസ്തുക്കളെ ചലിപ്പിക്കാൻ വായുവിന് കഴിയുമോ?<br>പാഠ ഭാഗം കാറ്റിന്റെ ശക്തി വായിക്കുന്നു.<br>കാറ്റാടിപ്പാടം വീഡിയോ പ്രദർശിപ്പിക്കുന്നു.<br>പായ് ക്കപ്പൽ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>വായുവിന് ശക്തിയുണ്ട്<br>ഘട്ടം 5<br>വായുവിന് ഭാരമുണ്ടോ? എന്ന പ്രശ്നം ഉന്നയിക്കുന്നു. കുട്ടികൾ ഊഹം രേഖപ്പെടുത്തുന്നു.<br>എങ്ങനെ കണ്ടെത്തും. എന്തെല്ലാം സാധനങ്ങൾ വേണം പരീക്ഷണം എങ്ങനെ ചെയ്യാം<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ പരീക്ഷണം രൂപകല്പന ചെയ്യുന്നു. പാഠ പുസ്തകത്തിലെ എനിക്കും ഭാരമുണ്ടേ.. വായിക്കുന്നു.<br>രൂപ കല്പന അവതരിപ്പിക്കുന്നു.<br>വീർപ്പിച്ച രണ്ടു ബലൂണുകൾ ഒരു സ്കെയിന്റെ രണ്ടഗ്രത്തിലായി കെട്ടണം.സ്കെയിലിന്റെ നടുക്ക് ചരടുകെട്ടി ബാലൻസ് ചെയ്യണം.ഒരു ബലൂണിനെ മൊട്ടുസൂചി കൊണ്ട് കുത്തണം.<br>കുട്ടികൾ പരീക്ഷണത്തിൽ ഏർപ്പെടുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.<br>വായുവിന് ഭാരമുണ്ട്<br>പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു.<br>ഘട്ടം 6<br>വായുവിന് ഇരിക്കാൻ സ്ഥലം ആവശ്യമാണോ?<br>കുട്ടികൾ ഊഹം രേഖപ്പെടുത്തുന്നു.<br>എങ്ങനെ കണ്ടെത്തും? എന്തൊക്കെ സാധനങ്ങൾ വേണം?<br>പരീക്ഷണം എങ്ങനെ ചെയ്യും?<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു. പാഠപുസ്തകത്തിലെ ഒളിച്ചിരിക്കുന്നത് എന്ന ഭാഗത്തിന്റെ സഹായത്തോടെ പരീക്ഷണം രൂപകല്പന ചെയ്യുന്നു.<br>അവതരിപ്പിക്കുന്നു<br>ഒരു ബക്കറ്റിൽ വെള്ളം എടുക്കണം.ഒരു ഗ്ലാസിൽ തൂവാല ചുരുട്ടി വെയ്കണം.ഗ്ലാസ് കമഴ്ത്തി ബക്കറ്റിലിറക്കണം.ഗ്ലാസ്<br>ഉയർത്തണം.തൂവാല നിരീക്ഷിക്കണം.<br>പരീക്ഷണത്തിൽ ഏർപ്പെടുന്നു.<br>കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. | |

| | |
|---|---|
| ടീച്ചർ ക്രോഡീകരിക്കുന്നു.<br>വായുവിന് ഇരിയ്ക്കാൻ സ്ഥലം ആവശ്യമാണ്.<br>പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു.<br>തയ്യാറാക്കിയ പരീക്ഷണകുറിപ്പും പാഠ പുസ്തകത്തിലെ ലിനയുടെ പരീക്ഷണകുറിപ്പും തമ്മിൽ താരതമ്യം ചെയ്യുന്നു. കൂട്ടി ചേർക്കലുകൾ നടത്തുന്നു.<br>ഘട്ടം 7<br>കൂട്ടുകാരൻ സെന്റ് പൂശി ക്ലാസിൽ വന്നാൽ നിങ്ങൾക്കതിന്റെ മണം അറിയാൻ കഴിയുമോ?<br>അടുക്കളയിൽ ചക്ക പായസം ഉണ്ടാക്കിയാൽ വീടിന് പുറത്ത് നില്ക്കുന്നവർക്ക് മണം അറിയില്ലേ?<br>ഈ മണം എങ്ങനെയാണ് അറിയുന്നത്? എന്നീ ചോദ്യങ്ങൾ ഉന്നയിക്കുന്നു.കുട്ടികൾ പ്രതികരിക്കുന്നു.<br>ടീച്ചറും കുട്ടികളും ചേർന്ന് ഒരു പരീക്ഷണം ചെയ്യുന്നു.<br>ഒരു കാർഡ് ബോർഡ് പെട്ടിയിൽ ചന്ദനത്തിരി കത്തിച്ച് അല്പ സമയം അടച്ചുവയ്ക്കുന്നു. പെട്ടി തുറക്കുന്നു. പുക അന്തരീക്ഷത്തിൽ പടരുന്നത് നിരീക്ഷിക്കുന്നു.<br>ചന്ദനത്തിരിയുടെ സുഗന്ധം അനുഭവപ്പെട്ടോ?<br>ഇവിടെ എന്താണ് സംഭവിച്ചത്? ടീച്ചർ ക്രോഡീകരിക്കുന്നു.<br>ചന്ദനത്തിരിയുടെ മണം കലർന്ന വായു വ്യാപിക്കുന്നതുകൊണ്ടാണ് നമുക്ക് മണം കിട്ടിയത്. വായു വ്യാപിക്കും.<br>ഘട്ടം 8<br>വായുവിന്റെ പൊതു സവിശേഷതകൾ എന്തെല്ലാം ?<br>പ്രതികരണം<br>ഭാരമുണ്ടോ?<br>ആകൃതിയുണ്ടോ?<br>ഇരിയ്ക്കാൻ സ്ഥലം ആവശ്യമാണോ?<br>വ്യാപിക്കുമോ?<br>ശക്തിയുണ്ടോ?<br>ക്രോഡീകരണം<br>വായുവിന് ഭാരം ആകൃതി ഇവ ഉണ്ട്. ഇരിയ്ക്കാൻ സ്ഥലം ആവശ്യമാണ്.<br>വായു വ്യാപിക്കും. ചലിക്കുന്ന വായുവിന് ശക്തിയുണ്ട്. | |

വിലയിരുത്തൽ : വായുവിന്റെ സവിശേഷതകൾ എന്തെല്ലാം

തുടർ പ്രവർത്തനങ്ങൾ : പാഠ പുസ്തകത്തിലെ കൂടുതൽ ഭാരം ഉയർത്താം, കൃത്രിമ മഴ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ജലത്തിന് മൂന്ന് അവസ്ഥകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : **മൂന്ന് അവസ്ഥയിലും ജലം**
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ജലത്തിന് മൂന്നവസ്ഥകൾ ഉണ്ട്
പഠന സാമഗ്രികൾ: നീരാവി ഉണ്ടാകുന്ന വീഡിയോ, ബീക്കർ, സ്റ്റാന്റ്, സ്പിരിറ്റ് ലാംപ്,തീപ്പെട്ടി, അടപ്പ്, ഐസുണ്ടാക്കുന്ന വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: പരീക്ഷണ-നിരീക്ഷണക്കുറിപ്പ്
തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>പുട്ട് കുറ്റിയിൽ നിന്ന് നീരാവി വരുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഈ നീരാവി എങ്ങനെയുണ്ടായി?<br>പ്രതികരണം<br>ജലത്തെ ചൂടാക്കിയാൽ എന്ത് സംഭവിക്കും?<br>ഊഹം രേഖപ്പെടുത്തുന്നു.<br>പരീക്ഷണം വ്യക്തിഗതമായി ആസൂത്രണം ചെയ്യുന്നു.<br>ഗ്രൂപ്പിൽ പങ്ക് വയ്ക്കുന്നു.<br>പൊതു അവതരണം<br>ബീക്കറിൽ ജലമെടുത്ത് സ്റ്റാൻഡിൽ വച്ച് സ്പിരിട്ട് ലാംപ് ഉപയോഗിച്ച് ചൂടാക്കണം.<br>പരീക്ഷണം ചെയ്യുന്നു.<br>കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നു.<br>അവതരണം<br>ക്രോഡീകരണം<br>ജലം തിളച്ച് നീരാവിയാകുന്നു.<br>ഘട്ടം 2<br>നീരാവി തണുത്താൽ എന്തു സംഭവിക്കും?<br>ഊഹം അവതരിപ്പിക്കുന്നു.<br>പരീക്ഷണം വ്യക്തിഗതമായി ആസൂത്രണം ചെയ്യുന്നു. ഗ്രൂപ്പിൽ പങ്ക് വയ്ക്കുന്നു. പൊതു അവതരണം<br>ബീക്കറിൽ ജലമെടുത്ത് സ്റ്റാൻഡിൽ വച്ച് സ്പിരിട്ട് ലാംപ് ഉപയോഗിച്ച് തിളപ്പിക്കണം. നീരാവി വരുമ്പോൾ പാത്രം കൊണ്ട് അടയ്ക്കണം പാത്രത്തിന് മുകളിൽ ഐസ് വയ്ക്കണം.<br>പരീക്ഷണം ചെയ്യുന്നു<br>കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു.<br>ക്രോഡീകരണം<br>നീരാവി തണുക്കുമ്പോൾ ജലമാകുന്നു.<br>ഘട്ടം 3<br>അന്തരീക്ഷത്തിൽ ജലബാഷ്പമുണ്ടോ?<br>ഊഹം രേഖപ്പെടുത്തുന്നു. | |

| | |
|---|---|
| കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു.<br>പാഠഭാഗം (വായുവിലും ജലം) വായിക്കുന്നു<br>പരീക്ഷണം ആസൂത്രണം ചെയ്യുന്നു.<br>അവതരിപ്പിക്കുന്നു.<br>ഈർപ്പമില്ലാത്ത ഗ്ളാസിൽ ഐസ് കഷണം ഇടണം.ഗ്ളാസ് അടച്ച് വയ്ക്കണം.<br>പരീക്ഷണം ചെയ്യുന്നു.<br>കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു,<br>അന്തരീക്ഷത്തിൽ ജല ബാഷ്പം ഉണ്ട് ഇത് തണുത്ത് ജലമാകുന്നു.<br>ഘട്ടം 4<br>ജലം തണുത്താൽ എന്തു സംഭവിക്കും<br>പ്രതികരണം<br>ഐസ് ഉണ്ടാകുന്നതെങ്ങനെ<br>ഫ്രിഡ്ജിൽ ഐസ് ഉണ്ടാവുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഫ്രിഡ്ജിൽ എന്താണ് വച്ചത് വെള്ളത്തിന് എന്ത് മാറ്റം സംഭവിച്ചു?<br>ക്രോഡീകരണം<br>ജലം തണുത്ത് ഐസ് ആയി മാറുന്നു | |

വിലയിരുത്തൽ : ജലത്തിന്റെ മൂന്നവസ്ഥകൾ ഏതെല്ലാം?:
തുടർ പ്രവർത്തനങ്ങൾ : പാഠപുസ്തകത്തിലെ വിസിൽ മുഴക്കാം എന്ന പ്രവർത്തനം
റിഫ്ലക്ഷൻ നോട്ട് :
പഠനനേട്ടം : ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലുള്ള വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു.
ചുറ്റുമുള്ള വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ ക്രോഡീകരിച്ച് പ്രസ്താവിക്കുന്നു.
പ്രവർത്തനത്തിന്റെ പേര് : ദ്രവ്യങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ദ്രവ്യത്തിന്റെ വിവിധ അവസ്ഥകൾ
പഠന സാമഗ്രികൾ: വിവിധതരം ഖര വസ്തുക്കൾ, വെള്ളം, ബക്കറ്റ്, കപ്പ്, ബലൂൺ, ഗ്യാസ് സ്റ്റൗ, പാത്രം
പ്രതീക്ഷിത ഉല്പന്നങ്ങൾ: ദ്രവ്യത്തിന്റെ പൊതു സ്വഭാവങ്ങൾ, പട്ടിക
തീയതി : .................................... സമയം : 40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| വെള്ളം, പാൽ, പഴച്ചാർ,, മേശ, കസേര, ഡസ്റ്റർ, ചോക്ക്, ബലൂണിൽ നിറച്ച വായു നീരാവി എന്നിവയെ പ്രദർശിപ്പിക്കുന്നു.<br>ഈ വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ എന്തെല്ലാം?വസ്തുക്കളുടെ പൊതു സ്വഭാവം എങ്ങനെ തിരിച്ചറിയാം?<br>പൊതു സ്വഭാവം നിഗമനമാക്കുന്ന പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | |

| നമ്പർ | വസ്തുക്കൾ | ആകൃതി | ഭാരം | സ്ഥിതി ചെയ്യാൻ സ്ഥലം | അവസ്ഥ |
|---|---|---|---|---|---|
| 1 | | | | | |
| | | | | | |
| | | | | | |

ഗ്രൂപ്പിൽ പട്ടിക പൂർത്തിയാക്കുന്നു

അവതരിപ്പിക്കുന്നു.
ഖര വസ്തുക്കളുടെ പൊതു സ്വഭാവം എന്തെല്ലാം?ഭാരമുണ്ടോ? നിശ്ചിതമായ ആകൃതിയുണ്ടോ? സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണോ?
ദ്രാവകങ്ങളുടെ പൊതു സ്വഭാവം എന്തെല്ലാം?ഭാരമുണ്ടോ?നിശ്ചിതമായ ആകൃതിയുണ്ടോ? സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണോ?
വാതകങ്ങളുടെ പൊതു സ്വഭാവം എന്തെല്ലാം?ഭാരമുണ്ടോ?നിശ്ചിതമായ ആകൃതിയുണ്ടോ? സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണോ?

വ്യക്തിഗത രചന
ഗ്രൂപ്പുതല പങ്കുവയ്ക്കൽ
പൊതു അവതരണം

ക്രോഡീകരണം
ഖരം ദ്രാവകം വാതകം എന്നീ അവസ്ഥയിലുള്ള വസ്തുക്കൾക്ക് ഭാരം ഉണ്ട്. ഇവയ്ക്ക് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്. ഖരാവസ്ഥയിലുള്ള വസ്തുക്കൾക്ക് നിശ്ചിതമായ ആകൃതിയുണ്ട്.ദ്രാവകാവസ്ഥയിലുള്ള വസ്തുക്കൾ അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയിൽ സ്ഥിതിചെയ്യുന്നു.വാതകാവസ്ഥയിലുള്ള വസ്തുക്കൾക്ക് നിശ്ചിതമായ ആകൃതിയില്ല.

വിലയിരുത്തൽ :പട്ടിക പൂർത്തിയാക്കാം

| വസ്തുക്കൾ | പൊതു സ്വഭാവം | | |
|---|---|---|---|
| ആകൃതി | ഭാരം | സ്ഥിതിചെയ്യാൻ സ്ഥലം | അവസ്ഥ |
| വെളിച്ചെണ്ണ | | | |
| മേശ | | | |
| വായു | | | |
| നീരാവി | | | |
| പാൽ | | | |

തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 8 വായിക്കാം വരയ്ക്കാം

| | പഠനനേട്ടങ്ങൾ | പ്രവർത്തനം | സാമഗ്രി കൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നങ്ങൾ | വിലയിരുത്തൽ | സമ യം |
|---|---|---|---|---|---|---|---|
| | സൂചിക അടിസ്ഥാനപ്പെടു ത്തി കേരളത്തിന്റെ ഭൂപടം വായിക്കുന്നു | ഭൂപടവായന | സഞ്ചാരി യും ഭൂപടവും , കേരള ത്തിന്റെ ഭൂപടം | കേരളഭൂപടം - സൂചിക | എന്റെ കേരളം കുറിപ്പ്, കേരളത്തിന്റെ ഭൂപടം | -കൂറിപ്പ് തയാറാക്കുന്നതിലെ മികവ്<br>-വിമാനത്താവളവും തുറമുഖവും ഉള്ള ജില്ല ഏതാണ്? വിമാനത്താവളം, തുറമുഖം എന്നിവയ്ക്ക് ഭൂപടത്തിൽ നൽകുന്ന അടയാളങ്ങൾ ഏതെല്ലാം? | 60 |
| | ഭൂപടത്തിൽ ദിക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നു | ഭൂപടത്തിന്റെ ദിക്കുകൾ കണ്ടെത്തുന്നു. അടയാളപ്പെടുത്തുന്നു കുറിപ്പുകൾ തയ്യാറാക്കുന്നു | കേരള ത്തിന്റെ ഭൂപടം, ദിക്കും കുറിപ്പും | ദിക്കുകളുടെ കൃത്യത | ദിക്കുകൾ അടയാളപ്പെടു ത്തിയ കേരളത്തിന്റെ ഭൂപടം ,കുറിപ്പുക ൾ | ദിക്കുകൾ അടയാളപ്പെടുത്തുക | 90 |
| | സ്വന്തം ക്ലാസ്സ് മുറിയുടെയും വിദ്യാലയത്തിന്റെ യും രൂപരേഖ ദിശ പാലിച്ച് തയ്യാറാക്കുന്നു | ദിശ നോക്കൽ, ക്ലാസ്മുറിയുടെ രേഖാചിത്രം തയ്യാറാക്കൽ, സ്കൂളിന്റെ രേഖാചിത്രം തയ്യാറാക്കൽ, വീടിന്റെ രേഖാചിത്രം തയ്യാറാക്കാൻ | ചാർട്ട് പേപ്പർ | ക്ലാസ് റൂം രേഖാചിത്രം | ക്ലാസിന്റെ രേഖാചിത്രം | രേഖാ ചിത്രം വരയ്ക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം | 120 |
| | വടക്കുനോക്കിയ ന്ത്രം ഉപയോഗിച്ച് ദിക്കുകൾ കണ്ടെത്തുന്നു | വശങ്ങളറിയാം കളി, അസ്തമയ സൂര്യനെ നിരീക്ഷിക്കൽ, വടക്കുനോക്കിയന്ത്രവും ദിക്കും | നാണയം വട ക്ക്നോ ക്കിയ ന്ത്രം | ദിക്കുകളുടെ കൃത്യത | കുറിപ്പ് | വടക്കുനോക്കി യന്ത്രം ഉപയോഗിച്ച് ദിക്കറിയുന്നതെങ്ങനെ | 120 |
| | ഭൂപടങ്ങളിൽ ചിഹ്നങ്ങളുപയോ ഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തു ന്നു.കേരളത്തിന്റെ | ഭൂപടം നിരീക്ഷിക്കൽ, വിഭവങ്ങൾ അടയാളപ്പെടുത്തൽ, കുറിപ്പ് തയ്യാറാക്കൽ | കേരള ത്തിന്റെ ഭൂപടം, സൂചിക | ഭൂപടങ്ങൾ | കേരളത്തിന്റെ ഭൂപടത്തിൽ വിഭവങ്ങൾ അടയാളപ്പെടു ത്തിയത് | സൂചിക കണ്ടെത്തൽ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | യും പിന്നെ സ്വന്തം ജില്ലയുടെയും ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു | | | | | | |
| | പഞ്ചായത്ത് ഭൂപടം വായിച്ച് പഞ്ചായത്തിലെ വിഭവങ്ങൾ പട്ടികപ്പെടുത്തുന്നു | പഞ്ചായത്ത് ഭൂപടം നിരീക്ഷിക്കൽ, സ്വന്തം പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ രൂപരേഖ വരയ്ക്കൽ | പഞ്ചായത്തിന്റെ ഭൂപടം | പഞ്ചായത്ത് ഭൂപടം | പഞ്ചായത്തിന്റെ രൂപ രേഖ | സ്വന്തം പഞ്ചായത്ത്/ മുൻസിപാലിറ്റി/ കോർപ്പറേഷൻ എന്തെല്ലാം വിഭവങ്ങൾ ഉണ്ട് | 60 |
| | ജില്ലാ ഭൂപടത്തിൽ വിഭവങ്ങൾ ചിത്രീകരിക്കുന്നു | ഭൂപടം നിരീക്ഷിക്കൽ, ജില്ലയിലെ വിഭവങ്ങൾ കണ്ടെത്തൽ - ജില്ലയുടെ രൂപരേഖ തയ്യാറാക്കാം | കേരള ഭൂപടം, ജില്ലാ ഭൂപടം | ജില്ലാ ഭൂപടം | ജില്ലയുടെ ഭൂപടം | സ്വന്തം ജില്ലയിലെ വിഭവങ്ങൾ കണ്ടെത്തുന്നു | 60 |

**പഠനനേട്ടം : സൂചിക അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ ഭൂപടം വായിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ഭൂപടവായന

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളഭൂപടം - സൂചിക

പഠന സാമഗ്രികൾ: സഞ്ചാരിയും ഭൂപടവും , കേരളത്തിന്റെ ഭൂപടം

പ്രതീക്ഷിത ഉല്പന്നങ്ങൾ: എന്റെ കേരളം കുറിപ്പ്, കേരളത്തിന്റെ ഭൂപടം

തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | |
|---|---|
| എന്റെ **കേരളം**<br>**പ്രവർത്തന ഘട്ടം 1**<br>പാഠപുസ്തകത്തിൽ സഞ്ചാരി ഭൂപടം നോക്കുന്ന ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നു<br>സഞ്ചാരി ഏത് ഭൂപടമാണ് പരിശോധിക്കുന്നത്?<br>എന്തിനായിരിക്കും പരിശോധിക്കുന്നത്?<br>ഭൂപടത്തിൽനിന്ന് എന്തെല്ലാം മനസ്സിലാക്കാം?<br>**ക്രോഡീകരണം**<br>ദിശ, വഴി, ദൂരം അറിയുന്നതിന്, വിനോദസഞ്ചാരം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന്, പോകേണ്ട സ്ഥലത്തേക്ക് ഇവിടെനിന്ന് എങ്ങോട്ടാണ് പോകേണ്ടത് എന്നു കണ്ടെത്തുന്നതിന്<br>**ഘട്ടം 2**<br>കേരളം ഭൂപടം പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നു<br>നമ്മുടെ ജില്ലയേത്?<br>കേരളത്തിൽ എത്ര ജില്ലകളുണ്ട്?<br>കേരളത്തിന്റെ തലസ്ഥാനം ഏത്?<br>റെയിൽവേ പാത ഇല്ലാത്ത ജില്ലകൾ ഏതെല്ലാം?<br>തീരദേശം ഉള്ള ജില്ലകൾ ഏതെല്ലാം<br>കേരളത്തിൽ എത്ര തുറമുഖങ്ങൾ ഉണ്ട്?<br>കേരളത്തെ കുറിച്ച് വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു<br>ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു പൊതു അവതരണം<br>ടീച്ചർ വേർഷൻ അവതരണം<br>കേരളത്തിൽ 14 ജില്ലകൾ ഉണ്ട്<br>കോഴിക്കോട്, എറണാകുളം ജില്ലകളിലാണ് തുറമുഖം ഉള്ളത് .തിരുവനന്തപുരം കൊല്ലം ആലപ്പുഴ എറണാകുളം തൃശ്ശൂർ മലപ്പുറം കോഴിക്കോട് കണ്ണൂർ കാസർകോട് എന്നീ ജില്ലകളിൽ തീരദേശം ഉണ്ട്. ഇടുക്കി വയനാട് ജില്ലകളിൽ റെയിൽ പാത ഇല്ല. തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ വിമാനത്താവളമുണ്ട്.<br>കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്. | |

വിലയിരുത്തൽ -കുറിപ്പ് തയാറാക്കുന്നതിലെ മികവ്

-വിമാനത്താവളവും തുറമുഖവും ഉള്ള ജില്ല ഏതാണ്? വിമാനത്താവളം, തുറമുഖം എന്നിവയ്ക്ക് ഭൂപടത്തിൽ നൽകുന്ന അടയാളങ്ങൾ ഏതെല്ലാം?
റഫറൻസ്
തുടർ പ്രവർത്തനങ്ങൾ
കേരളത്തിന്റെ ഭൂപടം വരച്ച് ജില്ലകൾ അടയാളപ്പെടുത്തുന്നു

**പഠനനേട്ടം : ഭൂപടത്തിൽ ദിക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : ഭൂപടത്തിന്റെ ദിക്കുകൾ കണ്ടെത്തുന്നു. അടയാളപ്പെടുത്തുന്നു കുറിപ്പുകൾ തയ്യാറാക്കുന്നു

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ദിക്കുകളുടെ കൃത്യത
പഠന സാമഗ്രികൾ: കേരളത്തിന്റെ ഭൂപടം, ദിക്കും കുറിപ്പും
പ്രതീക്ഷിത ഉല്പന്നങ്ങൾ: ദിക്കുകൾ അടയാളപ്പെടുത്തിയ കേരളത്തിന്റെ മാപ്പ്
ഭൂപടം ,കുറിപ്പുകൾ
തീയതി : .................................... സമയം 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>പാഠപുസ്തകത്തിലെ പേജ് 86 കേരളത്തിന്റെ ഭൂപടം നിരീക്ഷിക്കാൻ അവസരം നല്കി കൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നു<br>ഈ ഭൂപടത്തിന്റെ വടക്ക് ഏത് ഭാഗത്താണ്?<br>തെക്ക് ഏത് ഭാഗത്താണ്<br>പടിഞ്ഞാറ് ഏത് ഭാഗത്താണ്<br>കിഴക്ക് ഏത് ഭാഗത്താണ്<br>പ്രതികരണം<br>**ഘട്ടം 2**<br>പാഠപുസ്തകം പേജ് 88<br>വടക്ക്, പടിഞ്ഞാറ്, കിഴക്ക്, തെക്ക് ബോക്സിൽ എഴുതിയ ഭാഗം വായിക്കാൻ അവസരം നല്കുന്നു.<br>കേരളത്തിന്റെ ഭൂപടത്തിലെ വടക്ക്, തെക്ക് ,പടിഞ്ഞാറ്,കിഴക്ക് എവിടെയാണ്?<br>പുസ്തകം പേജ് 86 ലെ കേരളത്തിന്റെ ഭൂപടത്തിൽ ദിക്കുകൾ വ്യക്തിഗതമായി അടയാളപ്പെടുത്തുന്നു. കൈമാറി വിലയിരുത്തുന്നു<br>ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. (ടെക്സ്റ്റ് ബുക്ക് പേജ് 86 ൽ ദിക്ക് അടയാളപ്പെടുത്തിയത് )<br>**ഘട്ടം 3**<br>ഭൂപടത്തിൽ ദിക്കുകൾ എങ്ങനെയാണ് അടയാളപ്പെടുത്തുന്നത് എന്ന ചോദ്യം ചോദിക്കുന്നു.<br>ചർച്ചാ **സൂചകങ്ങൾ**<br>ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ഭൂപടത്തിന്റെ മുകൾഭാഗം ഏത് ദിക്കാണ്?<br>താഴ്ഭാഗം ഏത് ദിക്കാണ്?<br>വലതു ഭാഗം ഏത് ദിക്കാണ്? | |

| | |
|---|---|
| ഇടതു ഭാഗം ഏത് ദിക്കാണ്?<br>ഭൂപടത്തിന്റെ ദിക്കുകൾ എങ്ങനെ കണ്ടെത്താം എന്നതിനെ കുറിച്ച് കുറച്ച് തയ്യാറാക്കുന്നു<br>വ്യക്തിഗതം, ഗ്രൂപ്പിൽ പങ്കുവയ്ക്കൽ ,പൊതു അവതരണം<br>**ക്രോഡീകരണം**<br>ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ഭൂപടത്തിന്റെ മുകൾഭാഗം വടക്ക്, താഴ്ഭാഗം തെക്ക് ,വലതുഭാഗം കിഴക്ക് ,ഇടതുഭാഗം പടിഞ്ഞാറ് എന്നിങ്ങനെ സൂചിപ്പിക്കുന്നു.<br>**ഘട്ടം 4**<br>താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.<br>വടക്കിനും പടിഞ്ഞാറിനും ഇടയിലുള്ള ഭാഗത്തെ ഏത് ദിക്കിലാണ് അറിയപ്പെടുന്നത്<br>വടക്കിനും കിഴക്കിനും ഇടയിൽ ഉള്ള ഭാഗം ഏത് ദിക്കാണ്<br>തെക്കിനും കിഴക്കിനും ഇടയിലുള്ള ഭാഗം ഏത് ദിക്കാണ്<br>തെക്കിനും പടിഞ്ഞാറിനും ഇടയിലുള്ള ഭാഗം ഏത് ദിക്കാണ്<br>പ്രതികരണം<br>**ക്രോഡീകരണം**<br>വടക്കിനും പടിഞ്ഞാറിനും ഇടയിലുള്ള ദിക്കാണ് വടക്കുപടിഞ്ഞാറ്<br>വടക്കിനും കിഴക്കിനും ഇടയിൽ ഉള്ള ദിക്കാണ് വടക്ക് കിഴക്ക്<br>തെക്കിനും പടിഞ്ഞാറിനും ഇടയിലുള്ള ദിക്കാണ് തെക്കുപടിഞ്ഞാറൻ<br>തെക്കിനും കിഴക്കിനും ഇടയിലുള്ള ദിക്കാണ് തെക്ക് കിഴക്ക് | |

വിലയിരുത്തൽ
ഭൂപടത്തിലെ ദിക്കുകൾ അടയാളപ്പെടുത്തുക-
ദിക്കുകൾ അടയാളപ്പെടുത്തുന്നതിലെ മികവ്
തുടർ പ്രവർത്തനങ്ങൾ
കേരളത്തിന്റെ ഭൂപടത്തിൽ വടക്ക് പടിഞ്ഞാറ് വടക്ക് കിഴക്ക് തെക്കുപടിഞ്ഞാറ് തെക്ക് കിഴക്ക് എന്നിവിടങ്ങളിലെ ജില്ലകൾ കണ്ടെത്തുന്നു

**പഠനനേട്ടം : സ്വന്തം ക്ലാസ്സ് മുറിയുടെയും വിദ്യാലയത്തിന്റെയും രൂപരേഖ ദിശ പാലിച്ച് തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ദിശ നോക്കൽ, ചാടി കളിക്കൽ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :
പഠന സാമഗ്രികൾ: ക്ലാസ് റൂം രേഖാചിത്രം
പ്രതീക്ഷിത ഉല്പന്നങ്ങൾ: ക്ലാസിന്റെ രേഖാചിത്രം
തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>തറയിൽ രണ്ടോ മൂന്നോ വരകൾ വരയ്ക്കുന്നു. പരസ്പരം തൊടാതെ കുട്ടികൾ വരയിൽ നില്ക്കുന്നു. ടീച്ചർ ഒരു ദിശയുടെ പേര് പറയുന്നു (വടക്ക്). കുട്ടികൾ ഒരു സ്റ്റെപ്പ് മുന്നോട്ട് വച്ച് ടീച്ചർ പറഞ്ഞ ദിശയിലേക്ക് തിരിയുന്നു. ടീച്ചർ ദിശകൾ മാറി മാറി പറയുന്നു. കുട്ടികൾ അതത് ദിശയിലേക്ക് ചാടി തിരിയുന്നു. ദിശ തെറ്റിച്ച് നില്ക്കുന്നവർ കളിയിൽ നിന്ന് പുറത്താകുന്നു.<br>**ഘട്ടം- 2** | |

| | |
|---|---|
| നമ്മുടെ ക്ലാസ് മുറിയിൽ എന്തെല്ലാം ഉണ്ട്<br>കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു<br>നമ്മുടെ ക്ലാസ് മുറിയുടെ രേഖാചിത്രം വരയ്ക്കണം<br>എന്തെല്ലാം ശ്രദ്ധിക്കണം ?- ചർച്ച<br>സൂചകങ്ങൾ<br>ദിശ പാലിക്കേണ്ടതുണ്ടോ ?<br>ദിശ എന്തിനാണ് പാലിക്കുന്നത് ?<br>രേഖാചിത്രം ആരു വരച്ചാലും ഒരു പോലെ ആകേണ്ടതില്ലേ ?<br>ഭൂപടത്തിന്റെ ദിശ/ദിക്ക് എങ്ങനെയാണ് അടയാളപ്പെടുത്തിയത്?<br>**ക്രോഡീകരണം**<br>രേഖാചിത്രം ദിശ പാലിച്ച് വരയ്ക്കണം ദിശ പാലിച്ച് വരയ്ക്കുന്നതിനാൽ എല്ലാ പേരുടേയും രേഖാചിത്രം ഒരു പോലെയാകും. ഭൂപടത്തെ പോലെ രേഖാ ചിത്രത്തിന്റെ മുകൾ ഭാഗത്ത് വടക്ക് താഴ് ഭാഗത്ത് തെക്ക് ഇടതുഭാഗത്ത് പടിഞ്ഞാറ് വലതു ഭാഗത്ത് കിഴക്ക് അടയാളപ്പെടുത്തണം.<br>**ഘട്ടം- 3**<br>ക്ലാസ് മുറിയിലെ വസ്തുക്കളെ രേഖാ ചിത്രത്തിൽ എങ്ങനെ അടയാളപ്പെടുത്തും<br>**പ്രതികരണം**<br>TB page No. 89 ലെ ചിഹ്നങ്ങൾ കുട്ടികൾ പരിശോധിക്കുന്നു. ചാർട്ട്പേപ്പറിൽ വ്യക്തിഗതമായി ക്ലാസിന്റെ രേഖാ ചിത്രം വരയ്ക്കുന്നു. ഗ്രൂപ്പിൽ പരിശോധിക്കുന്നു. ക്ലാസിൽ പ്രദർശിപ്പിക്കുന്നു<br>**ഘട്ടം- 4**<br>പാഠ പുസ്തകം പേജ് 90 നന്ദനയുടെ സ്കൂളിന്റെ രേഖാചിത്രം നിരീക്ഷിക്കുന്നു.<br>ചോദ്യങ്ങൾ ഉന്നയിക്കുന്നു<br>സ്കൂളിന്റെ ഏതു ദിക്കിലൂടെയാണ് സംസ്ഥാന പാത കടന്നു പോകുന്നത്?<br>പാചകപ്പുരയുടെ ഏതു ദിക്കിലാണ് കിണർ?<br>കൊടിമരത്തിന്റെ ഏതു ദിക്കിലാണ് സ്റ്റേജ്?<br>ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു<br>അവതരിപ്പിക്കുന്നു<br>നമ്മുടെ സ്കൂളിന്റെ രേഖാ ചിത്രം വരയ്ക്കണം. അതിൽ എന്തെല്ലാം ഉൾപെടുത്തണം?<br>ലിസ്റ്റ് ചെയ്യുന്നു. സൂചിക തയ്യാറാക്കുന്നു.<br>സ്കൂൾ<br>കിണർ<br>പാചകപ്പുര<br>ഗ്രൗണ്ട്<br>സൂചിക ഉപയോഗപ്പെടുത്തി കൊണ്ട് സ്വന്തം സ്കൂളിന്റെ രേഖാചിത്രം തയ്യാറാക്കുന്നു. കൈമാറി വിലയിരുത്തുന്നു.<br>ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | |

വിലയിരുത്തൽ

ചർച്ചയിലെ പങ്കാളിത്തം --രേഖാ ചിത്രം വരയ്ക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം ?
റഫറൻസ്
തുടർ പ്രവർത്തനങ്ങൾ
സ്വന്തം വീടിന്റെ രേഖാ ചിത്രം തയ്യാറാക്കൽ

**പഠനനേട്ടം : വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് ദിക്കുകൾ കണ്ടെത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : ദിക്കറിയാം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ദിക്കുകളുടെ കൃത്യത
പഠന സാമഗ്രികൾ: നാണയം വടക്ക്നോക്കിയന്ത്രം
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കുട്ടികളെ എ, ബി എന്നിങ്ങനെ രണ്ട് ഗ്രൂപ്പുകളാക്കുന്നു. എ ഗ്രൂപ്പിലെ ഒരു കുട്ടിയുടെ കണ്ണ് ബി ഗ്രൂപ്പിലെ കുട്ടികൾ കെട്ടുന്നു. ബി ഗ്രൂപ്പിലെ കുട്ടികൾ ഒരു നാണയം ക്ലാസ്സിലെ തറയിൽ വയ്ക്കുന്നു. എ ഗ്രൂപ്പിലെ ഒരു കുട്ടി വലത്തോട്ട്, ഇടത്തോട്ട് ,മുന്നോട്ട്, പിന്നോട്ട് എന്നീ നാല് നിർദ്ദേശങ്ങൾ മാത്രം നല്കി കൊണ്ട് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നാണയം എടുപ്പിക്കാൻ ശ്രമിക്കുന്നു. ഏത് ഗ്രൂപ്പാണോ ചുരുങ്ങിയ സമയത്തിനുള്ളിൽ നാണയം എടുക്കുന്നത് അവർ വിജയിച്ചു.<br>**ഘട്ടം- 2**<br>പാഠ പുസ്തകം പേജ് 89 ദിക്കുകളറിയാം എന്ന പ്രവർത്തനത്തിലെ ലീന സൂര്യനെ നോക്കുന്ന ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു<br>അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.<br>ലീന ഏതു സമയത്താണ് സൂര്യനെ നോക്കുന്നത്<br>ലീനയുടെ വലതു കൈ ഭാഗം ഏത് ദിക്കിനെയാണ് സൂചിപ്പിക്കുന്നത്<br>ലീനയുടെ നിഴൽ വീഴുന്ന ഭാഗം ഏത് ദിക്കാണ്?<br>കുട്ടികൾ ഉത്തരം കണ്ടെത്തി പറയുന്നു<br>**ക്രോഡീകരിക്കുന്നു**<br>ഉദയസൂര്യനെ നോക്കി നില്ക്കുന്ന ഒരാളുടെ മുൻവശം കിഴക്ക്, പിൻവശം പടിഞ്ഞാറ് ഇടതു വശം വടക്ക്, വലതു വശം തെക്ക്.<br>അസ്തമയ സൂര്യനെ നോക്കി നില്ക്കുന്ന ഒരാൾ ദിക്ക് പറയുന്നതെങ്ങനെ എന്ന ചോദ്യം ഉന്നയിക്കുന്നു<br>കുട്ടികൾ ഉത്തരം പറയുന്നു<br>അധ്യാപികയും കുട്ടികളും ഉച്ചയ്ക്ക് 3 മണിക്ക് ശേഷം പുറത്തിറങ്ങുന്നു. സൂര്യനെ നോക്കി നില്ക്കുന്നു.<br>ദിക്കുകൾ കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു.<br>**ക്രോഡീകരണം**<br>അസ്തമയ സൂര്യനെ നോക്കി നില്ക്കുന്ന ഒരാളുടെ മുൻവശം പടിഞ്ഞാറ്, പിൻവശം കിഴക്ക് ഇടതു വശം തെക്ക് വലതു വശം വടക്ക് | |

| | |
|---|---|
| **ഘട്ടം - 3**<br>സൂര്യനെ കാണാത്ത സമയത്ത് ദിക്ക് എങ്ങനെ കണ്ടെത്താം എന്ന ചോദ്യം അധ്യാപിക ഉന്നയിക്കുന്നു.<br>കുട്ടികൾ പ്രതികരിക്കുന്നു<br>കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ വടക്കു നോക്കി യന്ത്രം നല്കുന്നു. പാഠ പുസ്തകം പേജ് 90 ലെ വടക്കു നോക്കി യന്ത്രം കുറിപ്പ് വായിക്കുന്നു. അധ്യാപികയുടെ സഹായത്തോടെ ഗ്രൂപ്പുകൾ വടക്കു നോക്കി യന്ത്രം ക്ലാസ്സിൽ ക്രമീകരിക്കുന്നു. തറയിൽ ചോക്ക് കൊണ്ട് ദിശകൾ അടയാളപ്പെടുത്തുന്നു. ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു. | |

വിലയിരുത്തൽ
വടക്കുനോക്കി യന്ത്രം ഉപയോഗിക്കുന്നതിലെ കൃത്യത--വടക്കുനോക്കി യന്ത്രം ഉപയോഗിച്ച് ദിക്കറിയുന്നതെങ്ങനെ ?
തുടർ പ്രവർത്തനങ്ങൾ

**പഠനനേട്ടം : ഭൂപടങ്ങളിൽ ചിഹ്നങ്ങളുപയോഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.കേരളത്തിന്റെയും പിന്നെ സ്വന്തം ജില്ലയുടെയും ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : കേരളവും വിഭവങ്ങളും
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭൂപടങ്ങൾ
പഠന സാമഗ്രികൾ: കേരളത്തിന്റെ ഭൂപടം, സൂചിക
പ്രതീക്ഷിത ഉല്പന്നങ്ങൾ: കേരളത്തിന്റെ ഭൂപടത്തിൽ വിഭവങ്ങൾ അടയാളപ്പെടുത്തിയത്
തീയതി : .................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കേരളത്തിന്റെ ഭൂപടം പാഠ പുസ്തകം പേജ് 86 കുട്ടികൾ നിരീക്ഷിക്കുന്നു<br>ഭൂപടത്തിൽ അടയാളപ്പെടുത്താറുള്ള ചിഹ്നങ്ങൾ ടെക്സ്റ്റ് ബുക്ക് പേജ് 87 പ്രദർശിപ്പിക്കുന്നു<br>ഭൂപടത്തിൽ ഇവയെല്ലാം അടയാളപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യം ഉന്നയിക്കുന്നു<br>കേരളത്തിലെ പ്രധാന നദികൾ ഏതെല്ലാം?<br>വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാം?<br>പക്ഷി സങ്കേതങ്ങൾ ഏതെല്ലാം?<br>നദികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ പക്ഷി സങ്കേതങ്ങൾ ഇവ അടയാളപ്പെടുത്തിയ കേരളത്തിന്റെ ഭൂപടം പ്രദർശിപ്പിക്കുന്നു. കുട്ടികൾ നിരീക്ഷിക്കുന്നു. മുകളിൽ പറഞ്ഞ വസ്തുക്കൾ കണ്ടെത്തുന്നു. പാഠ പുസ്തകത്തിലെ കേരളത്തിന്റെ ഭൂപടത്തിൽ പേജ് 86 രേഖപ്പെടുത്തുന്നു.<br>കൈമാറി പരസ്പരം വിലയിരുത്തുന്നു.<br>**ഘട്ടം- 2**<br>എന്താണ് സൂചിക എന്ന ചോദ്യം അധ്യാപിക ഉന്നയിക്കുന്നു.<br>പാഠ പുസ്തകത്തിലെ ഭൂപടങ്ങളിലെ സൂചിക എന്ന ഭാഗം വായിക്കുന്നു. സൂചിക കുറിപ്പ് | |

| | |
|---|---|
| തയ്യാറാക്കുന്നു<br>**സൂചിക**<br>ഭൂപടത്തിൽ റോഡുകൾ, റെയിൽവേപ്പാതകൾ, പുഴകൾ, വിമാനത്താവളങ്ങള് തുടങ്ങിയവയെ ചിഹ്നങ്ങളും നിറങ്ങളും ഉപയോഗിച്ചാണ് അടയാളപ്പെടുത്തുന്നത്. ഭൂപടങ്ങളിലെ നിറങ്ങളും ചിഹ്നങ്ങളും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് കാണിക്കുന്നതാണ് സൂചിക. | |

വിലയിരുത്തൽ : ഭൂപടവായനയിലെ മികവ്-ഭൂപടത്തിൽ റെയിൽപ്പാത, നദികൾ തുറമുഖം ഇവയ്ക്ക് ഉപയോഗിക്കുന്ന സൂചിക ഏതാണ്?
തുടർ പ്രവർത്തനങ്ങൾ :കേരളത്തിന്റെ ഭൂപടം വരച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു
പഠനനേട്ടം : പഞ്ചായത്ത് ഭൂപടം വായിച്ച് പഞ്ചായത്തിലെ വിഭവങ്ങൾ പട്ടികപ്പെടുത്തുന്നു
പ്രവർത്തനത്തിന്റെ പേര് : എന്റെ പഞ്ചായത്ത്
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പഞ്ചായത്ത് ഭൂപടം
പഠന സാമഗ്രികൾ: പഞ്ചായത്തിന്റെ ഭൂപടം
പ്രതീക്ഷിത ഉല്പന്നങ്ങൾ: പഞ്ചായത്തിന്റെ രൂപ രേഖ
തീയതി : .................................... സമയം : 60 മിനിട്ട്

<table>
<tr><th>പ്രവർത്തനം</th><th>പ്രതികരണം</th></tr>
<tr><td>പാഠ പുസ്തകം പേജ് 91 ആനറ ഗ്രാമ പഞ്ചായത്തിന്റെ ഭൂപടം കുട്ടികൾ ഭൂപടം നിരീക്ഷിക്കുന്നു.താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പറയുന്നു.<br>പഞ്ചായത്തിൽ ഏതെല്ലാം വാർഡുകളിലൂടെയാണ് പുഴ കടന്നു പോകുന്നത് ?<br>തമിഴ് നാടുമായി അതിർത്തി പങ്കിടുന്ന വാർഡ് ഏതെല്ലാം?<br>നെൽകൃഷി ഏതെല്ലാം വാർഡിലുണ്ട്?<br>പൊതു കിണർ ഇല്ലാത്ത വാർഡ് ഏതെല്ലാം?<br>കുട്ടികളെ അഞ്ചംഗ ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ ഓരോ വാർഡിന്റേയും സവിശേഷതകൾ കണ്ടെത്തി പട്ടികയിൽ രേഖപ്പെടുത്തുന്നു.<br>പൊതു അവതരണം നടത്തുന്നു
<table><tr><th>വാർഡ്.നം.</th><th>സവിശേഷതകൾ</th></tr><tr><td></td><td></td></tr></table>
അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>നമ്മുടെ പഞ്ചായത്തിന്റെ/ മുൻസിപാലിറ്റി/ കോർപ്പറേഷന്റെ പേരെന്ത്?<br>എന്തെല്ലാം വിഭവങ്ങൾ ഉണ്ട്?<br>എത്ര വാർഡുകൾ ഉണ്ട്<br>കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു.<br>സ്വന്തം പഞ്ചായത്ത്/ മുൻസിപാലിറ്റി/ കോർപ്പറേഷൻ ഗൂഗിൾ എർത്തിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ രൂപ രേഖ വരയ്ക്കുന്നു<br>വിഭവങ്ങൾ അടയാളപ്പെടുത്തുന്നു<br>പ്രദർശിപ്പിക്കുന്നു</td><td></td></tr>
</table>

വിലയിരുത്തൽ : ഗ്രൂപ്പിലെ പങ്കാളിത്തം- സ്വന്തം പഞ്ചായത്ത്/ മുൻസിപാലിറ്റി/ കോർപ്പറേഷനിൽ എന്തെല്ലാം വിഭവങ്ങൾ ഉണ്ട്?
തുടർ പ്രവർത്തനങ്ങൾ : പാഠ പുസ്തകം പേജ് 95 സൂചിക നിർമിക്കാം പ്രവർത്തനം ചെയ്യുന്നു
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ജില്ലാ ഭൂപടത്തിൽ വിഭവങ്ങൾ ചിത്രീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : എന്റെ ജില്ല
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : : ജില്ലാ ഭൂപടം
പഠന സാമഗ്രികൾ കേരള ഭൂപടം, ജില്ലാ ഭൂപടം
പ്രതീക്ഷിത ഉല്പന്നങ്ങൾ: ജില്ലയുടെ ഭുപടം
തീയതി : .................................... സമയം : 60

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കേരളത്തിലെ ജില്ലകൾ അടയാളപ്പെടുത്തിയ out line map പ്രദർശിപ്പിച്ചുകൊണ്ട് അധ്യാപിക ചോദ്യങ്ങൾ ഉന്നയിക്കുന്നു<br>നമ്മുടെ ജില്ല ഏതാണ്?<br>ജില്ലാ ആസ്ഥാനം ഏതാണ്?<br>നമ്മുടെ ജില്ലയിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുണ്ടോ?<br>വിമാനത്താവളങ്ങൾ ഉണ്ടോ?<br>തുറമുഖമുണ്ടോ?<br>നമ്മുടെ ജില്ലയിൽ നദികൾ ഒഴുകുന്നുണ്ടോ?<br>പക്ഷി സങ്കേതമുണ്ടോ?<br>ജില്ലയുടെ ഭൂപടം ഗൂഗിൾ എർത്തിൽ പ്രദർശിപ്പിക്കുന്നു.<br>സ്വന്തം ജില്ലയിലെ വിഭവങ്ങൾ നിരീക്ഷിക്കുന്നു<br>ജില്ലയുടെ ഔട്ട് ലൈൻ വ്യക്തിഗതമായി വരയ്ക്കുന്നു വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.പ്രദർശിപ്പിക്കുന്നു | |

വിലയിരുത്തൽ : ഭൂപടം വരച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നതിലെ മികവ്- നമ്മുടെ ജില്ലയിലെ വിഭവങ്ങൾ എന്തെല്ലാം.?
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 9 ഇന്ത്യയിലൂടെ

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യയെന്ന് വിശദീകരിക്കുന്നു | ഇന്ത്യയിലെ വസ്ത്രാധാരണം, ഭാഷ, ഭൂപ്രകൃതി | വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രാധാരണം.ചിത്രങ്ങൾ,വിവിധ ഭാഷയിലെ കവിതകൾ ആഡിയോ, ഇന്ത്യയിലെ ഭൂപ്രകൃതി ചിത്രങ്ങൾ | വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ (വേഷം, ഭാഷ ഭൂപ്രകൃതി) | ഇന്ത്യയിലെ വൈവിധ്യം കുറിപ്പ് | ഇന്ത്യയിലെ ജനങ്ങൾ വൈവിധ്യം പുലർത്തുന്ന ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക | 180 |
| | ഇന്ത്യയിലെ 28 സംസ്ഥാനങ്ങളും 9 കേന്ദ്ര ഭരണ പ്രദേശങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തുന്നു | സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ തലസ്ഥാനങ്ങൾ എന്നിവ കണ്ടെത്തൽ. സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തൽ | വിശാല ഭൂമി കവിത, ഇന്ത്യ രാഷ്ട്രീയ ഭൂപടം ,കേരളത്തിന്റെ പ്രത്യേകതകൾ വീഡിയോ | ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളുണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളുണ്ട്. ദേശീയ തലസ്ഥാനമുണ്ട് | കുറിപ്പ് പട്ടിക | ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമേത്? ആ സംസ്ഥാനത്തിന്റെ അയൽ സംസ്ഥാനങ്ങൾ ഏതെല്ലാം? | 180 |
| | ഓരോ സംസ്ഥാനത്തിലും തനത് കലാ രൂപങ്ങൾ നിലനില്ക്കുന്നുവെന്ന് വിശദീകരിക്കുന്നു | സംസ്ഥാനങ്ങളും കലാ രൂപങ്ങളും സംസ്ഥാനങ്ങളും ആഘോഷങ്ങളും | സംസ്ഥാനങ്ങളിലെ കലാ രൂപങ്ങൾ ആഘോഷങ്ങൾ എന്നിവയുടെ ചിത്രങ്ങൾ | ഓരോ സംസ്ഥാനത്തും തനതു കലാ രൂപങ്ങൾ നിലനില്ക്കുന്നു | സംസ്ഥാനങ്ങൾ കലാരൂപങ്ങൾ, ആഘോഷങ്ങൾ പട്ടിക | കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളുടെ കലാരൂപവും ആഘോഷങ്ങളും ഏതൊക്കെയാണ് | 120 |
| | ഇന്ത്യയിൽ വിവിധ ഭാഷകൾ | വ്യത്യസ്ത ഭാഷയിലെ ശബ്ദങ്ങൾ | പ്രതിജ്ഞ – മലയാളം, തമിഴ്, കന്നട, തെലുങ്ക് - ആഡിയോ, റീഡിങ് | ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളുണ്ട് ഇന്ത്യയിൽ വിവിധ | കുറിപ്പ് | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകൾ | 180 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉണ്ടെന്ന് കണ്ടെത്തി പറയുന്നു | ശ്രവിക്കുന്നു. സംസ്ഥാനങ്ങളുടെ ഭാഷയും പട്ടിക രൂപീകരിക്കുന്നു. ഭാഷാ വിശേഷങ്ങൾ കണ്ടെത്തുന്നു | മെറ്റീരിയൽ ( സംസ്ഥാനം ഭാഷ, HB page no. 191 മുതൽ 196, 186) | ഭാഷകൾ ഉണ്ട് | | ഏതെല്ലാം | |
| | വൈവിധ്യങ്ങൾ ഉണ്ടെങ്കിലും നമ്മൾ ഇന്ത്യക്കാരാണെന്ന ബോധം ജനിപ്പിക്കുന്ന നിരവധി പൊതു ഘടകങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു | ദേശീയ ചിഹ്നങ്ങളും പ്രത്യേകതകളും | ദേശീയ ചിഹ്നങ്ങളുടെ ചിത്രങ്ങൾ | ദേശീയ ബോധം വളർത്തുന്ന പൊതു ഘടകങ്ങൾ കണ്ടെത്തുന്നു. | കുറിപ്പ്, പട്ടിക | ദേശീയഗാനം, ഗീതം ഇവ ഏതാണ് ആരാണ് രചിച്ചത് | 180 |

**പഠനനേട്ടം : വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യയെന്ന് വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വൈവിധ്യമാർന്ന ഇന്ത്യ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ (വേഷം, ഭാഷ ഭൂപ്രകൃതി)

പഠന സാമഗ്രികൾ: വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രാധാരണംചിത്രങ്ങൾ ,വിവിധ ഭാഷയിലെ കവിതകൾ ആഡിയോ, ഇന്ത്യയിലെ ഭൂപ്രകൃതി ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ഇന്ത്യയിലെ വൈവിധ്യം കുറിപ്പ്

തീയതി : .................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>കേരളത്തിലെ വസ്ത്രധാരണരീതി വ്യക്തമാക്കുന്ന ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>ഇത് ഏത് സംസ്ഥാനത്തെ ജനങ്ങൾ ഉപയോഗിക്കുന്ന വസ്ത്രങ്ങളാണ്.? കുട്ടികൾ പ്രതികരിക്കുന്നു.<br>നാം സാധാരണ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ഏതെല്ലാം.?<br>പുരുഷൻമാർ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ഏതെല്ലാം.?<br>സ്ത്രീകൾ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ഏതെല്ലാം.?<br>കുട്ടികൾ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ഏതെല്ലാം.?<br>നാം ഉപയോഗിക്കുന്ന അതേ തരം വസ്ത്രങ്ങളാണോ മറ്റ് സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്നത്?<br>വസ്ത്രധാരണത്തിൽ ഇന്ത്യയിലെ ജനങ്ങൾക്ക് വൈവിധ്യം ഉണ്ടോ?<br>കുട്ടികൾ പ്രതികരിക്കുന്നു<br>ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വസ്ത്രങ്ങൾ, സംസ്ഥാനത്തിന്റെ പേര് ഇവ വ്യക്തമാക്കുന്ന ചിത്രം പ്രദർശിപ്പിക്കുന്നു.<br>ചോദ്യങ്ങൾ ഉന്നയിക്കുന്നു. ചർച്ച<br>ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പുരുഷൻമാർ ധരിക്കുന്ന വസ്ത്രങ്ങൾ ഒരേ രീതിയിലുളളതാണോ?<br>സ്ത്രീകൾ ധരിക്കുന്ന വസ്ത്രങ്ങളിൾ വ്യത്യസ്തതയുണ്ടോ?<br>ഇന്ത്യയിലെ കുട്ടികൾ ഒരേതരം വസ്ത്രമാണോ ധരിക്കുന്നത്.?<br>ക്രോഡീകരണം<br>ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ജനങ്ങൾ വ്യത്യസ്ത തരം വസ്ത്രങ്ങളാണ് ധരിക്കുന്നത്<br>ഘട്ടം 2<br>നാം സംസാരിക്കുന്ന ഭാഷ ഏതാണ്<br>ഇന്ത്യയിലെ ജനങ്ങൾ എല്ലാം ഒരേ ഭാഷയാണോ സംസാരിക്കുന്നത്<br>മലയാളം, തമിഴ്, കന്നട, ഹിന്ദി ഭാഷയിലെ കവിത ആഡിയോ കേൾപ്പിക്കുന്നു<br>ക്രോഡീകരണം<br>ഇന്ത്യയിലെ ജനങ്ങൾ വിവിധ ഭാഷകളാണ് സംസാരിക്കുന്നത്.<br>ഘട്ടം 3<br>ഇന്ത്യയിലെ വ്യത്യസ്ത ഭൂപ്രകൃതിയുടെ വീഡിയോ കാണിച്ചുകൊണ്ട് ചോദ്യങ്ങൾ | |

| | |
|---|---|
| ഉന്നയിക്കുന്നു.<br>ഇന്ത്യയിലെ ഭൂപ്രകൃതിയിലെ വൈവിധ്യം എന്താണ്?<br>എല്ലാ സംസ്ഥാനങ്ങളും സമതലമാണോ?<br>പർവ്വത പ്രദേശങ്ങൾ എല്ലാ സംസ്ഥാനങ്ങളിലുമുണ്ടോ?<br>ഒരു രാജ്യമാണെങ്കിലും ഏന്തെല്ലാം വൈവിധ്യങ്ങളാണ് ഇന്ത്യയിലുള്ളത്?<br>ചർച്ച<br>ഭാഷയിലെ വൈവിധ്യം എന്തെല്ലാം?<br>ഭൂപ്രകൃതിയിലെ വൈവിധ്യം എന്തെല്ലാം?<br>വസ്ത്രധാരണത്തിലെ വൈവിധ്യം എന്തെല്ലാം?<br>ആഘോഷങ്ങൾ, ആചാരങ്ങൾ എന്നിവയിലെ വൈവിധ്യം എന്തെല്ലാം?<br>വ്യക്തിഗതമായി ഇന്ത്യയുടെ വൈവിധ്യത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>ഗ്രൂപ്പിൽ പങ്കുവയ്ക്കൽ/പൊതു അവതരണം<br>കുറിപ്പിൽ വരേണ്ടത്<br>വിവിധ ഭാഷകൾ<br>വിവിധ വസ്ത്രധാരണം<br>വിവിധ ഭൂപ്രകൃതി<br>വിവിധ ആചാരങ്ങൾ<br>വിവിധ ആഘോഷങ്ങൾ | |

വിലയിരുത്തൽ : ഇന്ത്യയിലെ ജനങ്ങൾ വൈവിധ്യം പുലർത്തുന്ന ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ :
റിഫ്ലക്ഷൻ നോട്ട് :
ചർച്ചയിലെ പങ്കാളിത്തം -

**പഠനനേട്ടം : ഇന്ത്യയിലെ 28 സംസ്ഥാനങ്ങളും 9 കേന്ദ്ര ഭരണ പ്രദേശങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളുണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളുണ്ട്. ദേശീയ തലസ്ഥാനമുണ്ട്
പഠന സാമഗ്രികൾ: വിശാല ഭൂമി കവിത, ഇന്ത്യ രാഷ്ട്രീയ ഭൂപടം ,കേരളത്തിന്റെ പ്രത്യേകതകൾ വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് പട്ടിക
തീയതി : .................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>പാഠപുസ്തകത്തിലെ വിശാല ഭൂമി കവിത കുട്ടികൾ വായിക്കുന്നു. കവിതയിൽ ഏതെല്ലാം സംസ്ഥാനങ്ങളെയാണ് സൂചിപ്പിച്ചത് - അവയുടെ പ്രത്യേകതയെന്തെല്ലാം.<br>കുട്ടികൾ കണ്ടെത്തി പറയുന്നു<br>കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു.<br>പാഠ പുസ്തകം പേജ് 98 ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം കാണിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന സംസ്ഥാനങ്ങൾ ഏവ?<br>ബംഗാൾ ഉൾക്കടലിനോട് ചേർന്നുകിടക്കുന്ന സംസ്ഥാനങ്ങൾ ഏവ? | |

ഏതൊക്കെ സംസ്ഥാനങ്ങൾക്കാണ് കടൽ തീരമില്ലാത്തത്?
അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന സംസ്ഥാനങ്ങൾ ഏതെല്ലാം?
ഗ്രൂപ്പിൽ കണ്ടെത്തുന്നു
അവതരണം
ഘട്ടം 2
ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങൾ ഉണ്ട്?
സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങൾ ഏതാണ്?
സംസ്ഥാനങ്ങളുടെ അയൽ സംസ്ഥാനങ്ങൾ ഏതെല്ലാം?
കുട്ടികൾ ഉത്തരം പറയുന്നു
വിവര ശേഖരണത്തിനായി ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം പ്രദർശിപ്പിക്കുന്ന. പാഠ പുസ്തകം പേജ് 98 നിരീക്ഷിക്കുന്നു.
പട്ടിക പ്രദർശിപ്പിക്കുന്നു

| നമ്പർ | സംസ്ഥാനം | തലസ്ഥാനം | അയൽ സംസ്ഥാനം |
|---|---|---|---|
| | | | |

ഗ്രൂപ്പിൽ പട്ടിക പൂർത്തിയാക്കുന്നു
പൊതു അവതരണം
ഘട്ടം 3
ഇന്ത്യയിലെ കേന്ദ്ര ഭരണ പ്രദേശങ്ങൾ ഏതെല്ലാം. അവയുടെ തലസ്ഥാനം ഏതാണ്. ദേശീയ തലസ്ഥാനം ഏതാണ്
രാഷ്ട്രീയ ഭൂപടം പ്രദർശിപ്പിക്കുന്നു
നിരീക്ഷിക്കുന്നു
പട്ടിക പ്രദർശിപ്പിക്കുന്നു

| കേന്ദ്ര ഭരണ പ്രദേശങ്ങൾ | തലസ്ഥാനം |
|---|---|
| | |

ഗ്രൂപ്പിൽ കണ്ടെത്തുന്നു അവതരണം
ഘട്ടം 4
നമ്മുടെ സംസ്ഥാനം ഏതാണ്?
കേരളത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിളിക്കുന്നത് ഏത് സംസ്ഥാനത്തെയാണ്
ഇന്ത്യയുടെ ഏത് ഭാഗത്താണ് കേരളം?
കേരളത്തിലെ ആകർഷണീയ സ്ഥലങ്ങൾ ഏതെല്ലാം?
കുട്ടികൾ പ്രതികരിക്കുന്നു
കേരളത്തിന്റെ പ്രകൃതി ഭംഗി, വിനോദസഞ്ചാര കേന്ദ്രങ്ങൾ പുഴകൾ കായൽ, കടൽ നദികൾ ഇവ ഉൾക്കൊള്ളുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു. കുട്ടികൾ നിരീക്ഷിക്കുന്നു

| | |
|---|---|
| എന്റെ കേരളം കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം/ഗ്രൂപ്പ്/പൊതു അവതരണം<br>കുറിപ്പിൽ - ഇന്ത്യയുടെ തെക്ക് ഭാഗത്തുള്ള സംസ്ഥാനമാണ് കേരളം. വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്നു. കായലും കടലും പുഴകളും നിറഞ്ഞ ഭൂമി. പാലക്കാട് കോട്ട ബേക്കൽ കോട്ട, എടയ്ക്കൽ ഗുഹ, കോവളം ബീച്ച്, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, സിനഗോഗ്, മൂന്നാർ, രാജമല, പെരിയാർ വന്യജീവി സങ്കേതം, സൈലന്റ് വാലി തുടങ്ങിയവ കേരളത്തിന്റെ ആകർഷണീയതകളാണ്.<br>ഘട്ടം 5<br>ഇന്ത്യയുടെ നാല് ദിക്കിലുമുള്ള സംസ്ഥാനങ്ങളാണല്ലോ കാശ്മീർ, തമിഴ് നാട്, ഗുജറാത്ത്, അരുണാചൽ പ്രദേശ് .ഇവയുടെ പ്രത്യേകതകൾ എന്തെല്ലാം?<br>കുട്ടികൾ പ്രതികരിക്കുന്നു<br>പാഠപുസ്തകം പേജ് 99, 100 കുട്ടികൾ വായിക്കുന്നു.<br>ഈ സംസ്ഥാനങ്ങളിലെ കൂടുതൽ പ്രത്യേകതകൾ ഉൾക്കൊണ്ട വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഈ സംസ്ഥാനങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം/ ഗ്രൂപ്പ് / പൊതു അവതരണം<br>കുറിപ്പിൽ - സംസ്ഥാനം സ്ഥിതി ചെയ്യുന്ന ദിക്ക് പ്രകൃതി ഭംഗി, പ്രധാന സ്ഥലങ്ങൾ മറ്റു പ്രത്യേകതകൾ | |

വിലയിരുത്തൽ : ഗ്രൂപ്പിലെ പങ്കാളിത്തം , ഭൂപടവായനയിലെ മികവ്
ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമേത് അയൽ സംസ്ഥാനമേത്?
തുടർ പ്രവർത്തനങ്ങൾ : ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പ്രത്യേകതകൾ ഏന്തെല്ലാം - വിശാല ഭൂമി കവിത (എച്ച്. ബി) വായന
വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഇന്ത്യയുടെ ഭൂപടം നിർമ്മിക്കുന്നു
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഓരോ സംസ്ഥാനത്തിലും തനത് കലാ രൂപങ്ങൾ നിലനില്ക്കുന്നുവെന്ന് വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : കലാ രൂപങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഓരോ സംസ്ഥാനത്തും തനതു കലാ രൂപങ്ങൾ നിലനില്ക്കുന്നു
പഠന സാമഗ്രികൾ: സംസ്ഥാനങ്ങളിലെ കലാ രൂപങ്ങൾ ആഘോഷങ്ങൾ എന്നിവയുടെ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: സംസ്ഥാനങ്ങൾ കലാരൂപങ്ങൾ, ആഘോഷങ്ങൾ പട്ടിക
തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>കഥകളി, തുള്ളൽ, മോഹിനിയാട്ടം എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>കേരളത്തിന്റെ തനത് കലാ രൂപങ്ങൾ ഏതൊക്കെയാണ്?<br>മറ്റു സംസ്ഥാനങ്ങളിലെ കലാ രൂപങ്ങൾ ഏതെല്ലാം?<br>സംസ്ഥാനങ്ങളും കലാ രൂപങ്ങളും ചിത്രം പ്രദർശിപ്പിക്കുന്നു<br>കുട്ടികൾ നിരീക്ഷിക്കുന്നു<br>പട്ടിക പ്രദർശിപ്പിക്കുന്നു<br><table><tr><td>സംസ്ഥാനം</td><td>കലാരൂപം</td></tr><tr><td></td><td></td></tr></table><br>വ്യക്തിഗതമായി പട്ടിക പൂര് ത്തിയാക്കുന്നു | |

<table>
<tr><td>ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു<br>പൊതു അവതരണം<br>ഘട്ടം 2<br>ഓണത്തിന്റെ വിവിധ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നു. കേരളത്തിന്റെ ദേശീയ ഉത്സവം ഏതാണ്?<br>മറ്റു സംസ്ഥാനങ്ങളിലെ ദേശീയ ഉത്സവങ്ങൾ ഏതാണ്?<br>പട്ടിക പ്രദർശിപ്പിക്കുന്നു<br>
<table>
<tr><td>സംസ്ഥാനം</td><td>ദേശീയ ഉത്സവം</td></tr>
<tr><td></td><td></td></tr>
</table>
വ്യക്തിഗതമായി പട്ടിക പൂർത്തിയാക്കുന്നു<br>ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. പൊതു അവതരണം<br>സംസ്ഥാനങ്ങളും ദേശീയ ഉത്സവങ്ങളും പ്രദർശിപ്പിക്കുന്നു.</td><td></td></tr>
</table>

വിലയിരുത്തൽ : കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളുടെ കലാരൂപവും ആഘോഷങ്ങളും ഏതൊക്കെയാണ്?
തുടർ പ്രവർത്തനങ്ങൾ : കർണ്ണാടകത്തിന്റെ കലാരൂപമായ യക്ഷഗാനം - വിവരങ്ങൾ കണ്ടെത്തുന്നു.
റിഫ്ലക്ഷൻ നോട്ട് :
പഠനനേട്ടം : ഇന്ത്യയിൽ വിവിധ ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തി പറയുന്നു
പ്രവർത്തനത്തിന്റെ പേര് : ഭാഷകൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളുണ്ട് ഇന്ത്യയിൽ വിവിധ ഭാഷകൾ ഉണ്ട്
പഠന സാമഗ്രികൾ: പ്രതിജ്ഞ – മലയാളം, തമിഴ്, കന്നട, തെലുങ്ക് - ആഡിയോ, റീഡിങ് മെറ്റീരിയൽ ( സംസ്ഥാനം ഭാഷ, HB page no. 191 മുതൽ 196, 186)
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>നമ്മുടെ പ്രതിജ്ഞ ആഡിയോ (മലയാള ഭാഷ) കേൾപ്പിക്കുന്നു<br>ഏത് ഭാഷയിലാണ് ചൊല്ലിയത്?<br>മറ്റു സംസ്ഥാനങ്ങളിലും ഇതേ ഭാഷയിലാണോ ചൊല്ലുന്നത്.<br>പ്രതികരണം<br>തമിഴ്, കന്നട, തെലുങ്ക് എന്നീ ഭാഷയിലെ പ്രതിജ്ഞയിലെ ആദ്യ രണ്ടു വരികൾ കേൾപ്പിക്കുന്നു. നമ്മുടെ രാജ്യത്തെ ഓരോ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഭാഷകൾ ഏതെല്ലാം?<br>കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു.<br>ഗ്രൂപ്പിൽ HB page no. 191 മുതൽ 196 റീഡിങ് മെറ്റീരിയൽ നല്കുന്നു<br>സംസ്ഥാനങ്ങൾ,കേന്ദ്ര ഭരണ പ്രദേശങ്ങൾ, ഭാഷ എന്നിവ ഗ്രൂപ്പിൽ ലിസ്റ്റ് ചെയ്യുന്നു. അവതരണം<br>ചർച്ച – ഏറ്റവും കൂടുതൽ ഭാഷ സംസാരിക്കുന്ന സംസ്ഥാനങ്ങൾ ഏതാണ് | |

| | |
|---|---|
| അവതരണം<br>ക്രോഡീകരണം<br>ഇന്ത്യയിൽ ഏറ്റവും അധികം ആൾക്കാർ സംസാരിക്കുന്ന ഭാഷ ഹിന്ദിയാണ്. അരുണാചൽ പ്രദേശ്, ചത്തീസ്ഗഡ് ജമ്മു-കാശ്മീർ, നാഗാലാന്റ്, മദ്ധ്യപ്രദേശ്, മിസ്സോറാം, മേഘാലയ, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, എന്നീ സംസ്ഥാനങ്ങളിലും ആന്റമാൻ നിക്കോബാർ, ചഢീസ്ഗഢ്, ദാമൻ & ദിയു, ദാദാനഗർ & ഹവേലി, പുതുച്ചേരി, ലക്ഷദ്വീപ് എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഒന്നിൽ കൂടുതൽ ഭാഷ സംസാരിക്കുന്നു.<br>ഘട്ടം 2<br>എത്ര ഭാഷകളെയാണ് പ്രാദേശിക ഭാഷയായി ഭരണ ഘടന അംഗീകരിച്ചിട്ടുള്ളത്? ഏതെല്ലാം?<br>പത്ത് ലക്ഷത്തിലധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷകൾ എത്രയെണ്ണം? ഏതെല്ലാം?<br>ഇന്ത്യയിൽ എത്രത്തോളം സംസാര ഭാഷകൾ ഉണ്ട്?<br>എന്താണ് ശ്രേഷ്ഠ ഭാഷ ? എത്രയെണ്ണം? ഏതെല്ലാം?<br>പാഠപുസ്തകം പേജ് 102 ഭാഷാ വിശേഷങ്ങൾ HB page no. 186 ശ്രേഷ്ഠഭാഷ, ഔദ്യോഗിക ഭാഷകൾ 10 ഭാഷകൾ എന്നിവ പ്രദർശിപ്പിക്കുന്നു<br>വ്യക്തിഗതമായി വായിക്കുന്നു.<br>ഭാഷാ വിശേഷങ്ങൾ കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം/ഗ്രൂപ്പിൽ പങ്ക് വയ്ക്കൽ<br>പൊതു അവതരണം<br>കുറിപ്പിൽ 22 ഭാഷകളെയാണ് ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത് (ഹിന്ദി, മലയാളം, ബംഗാളി, അസാമീസ്, തമിഴ്, തെലുങ്ക്, മറാത്തി, ഒഡിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, ഗുജറാത്തി, കാശ്മീരി, ഉറുദു, കന്നഡ, കൊങ്കിണി, മണിപ്പൂരി, നേപ്പാളി, ധോഗ്രി, ബോഡോ, സന്താലി, മൈഥിലി) 1500 മുതൽ 2000 വർഷം വരെ പഴക്കമുള്ള ഭാഷകൾക്കാണ് ശ്രേഷ്ഠ ഭാഷാ പദവി നല്കുന്നത്. തമിഴ്, സംസ്കൃതം, കന്നഡ, തെലുങ്ക്, മലയാളം ഒഡിയ എന്നിവയാണ് ശ്രേഷ്ഠ ഭാഷകൾ.ഹിന്ദി, ബംഗാളി, തെലുങ്ക്, മറാത്തി, തമിഴ്, ഉറുദു, ഗുജറാത്തി, കന്നഡ, ഒഡിയ, മലയാളം എന്നിവയാണ് 10 ലക്ഷത്തിലധികം ആൾക്കാർ സംസാരിക്കുന്ന ഭാഷകൾ, ആയിരത്തി എഴുന്നൂറോളം സംസാര ഭാഷകൾ ഇന്ത്യയിലുണ്ട് | |

വിലയിരുത്തൽ : ഇന്ത്യയിലെ ഔദ്യോഗിക ഭാഷകൾ ഏതെല്ലാം

റഫറൻസ് : ഇയർ ബുക്ക്

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വൈവിധ്യങ്ങൾ ഉണ്ടെങ്കിലും നമ്മൾ ഇന്ത്യക്കാരാണെന്ന ബോധം ജനിപ്പിക്കുന്ന നിരവധി പൊതു ഘടകങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : ദേശീയ ചിഹ്നങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ദേശീയ ചിഹ്നങ്ങളുടെ ചിത്രങ്ങൾ ,ദേശീയ ബോധം വളർത്തുന്ന പൊതു ഘടകങ്ങൾ കണ്ടെത്തുന്നു.
പഠന സാമഗ്രികൾ: ദേശീയ ചിഹ്നങ്ങളുടെ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്, പട്ടിക
തീയതി : .................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഭാഷ, ആചാരം, കലകൾ, വസ്ത്രധാരണം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ ഇന്ത്യക്കാരായ നാം വൈവിധ്യം പ്രകടിപ്പിക്കുന്നു. നാം എല്ലാം ഒറ്റ മനസ്സോടെ ആദരിക്കുകയും ചെയ്യുന്ന ഒന്നാണ് നമ്മുടെ ദേശീയഗാനം.<br>ദേശീയ ഗാനം രചിച്ചതാര്?<br>ദേശീയ ഗാനം ആലപിക്കാൻ എടുക്കുന്ന സമയം എത്രയാണ്?<br>ദേശീയ ഗാനം ആലപിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?<br>പ്രതികരണം<br>ദേശീയ ഗാനം കേൾപ്പിക്കുന്നു<br>രവീന്ദ്രനാഥ ടാഗോറിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു<br>പാഠപുസ്തകം പേജ് 101 വായിക്കുന്നു<br>ദേശീയ ഗാനം കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗതം - അവതരണം<br>ദേശീയഗാനം<br>ദേശീയഗാനം ആലപിക്കുമ്പോൾ ആദര പൂർവ്വം എഴുന്നേറ്റ് നില്ക്കണം 52 സെക്കന്റ് സമയത്തിനുള്ളിൽ ദേശീയ ഗാനം ആലപിക്കണം. ദേശീയ ഗാനം രചിച്ചത് രവീന്ദ്രനാഥ് ടാഗോർ ആണ്.<br>ഘട്ടം 2<br>നമ്മുടെ ദേശീയ ഗീതം ഏതാണ്?<br>ആരാണ് നമ്മുടെ ദേശീയ ഗീതം എഴുതിയത്<br>പ്രതികരണം<br>വന്ദേമാതരം കേൾപ്പിക്കുന്നു.<br>ബങ്കിംചന്ദ്ര ചാറ്റർജിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ദേശീയ ഗീതം കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.<br>ദേശീയ ഗീതം കുറിപ്പ്<br>വന്ദേമാതരം എന്ന് തുടങ്ങുന്ന ഗാനമാണ് നമ്മുടെ ദേശീയ ഗീതം. ബങ്കിം ചന്ദ്രചാറ്റർജിയാണ് ദേശീയ ഗീതം രചിച്ചത്.<br>ഘട്ടം 3<br>ദേശീയ പതാകയിലെ നിറങ്ങൾ ഏതെല്ലാം.<br>നിറങ്ങളുടെ ക്രമം എങ്ങനെയാണ് | |

| | |
|---|---|
| നടുക്കുള്ള അശോക ചക്രത്തിൽ എത്ര ആരക്കാലുകൾ ഉണ്ട്?.<br>ദേശീയ പതാക ഉയർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം.?<br>ദേശീയ പതാക ചിത്രം പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. അവതരണം<br>ഘട്ടം 4<br>നമ്മുടെ ദേശീയ മുദ്ര ഏതാണ്?<br>എവിടെ നിന്നാണ് ഇത് സ്വീകരിച്ചത്?<br>ദേശീയ മുദ്രയുടെ താഴ് ഭാഗത്ത് എന്താണ് എഴുതിയിരിക്കുന്നത്?<br>2 രൂപ നാണയം പ്രദർശിപ്പിക്കുന്നു. (ഇരു വശങ്ങളും)<br>ദേശീയ മുദ്ര പ്രദർശിപ്പിക്കുന്നു.<br>TB page No. 105 ദേശീയ മുദ്ര വായിക്കുന്നു.<br>ദേശീയ മുദ്ര കുറിപ്പ് വ്യക്തിഗതമായി എഴുതുന്നു. അവതരിപ്പിക്കുന്നു<br>ഘട്ടം 5<br>നമ്മുടെ ദേശീയ വൃക്ഷം, മൃഗം, പക്ഷി, പുഷ്പം ഫലം, വിനോദം, നദി, ജലജീവി, പൈതൃകമൃഗം ഔദ്യോഗിക കലണ്ടർ, നാണയ വ്യവസ്ഥ എന്നിവ ഏതാണ്?<br>പ്രതികരണം.<br>മേൽപറഞ്ഞവയുടെ ചിത്രങ്ങൾ പ്രസന്റേഷൻ നടത്തുന്നു. HB page no. 188, 189 റീഡിങ് മെറ്റീരിയൽ പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു<br>ഘട്ടം 6<br>വൈവിധ്യങ്ങൾ ഉണ്ടെങ്കിലും നമ്മൾ ഇന്ത്യാക്കാരാണെന്ന ബോധം നമ്മിൽ ഉണർത്തുന്ന ദേശീയ ചിഹ്നങ്ങൾ ഏതെല്ലാം<br>വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു<br>ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു<br>അവതരണം - ടീച്ചർ വെർഷൻ<br>ദേശീയ ഗാനം<br>ദേശീയ ഗീതം<br>ദേശീയ പതാക<br>ദേശീയ മുദ്ര<br>ദേശീയ നാണയം<br>ദേശീയ നാണയം - രൂപ<br>ദേശീയ പക്ഷി - മയിൽ<br>ദേശീയ നദി - ഗംഗ<br>ദേശീയ ജല ജീവി - ഗംഗാ ഡോൾഫിൻ<br>ദേശീയ വിനോദം - ഹോക്കി<br>ദേശീയ പുഷ്പം - താമര<br>ദേശീയ വൃക്ഷം - ആൽ<br>ദേശീയ മൃഗം - ബംഗാൾ കടുവ | |

| | |
|---|---|
| ദേശീയ ഫലം - മാങ്ങ<br>ദേശീയ പൈതൃക മൃഗം - ആന<br>ദേശീയ കലണ്ടർ - ശകവർഷം | |

വിലയിരുത്തൽ : ദേശീയഗാനം, ഗീതം ഇവ ഏതാണ്? ആരാണ് രചിച്ചത്

റഫറൻസ് : ഇയർ ബുക്ക്

തുടർ പ്രവർത്തനങ്ങൾ : ഇന്ത്യയുടെ വൈവിധ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ക്വിസ് മത്സരത്തിന് ആവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കൽ
ദേശീയ ചിഹ്നങ്ങളും ചിത്രങ്ങളും ശേഖരിക്കൽ

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 10 കൈയെത്താ ദൂരത്ത് കണ്ണെത്താ ദൂരത്ത്

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | പഴയകാല വാർത്താവിനിമയ സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു . | പഴയകാല വാർത്താ വിനിമയ മാർഗ്ഗങ്ങൾ, രീതികൾ | പോസ്റ്റ്മാൻ കത്ത് കൊടുക്കുന്ന ചിത്രം, പ്രാവ്, പെരുമ്പറ, ദൂതർ, അഞ്ചലോട്ടക്കാരൻ, സെമറോൺ ചിത്രങ്ങൾ | പുരാതന വിവര വിനിമയ സമ്പ്രദായങ്ങൾ പക്ഷികൾ, ദൂതർ മുഖേന, വാദ്യങ്ങൾ മുഖേന | കുറിപ്പ് - പഴയ കാല വാർത്താ വിനിമയ മാർഗ്ഗങ്ങൾ | പഴയകാല വാർത്താ വിനിമയ മാർഗ്ഗങ്ങൾ ഏതെല്ലാം | 120 |
| | വിവര വിനിമയ രംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു . | വാർത്താ വിനിമയ ഉപകരണം, മാധ്യമം കണ്ടെത്തൽ, വിനിമയ മാറ്റങ്ങൾ കണ്ടെത്തൽ | ലാന്റ് ഫോൺ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ ഫാക്സ് മെഷീൻ, വാക്കി ടോക്കി ചിത്രങ്ങൾ റേഡിയോ വാർത്ത, ടി.വി വാർത്ത | വിവര വിനിമയ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തപാൽ, ടെലഗ്രാഫ്, ടെലിഫോൺ | കുറിപ്പ് | വാർത്താ വിനിമയ രംഗത്തുണ്ടായ മാറ്റങ്ങള് എന്തെല്ലാം | 210 |
| | ആധുനിക വിവരവിനിമയ സംവിധാനങ്ങളെ പ്പറ്റി കുറിപ്പുകൾ തയ്യാറാക്കുന്നു | വാർത്താവിനിമയ മാർഗ്ഗങ്ങൾ പരിചയപ്പെടൽ | പത്രം, കമ്പ്യൂട്ടർ, ടെലിഗ്രാഫ്, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, ഫാക്സ്, ടെലിഫോൺ, വാക്കി ടോക്കി, മൊബൈൽ ഫോൺ എന്നിവയുടെ ചിത്രം. | നവീന വിവര വിനിമയ സംവിധാനങ്ങൾ | കുറിപ്പ് | ടെലിഫോൺ, മൊബൈൽ ഫോൺ, വാക്കി ടോക്കി ഇവ തമ്മിൽ എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു. | 120 |
| | വിവിധ വാർത്താ മാധ്യമങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് തരം തിരിക്കുന്നു. | ആശയവിനിമയമാറ്റങ്ങൾ തരംതിരിക്കുന്നു, വിനിമയമാധ്യമങ്ങളുടെ ഉപയോഗം കണ്ടെത്തുന്നു | ആശയവിനിമയമാധ്യമങ്ങളുടെ ചിത്രങ്ങൾ | പത്രം, റേഡിയോ, ടി.വി. ഇന്റർനെറ്റ് തുടങ്ങിയവ ബഹുജന ആശയവിനിമയ മാർഗങ്ങളാണ് | പട്ടിക.കുറിപ്പ് | ബഹുജന ആശയവിനിമയ മാധ്യമങ്ങൾ ഏതെല്ലാം? | 90 |

**പഠനനേട്ടം : പഴയകാല വാർത്താവിനിമയ സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : പ്രാവും കത്തുകളും
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പുരാതന വിവര വിനിമയ സമ്പ്രദായങ്ങൾ  പക്ഷികൾ, ദൂതർ മുഖേന, വാദ്യങ്ങൾ  മുഖേന
പഠന സാമഗ്രികൾ: പോസ്റ്റ്മാൻ  കത്ത് കൊടുക്കുന്ന ചിത്രം, പ്രാവ്, പെരുമ്പറ, ദൂതർ, അഞ്ചലോട്ടക്കാരൻ, സെമറോൺ  ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് - പഴയ കാല വാർത്താ വിനിമയ മാർഗ്ഗങ്ങൾ
തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം - 1<br>പോസ്റ്റ്മാൻ  കത്ത് കൊണ്ട് കൊടുക്കുന്ന ചിത്രം പ്രദർശിപ്പിക്കുന്നു.<br>എന്തൊക്കെ ആവശ്യങ്ങൾക്കാണ് നാം കത്ത് എഴുതാറുള്ളത്?.<br>കുട്ടികൾ പ്രതികരിക്കുന്നു<br>പാഠ പുസ്തകത്തിലെ വേണുവും മുത്തച്ഛനും തമ്മിലുള്ള സംഭാഷണം കുട്ടികൾ  വായിക്കുന്നു.<br>എന്തുകൊണ്ടാണ് മുത്തച്ഛന്  അത്ഭുതപ്പെട്ടത്?<br>കത്ത് ഇല്ലാതിരുന്ന കാലത്ത് വിവരങ്ങൾ കൈമാറിയിരുന്നത് എങ്ങനെയാണ്?<br>പ്രാവ്, പെരുമ്പറ, ദൂതൻ, അഞ്ചലോട്ടക്കാരൻ  കൈയ്യിൽ  രണ്ടു കൊടികൾ  വച്ച ആൾ (സെമറോൺ) എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ഇവയിലൂടെ എങ്ങനെയാണ് വിവരം കൈമാറിയിരുന്നത്.?<br>പ്രതികരണം<br>ഹാൻഡ് ബുക്ക് പേജ് 202 ടീച്ചർ  അറിയാൻ, 205 ടീച്ചർ  അറിയാൻ  റീഡിങ്ങ് മെറ്റീരിയൽ നല്കുന്നു.<br>പഴയകാലത്തെ വാർത്താ വിനിമയ മാർഗ്ഗങ്ങളും രീതിയും എന്നതിനെ കുറിച്ചുള്ള കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ  പങ്കുവയ്ക്കുന്നു. പൊതു അവതരണം. | |

വിലയിരുത്തൽ : പഴയകാല വാർത്താ വിനിമയ മാർഗ്ഗങ്ങൾ  ഏതെല്ലാം
തുടർ പ്രവർത്തനങ്ങൾ : സ്കൂളിലൊരു പോസ്റ്റാഫീസ്
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : : വിവര വിനിമയ രംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : വാർത്താ വിനിമയ മാറ്റങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വിവര വിനിമയ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ  ഉണ്ടായിട്ടുണ്ട്. തപാൽ, ടെലഗ്രാഫ്, ടെലിഫോൺ
പഠന സാമഗ്രികൾ: ലാന്റ് ഫോൺ, മൊബൈൽ  ഫോൺ, കമ്പ്യൂട്ടർ  ഫാക്സ് മെഷീൻ, വാക്കി ടോക്കി ചിത്രങ്ങൾ  റേഡിയോ വാർത്ത, ടി.വി വാർത്ത
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം : : 210 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം - 1<br>ലാന്റ് ഫോൺ, മൊബൈൽ  ഫോൺ, കമ്പ്യൂട്ടർ  ഫാക്സ് മെഷീൻ, വാക്കി ടോക്കി എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>ഏതൊക്കെയാണ് ഈ ഉപകരണങ്ങൾ<br>ഇവയിലെ വാർത്താവിനിയ മാധ്യമം എന്താണ്.<br>പ്രതികരണം | |

| | |
|---|---|
| പട്ടിക പ്രദർശിപ്പിക്കുന്നു.<br><table><tr><td>വാർത്താ വിനിമയ ഉപകരണങ്ങൾ</td><td>വാർത്താ വിനിമയ മാധ്യമം</td></tr><tr><td>ലാന്റ് ഫോൺ മൊബൈൽ ഫോൺ</td><td></td></tr><tr><td>മൊബൈൽ ഫോൺ, കമ്പ്യൂട്ടർ</td><td>എസ്.എം.എസ്</td></tr><tr><td></td><td>ഫാക്സ് സന്ദേശം</td></tr><tr><td></td><td>വാക്കി ടോക്കി സന്ദേശം</td></tr></table>വ്യക്തിഗതമായി പട്ടിക പൂർത്തിയാക്കുന്നു.<br>ഗ്രൂപ്പിൽ പരിശോധിക്കുന്നു. പൊതു അവതരണം<br>ഘട്ടം - 2<br>പാഠ പുസ്തകം പേജ് 110 മാറ്റങ്ങൾ അമ്മയും മകനും സംഭാഷണം കുട്ടികൾ വായിക്കുന്നു.<br>ചർച്ചാ--സൂചകങ്ങൾ<br>ഫോൺ ചെയ്താൽ പോരേ എന്ന് കുട്ടി ചോദിക്കാൻ കാരണമെന്താണ്.?<br>കത്ത് ഉപയോഗിക്കുമ്പോഴുള്ള സൗകര്യം, പരിമിതികൾ എന്തെല്ലാം.<br>ഫോൺ ഉപയോഗിക്കുമ്പോഴുള്ള സൗകര്യം/പരിമിതി എന്തെല്ലാം?<br>എഴുത്ത് രൂപം ഏതിലാണ്?<br>സംഭാഷണ രൂപം ഏതിലാണ്?<br>ഒരു സമയം രണ്ട് ഭാഗത്തേക്കും ആശയം കൈമാറാൻ സഹായിക്കുന്നത് ഏതാണ്.?<br>വേഗത, സമയലാഭം ഏതിനാണ്.?<br>സന്ദേശം കൈമാറി എന്ന് ഉറപ്പാക്കുന്നത് ഏതാണ്?<br>കത്ത്, ഫോൺ സൗകര്യങ്ങൾ പരിമിതികൾ വ്യക്തിഗതമായി പട്ടികയിൽ ലിസ്റ്റ് ചെയ്യുന്നു. പട്ടിക പ്രദർശിപ്പിക്കുന്നു.<br><table><tr><td>കത്ത്</td><td>ഫോൺ</td></tr><tr><td></td><td></td></tr></table>ഗ്രൂപ്പിൽ അവതരണം - പൊതു അവതരണം ടീച്ചർ വെർഷൻ അവതരണം HB page no. 204 ടീച്ചർ അറിയാൻ.<br>ഘട്ടം 3<br>റേഡിയോ, ടി.വി വാർത്ത പ്രദർശിപ്പിക്കുന്നു.<br>റേഡിയോ വാർത്തയിൽ നിന്ന് ടി.വി വാർത്തയ്ക്ക് എന്ത് പ്രത്യേകതയാണ് ഉള്ളത്.<br>റേഡിയോയിൽ കാണാൻ കഴിയുമോ.<br>പ്രതികരണം<br>മാറ്റങ്ങൾക്കനുസരിച്ചുണ്ടായ വസ്തുതകൾ മനസിലാക്കി താഴെ കാണുന്ന പട്ടിക പൂർത്തിയാക്കുന്നു.<br><table><tr><td>റേഡിയോ</td><td>ടെലിവിഷൻ</td></tr><tr><td>കത്ത്</td><td></td></tr><tr><td>ടെലിഫോൺ</td><td></td></tr></table>അവതരണം | |

| | |
|---|---|
| ടീച്ചർ വെർഷൻ<br>റേഡിയോ - ടെലിവിഷൻ<br>കത്ത് - ഇ-മെയിൽ<br>ടെലിഫോൺ - മൊബൈൽ ഫോൺ<br>വാർത്താ വിനിമയ രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?<br>വേഗത കാരണമായിട്ടുണ്ടോ?<br>കുറഞ്ഞ ചെലവ് കാരണമായിട്ടുണ്ടോ?<br>സൗകര്യം കാരണമായിട്ടുണ്ടോ?<br>പാഠ പുസ്തകം പേജ് 110 വായിക്കുന്നു. കാരണങ്ങൾ രേഖപ്പെടുത്തുന്നു | |

വിലയിരുത്തൽ : ചർച്ചയിലെ പങ്കാളിത്തം
വാർത്താ വിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?
തുടർ പ്രവർത്തനങ്ങൾ : കുട്ടികളുടെ ആകാശവാണി രൂപീകരിക്കുന്നു.
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ആധുനിക വിവരവിനിമയ സംവിധാനങ്ങളെപ്പറ്റി കുറിപ്പുകൾ തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : നവീന വിനിമയം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നവീന വിവര വിനിമയ സംവിധാനങ്ങൾ
പഠന സാമഗ്രികൾ: പത്രം, കമ്പ്യൂട്ടർ, ടെലിഗ്രാഫ്, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, ഫാക്സ്, ടെലിഫോൺ, വാക്കി ടോക്കി, മൊബൈൽ ഫോൺ എന്നിവയുടെ ചിത്രം
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : ................................... സമയം 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം - 1<br>പത്രം, കമ്പ്യൂട്ടർ, ടെലിഗ്രാഫ്, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, ഫാക്സ്, ടെലിഫോൺ, വാക്കി ടോക്കി, മൊബൈൽ ഫോൺ എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു. പേര് ലിസ്റ്റ് ചെയ്യുന്നു.<br>പത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>പത്രത്തേക്കാൾ എന്തൊക്ക മികവുകൾ കമ്പ്യൂട്ടറിന് ഉണ്ട്? പരിമിതികൾ എന്തൊക്കെ?<br>ടെലിഗ്രാമിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>റേഡിയോയുടെ പ്രത്യേകതകൾ എന്തെല്ലാം?<br>ടെലിവിഷന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>ഇന്റർനെറ്റിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>ഫാക്സിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>ടെലിഫോണിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>വാക്കിടോക്കിയുടെ പ്രത്യേകതകൾ എന്തെല്ലാം?<br>മൊബൈൽ ഫോണിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>പ്രതികരണം<br>5 അംഗ ഗ്രൂപ്പാക്കുന്നു. പാഠ പുസ്തകം പേജ് 111, 112 ഗ്രൂപ്പിൽ വായിക്കുന്നു. വിനിമയ മാർഗ്ഗം, സവിശേഷതകൾ ലിസ്റ്റ് ചെയ്യുന്നു. | |

| മാർഗ്ഗം | സവിശേഷത |
|---|---|

| | | | |
|---|---|---|---|
| | | | |
| പൊതു അവതരണം | | | |

വിലയിരുത്തൽ : ടെലിഫോൺ, മൊബൈൽ ഫോൺ, വാക്കി ടോക്കി ഇവ തമ്മിൽ എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു.
തുടർ പ്രവർത്തനങ്ങൾ : വാർത്താ വിനിമയ മാർഗ്ഗങ്ങളുടെ ചിത്രം ശേഖരിക്കൽ
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വിവിധ വാർത്താ മാധ്യമങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് തരം തിരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ബഹുജന ആശയവിനിമയം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഫോൺ, പത്രം റേഡിയോ ഇമെയിൽ ടെലിവിഷൻ തുടങ്ങിയവ ബഹുജന ആശയവിനിമയ മാർഗങ്ങളാണ്.
പഠന സാമഗ്രികൾ: ആശയവിനിമയമാധ്യമങ്ങളുടെ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ പട്ടിക.കുറിപ്പ്
തീയതി : .................................... സമയം : 90 മിനിട്ട്

<table>
<tr><th>പ്രവർത്തനം</th><th>പ്രതികരണം</th></tr>
<tr><td>ഘട്ടം - 1<br>ഫോൺ, പത്രം, റേഡിയോ, ഇ-മെയിൽ, ടെലിവിഷൻ, ഫാക്സ് എന്നിവയുടെ ചിത്രം കാണിക്കുന്നു.<br>ഒരു സന്ദേശം ഒന്നിൽ കൂടുതൽ ആൾക്കാർക്ക് കൈമാറാവുന്നവ ഏതെല്ലാം.<br>ഒരു സന്ദേശം ഒരാൾക്ക് മാത്രം കൈമാറാവുന്നവ ഏതെല്ലാം.<br>വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു.<br>പട്ടിക
<table>
<tr><td>ആശയകൈമാറ്റം വ്യക്തിയിലേക്ക്</td><td>ആശയകൈമാറ്റം സമൂഹത്തിലേക്ക്</td></tr>
<tr><td></td><td></td></tr>
</table>
ഗ്രൂപ്പിൽ അവതരണം - പൊതു അവതരണം<br>എന്താണ് ബഹൂജന ആശയവിനിമയ മാധ്യമങ്ങൾ ?<br>പാഠ പുസ്തകം പേജ് 113 വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.<br>ഘട്ടം - 2<br>ഏതൊക്കെ മേഖലകളിലാണ് വിവര വിനിമയ വിദ്യ പ്രയോജനപ്പെടുത്തുന്നത്?<br>പ്രതികരണം<br>പാഠപുസ്തകത്തിലെ എന്തെല്ലാം എന്തെല്ലാം എന്ന ഭാഗം കുട്ടികൾ വായിക്കുന്നു.ടി.വി (ക്രിക്കറ്റ് കളി ) തത്സമയം കാലാവസ്ഥ എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>ഓരോന്നിലൂടെയും എന്ത് സഹായമാണ് നമുക്ക് ലഭിക്കുന്നത്? ലിസ്റ്റ് ചെയ്യുന്നു.<br>അവതരണം<br>ക്രോഡീകരണം<br>കാലാവസ്ഥാ പ്രവചനം<br>തത്സമയ സംപ്രേഷണം<br>മുന്നറിയിപ്പുകൾ<br>കുറ്റാന്വേഷണം</td><td></td></tr>
</table>

| | |
|---|---|
| ബാങ്കിങ്<br>ഘട്ടം 3<br>രണ്ട് പേർ തമ്മിലുള്ള മൊബൈൽ സംഭാഷണം വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഇവിടെ ഒരാൾ പറയുന്നത് മറ്റൊരാളിലേക്ക് എത്തിയത് എങ്ങനെ?<br>പ്രതികരണം<br>പാഠപുസ്തകം പേജ് 114 നിങ്ങൾക്കറിയാമോ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ടവറുകൾ എന്തിനാണ്?<br>ചർച്ച<br>ക്രോഡീകരണം<br>ഒരാൾ പറയുന്നവ മൊബൈൽ ഫോണിൽ നിന്നും ടവറിലേക്കും ടവറിൽ നിന്ന് മറ്റേയാൾ നില്ക്കുന്ന സ്ഥലത്തെ ടവറിലേക്കും അവിടെ നിന്ന് മറ്റെയാളുടെ മൊബൈൽ ഫോണിലേക്കും എത്തുന്നു.<br>ഘട്ടം - 4<br>എന്താണ് വിവര വിനിമയ സാങ്കേതിക വിദ്യ?<br>പ്രതികരണം<br>പാഠപുസ്തകം പേജ് 115 വായിക്കുന്നു<br>കുറിപ്പെഴുതുന്നു | |

വിലയിരുത്തൽ : ആശയവിനിമയമാർഗങ്ങൾ ഏതെല്ലാം.എത്രതരം
തുടർ പ്രവർത്തനങ്ങൾ : ടെലി കോൺഫറൻസ്, വീഡിയോ കോൺഫറൻസ്( പ്രധാന അധ്യാപകനും കുട്ടികളും)
റിഫ്ലക്ഷൻ നോട്ട് :.

# യൂണിറ്റ് 11 കൂട്ടുകാർക്കൊരു കരുതൽ

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | അപകടമുണ്ടാകാൻ സാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | അപകട സന്ദർഭങ്ങൾ, അപകടങ്ങൾ പട്ടികപ്പെടുത്തൽ | അപകടങ്ങളുടെ വീഡിയോ | അശ്രദ്ധ മൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നത്. ശ്രദ്ധിച്ചാൽ അപകടങ്ങൾ ഒഴിവാക്കാം - നിരവധി അപകട സന്ദർഭങ്ങൾ ഉണ്ട് | അപകടങ്ങൾ പട്ടിക, അപകട സന്ദർഭങ്ങൾ പട്ടിക | നമുക്ക് ചുറ്റും സംഭവിക്കുന്ന അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം | 120 |
| | പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം കണ്ടെത്തി പറയുന്നു. പ്രഥമ ശുശ്രൂഷ എന്തെന്ന് നിർവചിക്കുന്നു | പ്രഥമ ശുശ്രൂഷ പ്രയോജനങ്ങൾ കണ്ടെത്തൽ പ്രഥമ ശുശ്രൂഷകന്റെ കടമകൾ കണ്ടെത്തൽ | പാഠപുസ്തകം | അപകടം സംഭവിച്ചാൽ ആശുപത്രിയിൽ എത്തിക്കുന്നതിനു മുമ്പു നല്കേണ്ട പരിചരണമാണ് പ്രഥമ ശുശ്രൂഷ. പരിക്കുകളുടെ തീവ്രത കുറയാക്കാൻ പ്രഥമ ശുശ്രൂഷ സഹായിക്കുന്നുണ്ട് | കുറിപ്പ് | പ്രഥമ ശുശ്രൂഷ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം പ്രഥമ ശുശ്രൂഷ ചെയ്യുന്ന ആളിന്റെ കടമകൾ എന്തെല്ലാം. | 60 |
| | ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമ ശുശ്രൂഷകൾ നൽകണമെന്ന് വിശദീകരിക്കുന്നു | അപകടങ്ങൾ, പ്രഥമ ശുശ്രൂഷ മുൻകരുതലുകൾ ഉല്പന്നങ്ങൾ - കുറിപ്പ്, പതിപ്പ് | പ്രഥമ ശുശ്രൂഷ വീഡിയോ | വ്യത്യസ്ഥ അപകടങ്ങൾക്ക് വ്യത്യസ്ഥ രീതിയിലുള്ള പ്രഥമ ശുശ്രൂഷയാണ് നല്കേണ്ടത് | കുറിപ്പ്, പതിപ്പ് | ഏതെങ്കിലും രണ്ട് അപകടങ്ങൾ അവയുടെ പ്രഥമ ശുശ്രൂഷ, അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ ഇവ എഴുതുക | 240 |
| | പ്രഥമ ശുശ്രൂഷപ്പെട്ടി ക്രമീകരിക്കുകയും വേണ്ട വിധം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | പ്രഥമശുശ്രൂഷ പെട്ടി നിർമ്മാണം | പ്രഥമ ശുശ്രൂഷ പ്പെട്ടി ചിത്രങ്ങൾ | ഫസ്റ്റ് എയ്ഡ് ബോക്സ് | പ്രഥമ ശുശ്രൂഷ പ്പെട്ടി | പ്രഥമ ശുശ്രൂഷപ്പെട്ടിയുടെ ഉപയോഗങ്ങൾ എന്തെല്ലാം | 60 |

**പഠനനേട്ടം : അപകടമുണ്ടാകാൻ സാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : അപകടങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : അശ്രദ്ധമൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നത്. ശ്രദ്ധിച്ചാൽ അപകടങ്ങൾ ഒഴിവാക്കാം- നിരവധി അപകടസന്ദർഭങ്ങൾ ഉണ്ട്

പഠന സാമഗ്രികൾ: അപകടങ്ങളുടെ വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: അപകടങ്ങൾ പട്ടിക, അപകട സന്ദർഭങ്ങൾ പട്ടിക

തീയതി : .................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനഘട്ടങ്ങൾ<br>ഫുഡ്ബാൾ കളിക്കിടെ അപകടം പറ്റുന്ന ഒരു വീഡിയോ കാണിക്കുന്നു.<br>നിങ്ങളുടെ കൂട്ടുകാരനാണ് ഇത് സംഭവിച്ചതെങ്കിൽ നിങ്ങൾ എന്തു ചെയ്യുമായിരുന്നു.<br>കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കുന്നു<br>ചർച്ചാസൂചകങ്ങൾ<br>നിങ്ങൾക്ക് ചികിത്സിക്കാൻ കഴിയുമോ?<br>മുതിർന്നവരെ അറിയിക്കുമോ?<br>ആശുപത്രിയിൽ എത്തിക്കുമോ?<br>ക്രോഡീകരണം<br>അപകടത്തിന്റെ സ്വഭാവമനുസരിച്ച് നമുക്ക് ചെയ്യാൻ കഴിയുന്ന സഹായം ചെയ്യും.<br>ഘട്ടം2<br>കളിക്കിടെ ഉണ്ടായ ഒരു അപകടമാണ് നാം കണ്ടത്. വീട്ടിലും വിദ്യാലയത്തിലും<br>അപകടങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങൾ ഏതെല്ലാം<br>വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു.<br>ഗ്രൂപ്പിൽ ക്രോഡീകരണം<br>പൊതു അവതരണം<br>ജനലിലൂടെ പുറത്തേക്ക് ചാടുന്നു<br>അശ്രദ്ധമായി ഓടുന്നു<br>തറയിലെ വെള്ളം, എണ്ണ, പഴത്തൊലി എന്നിവയിൽ ചവിട്ടി തെന്നിവീഴുന്നു<br>മൂക്കിലും ചെവിയിലും ചില വസ്തുക്കൾ തിരുകുന്നു<br>ആഹാരസാധനങ്ങൾ തൊണ്ടയിൽ കുടുങ്ങുന്നു<br>വീണ് മുറിവേൽക്കുന്നു<br>കടന്നൽ കുത്തുന്നു<br>പൊള്ളൽ ഏൽക്കുന്നു<br>പേപ്പട്ടി, മറ്റു ജന്തുക്കൾ കടിക്കുന്നു.<br>വെള്ളത്തിൽ വീണുണ്ടാകുന്ന അപകടങ്ങൾ<br>ഇത്തരം സന്ദർഭങ്ങളിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നാം എന്താണ് ചെയ്യേണ്ടത്.<br>കുട്ടികൾ പ്രതികരിക്കുന്നു | |

| | |
|---|---|
| ടീച്ചർ ക്രോഡീകരിക്കുന്നു<br>അപകടങ്ങൾ ഉണ്ടാകുന്ന മിക്ക സന്ദർഭങ്ങളും ശ്രദ്ധയും മുൻകരുതലും ഉണ്ടെങ്കിൽ ഒഴിവാക്കാനാകും.<br>ഘട്ടം3 താഴെ പറയുന്ന ഓരോ സന്ദർഭങ്ങളിലുംനമുക്ക് ഉണ്ടാകുന്ന അപകടങ്ങൾ എന്തെല്ലാം?<br>വീട്ടിൽ ഉണ്ടാകാറുള്ള അപകടങ്ങൾ ഏതെല്ലാം?<br>സ്കൂളിൽ വച്ച് ഉണ്ടാകാറുള്ള അപകടങ്ങൾ എന്തെല്ലാം?<br>റോഡിൽ വച്ച് ഉണ്ടാകാറുള്ള അപകടങ്ങൾ എന്തെല്ലാം?<br>യാത്രയ്ക്കിടെ ഉണ്ടാകുന്ന അപകടങ്ങൾ?<br>മറ്റ് അപകടങ്ങൾ? കുട്ടികൾ വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു. 5 അംഗ ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു. വ്യത്യസ്ത അപകടങ്ങളുടെ ദൃശ്യങ്ങൾ വീഡിയോ പ്രദർശിപ്പിക്കുന്നു. അധ്യാപകൻ ബോർഡിൽ പദസൂര്യൻ വരയ്ക്കുന്നു<br>അപകടങ്ങൾ<br>തീപ്പൊള്ളൽ<br>ഉളുക്ക്<br>ചതവ്<br>മുറിവ്<br>പാമ്പ്കടി<br>പട്ടികടി<br>ഭക്ഷണം തൊണ്ടയിൽ കുടുങ്ങൽ<br>പൊള്ളൽ<br>അസ്ഥിഭംഗം<br>ബോധക്ഷയം<br>മൂക്കിൽ നിന്ന് രക്തം വരൽ<br>കണ്ണിൽ പൊടി വീഴൽ<br>വസ്ത്രത്തിൽ തീപിടിക്കൽ<br>വൈദ്യുതാഘാതം<br>വെള്ളത്തിൽ വീണ് ഉണ്ടാകുന്ന അപകടങ്ങൾ | |

വിലയിരുത്തൽ
നമുക്ക് ചുറ്റും സംഭവിക്കുന്ന അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം

**പഠനനേട്ടം : പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം കണ്ടെത്തി പറയുന്നു. പ്രഥമ ശുശ്രൂഷ എന്തെന്ന് നിർവചിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രഥമശുശ്രൂഷ പ്രയോജനങ്ങൾ കണ്ടെത്തൽ പ്രഥമ ശുശ്രൂഷകന്റെ കടമകൾ കണ്ടെത്തൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രഥമ ശുശ്രൂഷ

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്

തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനഘട്ടങ്ങൾ<br>ഘട്ടം1<br>അപകടത്തിൽപ്പെടുന്ന ആളിനെ ആശുപത്രിയിൽ എത്തിക്കുന്നതിനു മുമ്പ് നമുക്ക് എന്ത് പരിചരണം നൽകാം? ഇത്തരം പരിചരണത്തെ എന്ത് പേരിലാണ് അറിയപ്പെടുന്നത്?<br>കുട്ടികൾ പാഠപുസ്തകത്തിലെ നമുക്കും സഹായിക്കാം എന്ന ഭാഗം വായിക്കുന്നു.<br>പ്രഥമശുശ്രൂഷ നിർവചിച്ച് നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>അപകടത്തിൽപ്പെട്ടയാൾക്ക് വൈദ്യസഹായം ലഭിക്കുന്നതുവരെ ചെയ്യുന്ന പരിചരണമാണ് പ്രഥമശുശ്രൂഷ.<br>ഘട്ടം2<br>പ്രഥമശുശ്രൂഷ നൽകുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?.<br>ചരച്ച<br>പരിക്കിന്റെ തീവ്രത കുറയ്ക്കാൻ സഹായിക്കുമോ?<br>അപകടത്തിൽപ്പെട്ട ആൾക്ക് ആത്മവിശ്വാസം ലഭിക്കുമോ?<br>ജീവൻ രക്ഷിക്കാൻ സഹായിക്കുമോ?<br>ക്രോഡീകരണം<br>പരിക്കിന്റെ തീവ്രത കുറയ്ക്കാനും അപകടത്തിൽപ്പെട്ട ആളിന് ആത്മവിശ്വാസം നൽകാനും പ്രഥമ ശുശ്രൂഷ പ്രയോജനപ്പെടും. പ്രഥമ ശുശ്രൂഷ നൽകുന്നത് ജീവൻ രക്ഷിക്കാൻ സഹായകമാകും<br>ഘട്ടം 3<br>പ്രഥമശുശ്രൂഷകന്റെ കടമകൾ എന്തെല്ലാം?<br>ചർച്ച<br>പ്രഥമശുശ്രൂഷകൻ എന്തെല്ലാം ചെയ്യണം?<br>പ്രഥമശുശ്രൂഷകൻ ചെയ്യാൻ പാടില്ലാത്തത് എന്തെല്ലാം.?<br>ക്രോഡീകരണം<br>അപകടത്തിൽപ്പെട്ടയാളെ ആശ്വസിപ്പിക്കണം. ധൈര്യം നൽകണം. വൈദ്യസഹായം ലഭിക്കുന്നതുവരെ പരിചരണം നല്കണം.<br>ഉത്തമബോധ്യമുള്ള കാര്യങ്ങൾ മാത്രമേ ചെയ്യാവൂ. തെറ്റായകാര്യങ്ങൾ ചെയ്യരുത്. | |

.

വിലയിരുത്തൽ
പ്രഥമശുശ്രൂഷ കൊണ്ടുള്ള പ്രയോജനങ്ങൾഎന്തെല്ലാം? പ്രഥമശുശ്രൂഷ ചെയ്യുന്ന ആളിന്റെകടമകൾ എന്തെല്ലാം?
തുടർപ്രവർത്തനങ്ങൾ
ഒരു അപകടസന്ദർഭം വിവരിച്ച് അതിൽ ഞാൻ എന്തു ചെയ്യും എന്നതിന് ഊന്നൽ നല്കി ഒരു കുറിപ്പ് തയ്യാറാക്കുന്നു.
പഠനനേട്ടം : ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമ ശുശ്രൂഷകൾ നല്കണമെന്ന് വിശദീകരിക്കുന്നു.
പ്രവർത്തനത്തിന്റെ പേര് : വിവിധ അപകടങ്ങളും പ്രഥമ ശുശ്രൂഷകളും
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വ്യത്യസ്ത അപകടങ്ങൾക്ക് വ്യത്യസ്ത രീതിയിലുള്ള പ്രഥമ ശുശ്രൂഷയാണ് നല്കേണ്ടത്

പഠന സാമഗ്രികൾ: പ്രഥമശുശ്രൂഷ വീഡിയോ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്, പതിപ്പ്
തീയതി : .................................... സമയം : 240 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനഘട്ടങ്ങൾ<br>ഘട്ടം1<br>കൈ/കാൽ മുറിവേറ്റ ഒരാളുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>ആശുപത്രിയിൽ എത്തിക്കുന്നതിനു മുമ്പ് ഇദ്ദേഹത്തിന് എന്ത് പ്രഥമശുശ്രൂഷയാണ് നല്കേണ്ടത്.<br>ചർച്ച<br>മുറിവിലെ അഴുക്ക് എങ്ങനെ മാറ്റും?<br>രക്തം വാർന്നു പോകാതിരിക്കാൻ എന്തു ചെയ്യണം?<br>മുറിവ് തുറന്ന് വയ്ക്കാമോ?<br>കുട്ടികൾ പ്രതികരിക്കുന്നു<br>മുറിവ് പറ്റിയ ഒരാൾക്ക് നല്കുന്ന പ്രഥമ ശുശ്രൂഷ വീഡിയോ കാണിക്കുന്നു. പാഠപുസ്തകത്തിലെ-<br>മുറിവുകൾ - വായിക്കുന്നു. മുറിവ് പറ്റിയ ആൾക്ക് നല്കേണ്ട പ്രഥമ ശുശ്രൂഷ<br>കുറിപ്പെഴുതുന്നു(വ്യക്തിഗതമായി). ഗ്രൂപ്പിൽ പങ്കുവയ്ക്കൽ<br>അവതരണം ക്രോഡീകരണം<br>മുറിവേറ്റ ഭാഗം ശുദ്ധജലം കൊണ്ട് കഴുകണം, മുറിവേറ്റ ഭാഗം ഉയർത്തി പിടിക്കണം. രക്തം<br>വാർന്നുപോകാതിരിക്കാൻ മുറിവേറ്റ ഭാഗം വൃത്തിയുള്ള തുണി ഉപയോഗിച്ച് അമർത്തിപ്പിടിക്കണം.<br>മുറിവിൽ കട്ട പിടിച്ച രക്തം നീക്കം ചെയ്യരുത്. മുറിവുകൾ തുറന്നു വയ്ക്കരുത്, ഇത് അണുബാധ<br>ഏല്ക്കാൻ ഇടയാക്കും. വലിയ മുറിവാണെങ്കിൽ അദ്ദേഹത്തെ സൗകര്യപ്രദമായ<br>രീതിയിൽ ഇരുത്തുകയോ കിടത്തുകയോ ചെയ്യണം.<br>പ്രഥമശുശ്രൂഷകന്റെ കൈകൾ വൃത്തിയുള്ളതായിരിക്കണം. മുറിവേറ്റയാളെ എത്രയും വേഗം<br>ആശുപത്രിയിൽ എത്തിക്കണം.<br>ഘട്ടം2<br>മൂക്കിൽ നിന്ന് രക്തം വരുന്ന ഒരാളിന്റെ ചിത്രം/വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഇദ്ദേഹത്തിന് എന്ത് പ്രഥമ ശുശ്രൂഷയാണ്നല്കേണ്ടത്.?<br>കുട്ടികൾ പ്രതികരിക്കുന്നു | |

| | |
|---|---|
| മൂക്കിൽ നിന്നും രക്തം വരുന്നയാളിന് നല്കുന്ന പ്രഥമ ശുശ്രൂഷ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>പാഠപുസ്തകം-മൂക്കിൽനിന്ന് രക്തം വന്നാൽ- എന്ന ഭാഗം വായിക്കുന്നു. മൂക്കിൽ നിന്ന് രക്തം വന്നാൽ നല്കേണ്ട പ്രഥമ ശുശ്രൂഷകൾ വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.<br>അവതരണം<br>ക്രോഡീകരണം<br>ശ്വാസനാളത്തിലേക്ക് രക്തം കടക്കുന്ന സാഹചര്യം ഒഴിവാക്കാൻ മുന്നോട്ട് ചായ്ച്ച് ഇരുത്തുക.<br>രക്തം കട്ടപിടിക്കാനും കൂടുതൽ രക്തം നഷ്ടപ്പെടാതിരിക്കാനും മൂക്കിന്റെ അഗ്രഭാഗം അമർത്തിപ്പിടി ക്കുക. വായിലൂടെ ശ്വസിക്കാൻ നിർദ്ദേശിക്കുക.<br>സംസാരിക്കാതിരിക്കാൻ നിർദ്ദേശിക്കുക. വൈദ്യസഹായംതേടുക.<br>ഘട്ടം3<br>കണ്ണിൽ പൊടി വീണ ഒരു കുട്ടിയുടെചിത്രം/ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>കണ്ണിൽ പൊടി വീണാൽ എന്ത് പ്രഥമശുശ്രൂഷയാണ് നല്കേണ്ടത്?<br>വ്യക്തിഗതമായി പ്രതികരിക്കുന്നു.<br>കണ്ണിൽ പൊടി വീണാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ വീഡിയോ കാണിക്കുന്നു.<br>പാഠപുസ്തകം കണ്ണിൽ പൊടി വീണാൽ എന്ന ഭാഗം വായിക്കുന്നു.<br>ക്രോഡീകരണം<br>കണ്ണ് തിരുമ്മാൻ അനുവദിക്കരുത്<br>ശുദ്ധജലം ധാരാളമായി കണ്ണിൽ ഒഴിക്കണം<br>വൃത്തിയുള്ള നനഞ്ഞ തൂവാലയുടെ അറ്റം ഉപയോഗിച്ച് പൊടി എടുക്കാൻ ശ്രമിക്കാം<br>കണ്ണിൽ തറച്ചുപോയ വസ്തുക്കൾ നീക്കംചെയ്യാൻ ശ്രമിക്കരുത് ഇതിന് വൈദ്യ സഹായം തേടണം.<br>ഘട്ടം4<br>കാൽ ഉളുക്കിയ ഒരു വീഡിയോ പ്രദർശിപ്പിക്കുന്നു. ഉളുക്കുമ്പോൾ നാം എന്ത് പ്രഥമ ശുശ്രൂഷയാണ് നല്കേണ്ടത്<br>വ്യക്തിഗതമായി പ്രതികരിക്കുന്നു.<br>പാഠപുസ്തകം വായിക്കുന്നു. ഉളുക്കുമ്പോൾ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ വീഡിയോ പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി പ്രഥമ ശുശ്രൂഷ എഴുതുന്നു. ഗ്രൂപ്പിൽ പങ്കു വയ്ക്കൽ പൊതു അവതരണം.<br>ക്രോഡീകരണം<br>ഉളുക്കിയ ഭാഗം അനക്കാതെ ഉയർത്തിവയ്ക്കുക,വേദനകുറയ്ക്കാൻ ഐസ് പാക്ക് വയ്ക്കുക.,ചൂടുവെള്ളമോഎണ്ണയോ പുരട്ടരുത്<br>ഐസ് പാക്ക് തയ്യാറാകുന്നതെങ്ങനെ?<br>പാഠപുസ്തകം ഐസ് പാക്ക് വായിക്കുന്നു<br>കുറിപ്പ് തയ്യാറാക്കുന്നു<br>ഐസ് പാക്ക്<br>ഒരു പ്ലാസ്റ്റിക് കൂടിൽ ഐസ് ഇട്ട ശേഷം വെള്ളം ചേർത്ത് അതിന് മുകളിൽ വൃത്തിയുള്ള തുണി പൊതിഞ്ഞാൽ അത് ഐസ്പാക്കായി ഉപയോഗിക്കാം. | |

ഘട്ടം5
ഭാരമുള്ള ഒരു വസ്തു കാലിൽ വീഴുന്ന സന്ദർഭം വീഡിയോ കാണിക്കുന്നു.
ചതവ് ഉണ്ടാകുമ്പോൾ എന്ത് പ്രഥമശുശ്രൂഷയാണ് നല്കാൻ കഴിയുന്നത്.?
വ്യക്തിഗത പ്രതികരണം
പാഠഭാഗം ചതവ് വായിക്കുന്നു/ വീഡിയോപ്രദർശിപ്പിക്കുന്നു. ചതവ് പ്രഥമശുശ്രൂഷ കുറിപ്പ് തയ്യാറാക്കുന്നു.
തണുത്ത വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണിയോ ഐസ് പാക്കോ ചതവു പറ്റിയ ഭാഗത്ത് വയ്ക്കാം.
ചൂടുപിടിക്കരുത്
തിരുമ്മരുത്
വ്യക്തിഗതമായി പ്രഥമ ശുശ്രൂഷ എഴുതുന്നു. ഗ്രൂപ്പിൽ പങ്കു വയ്ക്കുന്നു, പൊതു അവതരണം.
ഘട്ടം 6
നമ്മുടെ ക്ലാസ്സിൽ കൈ ഒടിവ് പറ്റിയ ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അനുഭവം പങ്കുവയ്ക്കൽ (ഒടിഞ്ഞപ്പോൾ എന്താണ് ചെയ്തത്)
കൈ ഒടിഞ്ഞത്(മുറിവ് ഇല്ലാത്തതും മുറിവ് ഉള്ളതും) രണ്ട് ചിത്രങ്ങൾ കാണിക്കുന്നു.
ഇവർക്ക് എന്ത് പ്രഥമ ശുശ്രൂഷയാണ് നല്കേണ്ടത്.?
വ്യക്തിഗത പ്രതികരണം
പാഠഭാഗം വായിക്കുന്നു- അസ്ഥിഭംഗം വീഡിയോ കാണിക്കുന്നു.
അസ്ഥിഭംഗം- പ്രഥമശുശ്രൂഷ വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.
അവതരണം
രക്ത പ്രവാഹം തടയണം(പഞ്ഞി/തുണി),മുറിവിലേക്ക് രോഗാണുക്കൾ പ്രവേശിക്കാതിരിക്കാൻ ശ്രദ്ധിക്കണം,ഒടിഞ്ഞ ഭാഗം ഇളകാൻ അനുവദിക്കരുത്,മുറിവില്ലാത്ത അസ്ഥി ഭംഗത്തിന് സ്പിന്റ് കെട്ടണം
സ്പ്ലിന്റ് എങ്ങനെ തയ്യാറാക്കാം?
വ്യക്തിഗതപ്രതികരണം
സ്പ്ലിന്റ് തയ്യാറാക്കുന്ന വിധം എഴുതുന്നു.
ഘട്ടം7
ഭക്ഷണം കഴിക്കുമ്പോൾ നിങ്ങളുടെ തൊണ്ടയിൽ ആഹാരം കുടുങ്ങിയിട്ടുണ്ടോ? അപ്പോൾ എന്ത് ചെയ്തു.?
വ്യക്തിഗത പ്രതികരണം
ശ്വാസം കിട്ടാതെ മരണ സാധ്യതയുള്ള ഒരു അപകടമാണ് ഇത്. ഇതിന് എന്ത് പ്രഥമ ശുശ്രൂഷ നല്കാം.?
പാഠഭാഗം- ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയാൽ -വായിക്കുന്നു. വീഡിയോ കാണിക്കുന്നു.
വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. അവതരണം
ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയ ആളിന്റെ പിന്നിൽ നിന്നുകൊണ്ട് അയാളെ അല്പം മുന്നിലേക്ക് കുനിച്ച് നിറുത്തുക.
ഇടതുകൈക്കുള്ളിൽ വലതു മുഷ്ടിവരത്തക്ക വിധത്തിൽ ചേർത്തു വച്ച് അയാളുടെ

| | |
|---|---|
| നെഞ്ചിൻ കൂടിന് താഴെയായി വയറിന്റെ മുകൾ ഭാഗത്ത് ശക്തമായി അമർത്തുക<br>രണ്ടു കൈകളും ചേർത്ത് പിടിച്ച് ഉള്ളിലേക്കും മുകളിലേക്കും വേഗത്തിൽ ചലിപ്പിക്കുക.<br>ആഹാരസാധനം പുറത്ത് വന്നില്ലെങ്കിൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക.<br>രണ്ട് കുട്ടികളെ ഉപയോഗിച്ച് ഇത് ഡെമോൺസ്ട്രേഷന് നടത്തുന്നു<br>ഘട്ടം 8<br>നിങ്ങൾക്ക് പൊള്ളലേറ്റിട്ടുണ്ടോ?<br>പൊള്ളലേൽക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?<br>പ്രതികരണം<br>ആസിഡ് വീണാൽ പൊള്ളാറുണ്ടോ?<br>ഇസ്തിരി പെട്ടിയിൽ നിന്ന് പൊള്ളാറുണ്ടോ<br>തീ യിൽ നിന്ന് പൊള്ളാറുണ്ടോ<br>പൊള്ളലേറ്റാൽ എന്ത് പ്രഥമ ശുശ്രൂഷയാണ് ചെയ്യേണ്ടത്<br>പാഠഭാഗം പൊള്ളലേറ്റാൽ വായിക്കുന്നു. വീഡിയോ പ്രദർശിപ്പിക്കുന്നു.<br>പൊള്ളലേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽപങ്ക് വയ്ക്കുന്നു.<br>അവതരണം<br>പൊള ളലേറ്റ ഭാഗത്ത് തുടർച്ചയായി തണുത്ത വെള്ളം ഒഴിക്കണം<br>പൊള്ളലേറ്റ ഭാഗത്ത് ഒട്ടിപ്പിടിച്ചിരിക്കുന്ന തുണി നീക്കം ചെയ്യരുത്<br>പൊള്ളലേറ്റ ഭാഗത്ത് ഔഷധമെന്ന പേരിൽ ഒന്നും പുരട്ടരുത്.<br>തീവ്രപൊള്ളലാണങ്കിൽ ഐസ് വയ്ക്കരുത്<br>ഘട്ടം9<br>വസ്ത്രത്തിൽ തീ പിടിച്ചാൽ പൊള്ളൽ ഏല്ക്കാതിരിക്കാൻ എന്ത്മുൻകരുതലാണ് ചെയ്യേണ്ടത്.<br>പ്രതികരണം<br>പാഠഭാഗം വായന വീഡിയോ പ്രദർശനം<br>വ്യക്തിഗതമായി-വസ്ത്രത്തിൽ തീ പിടിച്ചാൽ ചെയ്യേണ്ട കാര്യങ്ങൾ - കുറിപ്പ്തയ്യാറാക്കുന്നു.<br>വെള്ളംഒഴിച്ച് തീ കെടുത്താൻ ശ്രമിക്കുക<br>നിലത്ത്കിടന്ന് ഉരുളുന്നത് തീകെടുത്താൻ സഹായകമാണ്<br>പരിഭ്രമിച്ച്ഓടാൻ അനുവദിക്കരുത്. കാറ്റിൽ തീ ആളിക്കത്തും<br>കട്ടിയുള്ളപുതപ്പോ ചണചാക്കോ കൊണ്ട് പെട്ടെന്ന് പൊതിയുക<br>ഘട്ടം10<br>പാമ്പ്കടിയേറ്റാൽ എന്തൊക്കെയാണ് ലക്ഷണങ്ങൾ - വ്യക്തിഗതപ്രതികരണം-<br>വീഡിയോപ്രദ ർശിപ്പിക്കുന്നു.<br>റീഡിങ്മെറ്റീരിയൽ പ്രദർശിപ്പിക്കുന്നു.<br>പാമ്പുകടിയുടെ മുഖ്യ ലക്ഷണങ്ങൾ<br>ത്വക്കിൽ വിഷപ്പല്ലുകളുടെ അടയാളം<br>മുറിവേറ്റഭാഗം വീങ്ങുന്നു<br>മുറിവിൽ നിന്നു രക്തസ്രാവം | |

| | |
|---|---|
| കാഴ്ചമങ്ങുന്നു<br>ത്വക്ക്പൊള്ളലേറ്റ  പോലെ ആകുന്നു<br>തരിപ്പ്അനുഭവപ്പെടുന്നു<br>ത്വക്കിന്റെ  നിറം മങ്ങുന്നു.<br>തീവ്രവേദനയും തളർച്ചയും  അനുഭവപ്പെടുന്നു<br>കൺപോളകൾ     വിങ്ങിത്തടിക്കുന്നു<br>ഓക്കാനവും  ഛർദ്ദിയും ഉണ്ടാകുന്നു.<br>പാമ്പ്കടിയേറ്റ ആൾക്ക് എന്ത്  പ്രഥമ ശുശ്രൂഷയാണ് നല്കേണ്ടത്<br>വ്യക്തിഗത  പ്രതികരണം<br>പാഠഭാഗം  പാമ്പുകടി വായിക്കുന്നു. പ്രഥമ ശുശ്രൂഷ  വീഡിയോ പ്രദർശിപ്പിക്കുന്നു<br>വ്യക്തിഗതമായി  പ്രഥമ ശുശ്രൂഷ ലിസ്റ്റ്  ചെയ്യുന്നു. ഗ്രൂപ്പിൽ  പങ്കു വയ്ക്കുന്നു. അവതരണം<br>ക്രോഡീകരണം<br>പാമ്പുകടിയേറ്റയാളെ  സമാധാനിപ്പിക്കുക.പാമ്പുകടിയേറ്റയാളെ  ഓടാനോ നടക്കാനോ<br>അനുവദിക്കരുത്.കടിയേറ്റഭാഗം വൃത്തിയായി കഴുകുക.കടിയേറ്റഭാഗം താഴ്ത്തി<br>വയ്ക്കാൻ    ശ്രദ്ധിക്കുക.എത്രയുംവേഗം വൈദ്യ സഹായം ലഭ്യമാക്കുക.കടിയേറ്റഭാഗം<br>ബ്ലേഡ്കൊണ്ട് മുറിക്കരുത്.വേദനസംഹാരികൾ     ഉപയോഗിക്കരുത്.വായ്  ഉപയോഗിച്ച് വിഷം<br>വലിച്ച്  എടുക്കരുത്.ടൂർണിക്കെ  ഉപയോഗിക്കുക.<br>എന്താണ്  ടൂർണിക്കെ, ടൂർണിക്കെ എങ്ങനെയാണ് ഉപയോഗിക്കുന്നത്?<br>വ്യക്തിഗത  പ്രതികരണം<br>ടൂർണിക്കെ  വീഡിയോ പ്രദർശിപ്പിക്കുന്നു.<br>വ്യക്തിഗതമായി  കുറിപ്പ് തയ്യാറാക്കുന്നു<br>ഗ്രൂപ്പിൽ    പങ്ക് വയ്ക്കുന്നു. അവതരണം<br>ടൂർണിക്കെ<br>കടിയേറ്റ ഭാഗത്തിന് മുകളിൽ     തുണികൊണ്ട് ഒരു കെട്ട് അയച്ചിടുക. കെട്ടിൽ    ഒരു ചെറിയ കമ്പ്<br>ഉപയോഗിച്ച്  മുറുക്കുക. 20 മിനിറ്റ്   ഇടവിട്ട് ടൂർണിക്കെഅയച്ചുകൊടുക്കുക.<br>പാമ്പ്കടിയേൽക്കാതിരിക്കാനുള്ള  മുൻകരുതലുകൾ     എന്തെല്ലാം?<br>ചർച്ച<br>സാധാരണയായി പാമ്പ് കടിയേൽക്കുന്നത്  ഏത് സമയത്താണ്?<br>പാമ്പിന്  അന്തരീക്ഷത്തിലെ ശബ്ദംകേൾക്കാൻ     സാധിക്കുമോ?<br>രാത്രിയിൽ    എങ്ങനെ സഞ്ചരിക്കണം?<br>ക്രോഡീകരണം<br>രാത്രികാലങ്ങളിൽ വിജനമായ സ്ഥലത്തെ യാത്ര  ഒഴിവാക്കുക. രാത്രിയിൽ    തറയിൽ    ശബ്ദം<br>ഉണ്ടാക്കി  സഞ്ചരിക്കുക. ടോർച്ച് ഉപയോഗിക്കുക. മാളങ്ങളിൽ    കൈ ഇടരുത്. പാമ്പിനെ<br>പിടിക്കാൻ    ശ്രമിക്കരുത്.<br>ഘട്ടം11<br>വെള്ളത്തിലുണ്ടാകുന്ന  അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം? അപകടത്തിൽ    പെട്ടയാളെ<br>എങ്ങനെ രക്ഷിക്കാം? | |

| | |
|---|---|
| ചർച്ച<br>നീന്തൽ അറിയാതെ ആഴമുള്ള വെള്ളത്തിൽ ഇറങ്ങിയാൽ എന്തു സംഭവിക്കും?<br>വെള്ളത്തിൽ വീണ ആളെ കരയ്ക്കെത്തിക്കാൻ എന്ത് സഹായം നൽകാൻ കഴിയും?<br>നീന്തൽ അറിയാത്തവർ വെള്ളത്തിൽ ഇറങ്ങുമ്പോൾ എന്ത് ധരിക്കണം?<br>വീഡിയോ പ്രദർശനം<br>വ്യക്തിഗതരചന – ഗ്രൂപ്പിൽ പങ്കുവയ്ക്കൽ<br>ക്രോഡീകരണം<br>നീന്തൽ അറിയാതെ വെള്ളത്തിൽ ഇറങ്ങരുത്. ഇറങ്ങിയാൽ തന്നെ ബോയ് ഉപയോഗിക്കുക.<br>വെള്ളത്തിൽ വീണു പോയ ആൾക്ക് കയറോ തടിയോ തുണിയോ ഇട്ടുകൊടുത്ത് കരയ്ക്കെത്തിക്കുക.<br>ഘട്ടം12<br>വൈദ്യുതാഘാതമേറ്റ ഒരാൾക്ക് ഏന്ത് സഹായം നല്കാം.?<br>വ്യക്തിഗത പ്രതികരണം<br>പാഠഭാഗം വൈദ്യുതാഘാതം വായിക്കുന്നു.<br>വ്യക്തിഗതമായി കുറിക്കുന്നു ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.<br>അവതരണം- ക്രോഡീകരണം<br>സ്വിച്ച്ഓഫ് ചെയ്ത് വൈദ്യുത ബന്ധംഒഴിവാക്കുക<br>വൈദ്യുതപ്രവാഹം തടയാൻ കഴിഞ്ഞില്ലെങ്കിൽ കൈയുറയോ ഉണങ്ങിയ കമ്പോ വൈദ്യുതി കടത്തി വിടാത്ത മറ്റു വസ്തുക്കളോ ഉപയോഗിച്ച് വൈദ്യുത ബന്ധം വിച്ഛേദിക്കുക<br>വൈദ്യുതാഘാതംഏല്ക്കാതിരിക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കും<br>വൈദ്യുതാഘാതസന്ദർഭങ്ങൾ പ്രദർശിപ്പിക്കുന്നു.<br>ചർച്ച<br>എവിടെ നിന്നൊക്കെയാണ് വൈദ്യുതാഘാതം ഏല്ക്കുന്നത്?<br>എന്താണ് നാം ചെയ്യേണ്ടത്?<br>വ്യക്തിഗത രേഖപ്പെടുത്തൽ ഗ്രൂപ്പിൽ പങ്കു വയ്ക്കൽ<br>പൊതു അവതരണം<br>ക്രോഡീകരണം<br>സ്വിച്ച് ഓൺ ചെയ്ത് ഇസ്തിരിപ്പെട്ടിഉപയോഗിക്കരുത്.ചെരിപ്പ് ധരിച്ച് കൊണ്ട് ഇസ്തിരിയിടുക<br>വൈദ്യുതഉപകരണങ്ങൾ അലസമായി ഉപയോഗിക്കരുത്<br>വൈദ്യുതകമ്പി പൊട്ടി വീണ വെള്ളത്തിൽ ഇറങ്ങരുത്<br>വൈദ്യുതാഘാതമേറ്റയാളെ നേരിട്ട് തൊടരുത്<br>സുരക്ഷിതമല്ലാത്തവൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കരുത്. | |

വിലയിരുത്തൽ : ഏതെങ്കിലും രണ്ട് അപകടങ്ങൾ അവയുടെ പ്രഥമ ശുശ്രൂഷ, അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ ഇവ എഴുതുക

തുടർപ്രവർത്തനങ്ങൾ

വിവിധ അപകടങ്ങൾ സംബന്ധിച്ച പത്രവാർത്തകൾ ശേഖരിച്ച്പ്രഥമശുശ്രൂഷാപതിപ്പ് തയ്യാറാക്കുക

**പഠനനേട്ടം : പ്രഥമ ശുശ്രൂഷപ്പെട്ടി ക്രമീകരിക്കുകയും വേണ്ട വിധം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രഥമശുശ്രൂഷപ്പെട്ടി
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഫസ്റ്റ്എയ്ഡ് ബോക്സ്
പഠന സാമഗ്രികൾ: പ്രഥമശുശ്രൂഷപ്പെട്ടി ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: പ്രഥമ ശുശ്രൂഷപ്പെട്ടി
തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനഘട്ടങ്ങൾ<br>ഘട്ടം1<br>പ്രഥമശുശ്രൂഷ പെട്ടിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു. ഇത് എവിടെയൊക്കെ കണ്ടിട്ടുണ്ട്?<br>വാഹനങ്ങളിൽ കാണാറുണ്ടോ?<br>സ്കൂളിൽ ഉപയോഗിക്കാറുണ്ടോ?<br>തൊഴിൽ ശാലയിൽ ഉണ്ടാകുമോ?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>പ്രഥമശുശ്രൂഷാപ്പെട്ടിയുടെ ഉപയോഗം എന്താണ്? ഇതിൽ എന്തൊക്കെയുണ്ട്?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>പ്രഥമശുശ്രൂഷാ പെട്ടിയിൽ ഉൾപെട്ടിരിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കുന്നു. ലിസ്റ്റ്ചെയ്യുന്നു<br>അണുനാശിനി<br>കോട്ടൺ<br>ബാൻഡേജ്<br>കത്രിക<br>തുണി<br>ഇവയുടെഉപയോഗം കുട്ടികൾ പറയുന്നു<br>5 അംഗ ഗ്രൂപ്പാക്കുന്നു<br>പ്രഥമശുശ്രൂഷാപ്പെട്ടി നിർമ്മിക്കുന്നു. | |

വിലയിരുത്തൽ
പ്രഥമശുശ്രൂഷപ്പെട്ടിയുടെ നിർമ്മാണം
പ്രഥമശുശ്രൂഷപ്പെട്ടിയുടെ ഉപയോഗങ്ങൾ എന്തെല്ലാം?
തുടർപ്രവർത്തനങ്ങൾ
പ്രഥമശുശ്രൂഷ സംബന്ധിച്ച ചിത്രങ്ങൾ വീഡിയോകൾ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു.

# യൂണിറ്റ് 11 നാടിനെ അറിയാൻ

| നമ്പ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| | നമ്മുടെ നാടിന് ഒരു ചരിത്രമുണ്ടെന്നു കണ്ടെത്തുന്നു. എഴുതുന്നു. | ചോദ്യാവലി തയ്യാറാക്കൽ, അഭിമുഖം, നാട്ടുചരിത്രം തയ്യാറാക്കൽ | നാടിന്റെ ചരിത്രം, ഡോക്യുമെന് ററി, നാട്ടുചരിത്രം, വിദ്യാലയ ചരിത്രം, പഞ്ചായത്ത് വികസനരേഖ. | ഓരോ പ്രദേശത്തിനും അതിന്റേതായ ചരിത്രമുണ്ട് | ചോദ്യാവലി, നാട്ടുചരിത്രം | എന്റെ നാട്ടിലുണ്ടായിരുന്ന കൃഷി/ ഭക്ഷണം/ ആഘോഷങ്ങള് കുറിപ്പ് തയ്യാറാക്കല് | 180 |
| | ചരിത്രത്തെ സൂചിപ്പിക്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു | നാടിന്റെ അടയാളങ്ങൾ കണ്ടെത്തൽ | അത്താണി, കുടക്കല്ല്, മൈൽകുറ്റി, സത്രം, കൽമണ്ഡപം, തണ്ണീർ പന്തൽ, കാവൽ മാടങ്ങൾ, ആൽത്തറ എന്നിവയുടെ ചിത്രങ്ങൾ | എന്റെ ഗ്രാമത്തില് പൈതൃക സമ്പത്തുണ്ട്. അത് സംരക്ഷിക്കേണ്ടതുണ്ട് . | കുറിപ്പ് | പൈതൃക സമ്പത്തുകള് , സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്താണ്. | 60 |
| | നമ്മുടെ നാടിന് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി വിശദീകരിക്കുന്നു. നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായാണ് പുരോഗതി ഉണ്ടായതെന്ന് കണ്ടെത്തി വിശദീകരിക്കുന്നു | മാറ്റങ്ങൾ പട്ടികപ്പെടുത്തൽ | ജലചലിതചക്രം ഉപയോഗിച്ച് വെള്ളം തേവുന്ന വീഡിയോ.പമ്പ്സെറ്റ് ഉപയോഗിച്ച് വെള്ളം തേവുന്ന വീഡിയോ,പഴയകാലത്തെ കൃഷി തൊഴിൽ കളി ഗതാഗതസൗകര്യം പൊതുസ്ഥാപനങ്ങൾ,വീട്ടുപകരണങ്ങൾ എന്നിവയുടെ ചിത്രങ്ങൾ, പുതിയകാലത്തെ കൃഷി തൊഴിൽ കളി ഗതാഗതസൗകര്യം പൊതുസ്ഥാപനങ്ങൾ,വീട്ടുപകരണങ്ങൾ | തന്റെ ഗ്രാമത്തിന് പഴയകാലത്തുനിന്ന് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് ഈ മാറ്റങ്ങൾ ഉണ്ടായത് | മാറ്റങ്ങളുടെ പട്ടിക | നമ്മുടെ ജീവിതത്തിലെ ഏതെല്ലാം മേഖലകളിലാണ് മാറ്റങ്ങള് സംഭവിച്ചത് | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | എന്നിവയുടെ ചിത്രങ്ങൾ | | | | |
| | നാടിന് അതിന്റേതായ ഭരണസംവിധാനമുണ്ടെന്നും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് ഭരണസ്ഥാപനങ്ങളാണെന്നും കണ്ടെത്തി പറയുന്നു. | ക്ലാസിലെ പ്രശ്നങ്ങൾ കണ്ടെത്തൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തിരിച്ചറിയൽ | കൊളാഷ് | തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തിരിച്ചറിയൽ | കുറിപ്പ് | നാട്ടിലെ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കാണ്. | 60 |
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ എന്നും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നത് ത്രിതല പഞ്ചായത്ത് സംവിധാനമാണെന്നും വിശദീകരിക്കുന്നു. | സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തലവന്മാരെ കണ്ടെത്തുന്നു | കൊളാഷ്, ഗ്രാമസഭ ചരിത്രം | ഗ്രാമപ്രദേശത്തിന്റെ ആവശ്യങ്ങൾ ഗ്രാമപഞ്ചായത്ത് നിറവേറ്റുന്നു. പട്ടണത്തിന്റെയും നഗരത്തിന്റെയും ചുമതല നഗരസഭകൾക്കാണ്. കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിലുണ്ട് | കുറിപ്പ് | സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപനം ഏതാണ് പ്രതിനിധി ആരാണ്. തലവൻ ആരാണ്. | 60 |
| | പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നല്കുന്ന സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. | പൊതുസ്ഥാപനങ്ങളുടെ സേവനം പട്ടികപ്പെടുത്തൽ ജനനന്മയ്ക്കുള്ള കൂട്ടായ്മകൾ കണ്ടെത്തൽ വായനാശാല സന്ദർശനം | പട്ടിക | ഗ്രാമത്തിൽ വിവിധ പൊതുസ്ഥാപനങ്ങൾ ഉണ്ട്. | നമുക്ക് സേവനവും സഹായവും നല്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം | പട്ടിക, കുറിപ്പ് | 60 |

**പഠനനേട്ടം : നമ്മുടെ നാടിന് ഒരു ചരിത്രമുണ്ടെന്നു കണ്ടെത്തുന്നു. എഴുതുന്നു.**

പ്രവർത്തനത്തിന്റെ പേര് : എന്റെ നാട്
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഓരോ പ്രദേശത്തിനും അതിന്റേതായ ചരിത്രമുണ്ട്
പഠന സാമഗ്രികൾ: നാടിന്റെ ചരിത്രം, ഡോക്യുമെന്ററി, നാട്ടുചരിത്രം, വിദ്യാലയ ചരിത്രം, പഞ്ചായത്ത് വികസനരേഖ
പ്രതീക്ഷിത ഉല്പന്നങ്ങൾ: ചോദ്യാവലി, നാട്ടുചരിത്രം
തീയതി : .................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1-<br>മുത്തശ്ശിയുടെ കഥാഖ്യാനം ഭാവത്തോടെ ടീച്ചർ വായിക്കുന്നു/ ഒരു നാടിന്റെ കഥ ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നു.<br>ഇത് ഒരു നാടിന്റെ കഥയാണ്. നമ്മുടെ നാടിന്റെ ചരിത്രം എന്താണ്?<br>നമ്മുടെ നാടിന്റെ പേരെന്താണ്?<br>വഴികൾ ഏതെല്ലാം?<br>പാലങ്ങൾ ഉണ്ടോ?<br>ആരാധനാലയങ്ങൾ ഏതെല്ലാം?<br>വിദ്യാലയങ്ങൾ ഏതെല്ലാം?<br>വായനശാല, പോലീസ് സ്റ്റേഷൻ ഇവ ഉണ്ടോ?<br>മറ്റെന്തൊക്കെ ഉണ്ട്?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>ഘട്ടം 2<br>നാടിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ എങ്ങനെ കണ്ടെത്താം? ആരോട് ചോദിച്ചറിയാം.<br>ചർച്ച<br>മുതിർന്നവരോട് ,പൊതുപ്രവർത്തകരോട്, കൃഷിക്കാരോട് ചോദിച്ചറിയാം.<br>ഏതൊക്കെ കാര്യങ്ങളെക്കുറിച്ച് ചോദിക്കണം.<br>പൊതുചർച്ച<br>ക്രോഡീകരണം<br>1. പഴയകാല കൃഷികൾ<br>2. ഭക്ഷണം<br>3. തൊഴിലുകൾ<br>4. വീട്ടുപകരണങ്ങൾ<br>5. ആരാധനാലയങ്ങൾ, ആഘോഷങ്ങൾ<br>6. പൊതുസ്ഥാപനങ്ങൾ<br>ഘട്ടം 3<br>കുട്ടികളെ 6 ഗ്രൂപ്പുകളാക്കുന്നു.<br>ഓരോ ഗ്രൂപ്പിനും ഓരോ മേഖല നല്കുന്നു.<br>ഗ്രൂപ്പുകൾ അഭിമുഖത്തിനാവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കുന്നു. പൊതു അവതരണം.<br>അവതരണസമയത്ത് ടീച്ചർ നല്കേണ്ട സൂചനകൾ.<br>( താഴെ കോടുത്തിരിക്കുന്നവ ചോദ്യങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ) | |

| | |
|---|---|
| കൃഷി<br>വിളകൾ, ഉപകരണങ്ങൾ, വിളവെടുപ്പ് രീതി<br>ജലസേചനം, വളങ്ങൾ, കീടനിയന്ത്രണം<br>കൃഷിക്ക് ഉപയോഗിച്ചിരുന്നവ, സംഭരണം<br>വരവ്, ചെലവ്, വിറ്റഴിച്ചത് എങ്ങനെ .<br>ഭക്ഷണം<br>ഏതൊക്കെ ഭക്ഷണം, പാചകരീതി, സൂക്ഷിച്ചിരിക്കുന്നത്, എത്രനേരം ഭക്ഷണം, ആർക്കൊക്കെ ഭക്ഷണം<br>വീട്ടുപകരണങ്ങൾ<br>അടുക്കളയിൽ, മറ്റാവശ്യത്തിന്, എവിടെനിന്ന് ലഭിച്ചിരുന്നു. നിർമ്മാണം<br>ആരാധനാലയങ്ങൾ, ആഘോഷങ്ങൾ<br>ആരാധനാരീതി, ഏതൊക്കെ വിഭാഗങ്ങൾ, ഏതൊക്കെ ആഘോഷങ്ങള് , ചടങ്ങുകൾ<br>പൊതുസ്ഥാപനങ്ങൾ<br>ഏതെല്ലാം സ്ഥാപനങ്ങൾ, സഹായങ്ങൾ, നടത്തിപ്പുകാർ<br>തയ്യാറാക്കിയ ചോദ്യാവലി മെച്ചപ്പെടുത്തി ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>പരിസരത്തുള്ള മുതിർന്ന കർഷകർ, തൊഴിലാളി, പൊതുപ്രവർത്തകൻ എന്നിവരെ അഭിമുഖത്തിനായി ക്ഷണിക്കുന്നു.<br>അഭിമുഖം നടത്തുന്നു.<br>വിവിരങ്ങൾ രേഖപ്പെടുത്തുന്നു. (വ്യക്തിഗതം)<br>ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. ഗ്രൂപ്പിൽ നാട്ടുചരിത്രം, പഞ്ചായത്ത് വികസനരേഖ, വിദ്യാലയ ചരിത്രം നല്കുന്നു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നു.<br>അഭിമുഖം വിവരശേഖരണം എന്നിവയിലൂടെ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് എന്റെ നാട്ടുചരിത്രം വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ. | |

വിലയിരുത്തൽ : എന്റെ നാട്ടിലുണ്ടായിരുന്ന കൃഷി/ ഭക്ഷണം/ ആഘോഷങ്ങൾ കുറിപ്പ്
തുടർ പ്രവർത്തനങ്ങൾ : നാട്ടുചരിത്രം പതിപ്പ് തയ്യാറാക്കൽ
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ചരിത്രത്തെ സൂചിപ്പിക്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : നാടിന്റെ അടയാളങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :എന്റെ ഗ്രാമത്തിൽ പൈതൃക സമ്പത്തുണ്ട്. അത് സംരക്ഷിക്കേണ്ടതുണ്ട്.
പഠന സാമഗ്രികൾ: അത്താണി, കുടക്കല്ല്, മൈൽകുറ്റി, സത്രം, കൽമണ്ഡപം,
തണ്ണീർ പന്തൽ, കാവൽ മാടങ്ങൾ, ആൽത്തറ എന്നിവയുടെ ചിത്രങ്ങൾ
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : ..................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>ചുമടുതാങ്ങിയുടേയും തലയിൽ ചുമടുമായി നില്ക്കുന്ന ഒരാളിന്റേയും ദൃശ്യം പ്രദർശിപ്പിക്കുന്നു.<br>ഈ ചുമട് താങ്ങി കൊണ്ടുള്ള ഉപയോഗം എന്താണ്?<br>ഇപ്പോൾ ഇത് ഉപയോഗിക്കുന്നുണ്ടോ? | |

| | |
|---|---|
| നിങ്ങളുടെ യാത്രയിൽ ഇതുപോലുള്ള എന്തെല്ലാം അടയാളങ്ങൾ കാണാൻ കഴിഞ്ഞു?<br>കുട്ടികളുടെ പ്രതികരണം.<br>ടീച്ചർ ലിസ്റ്റ് ചെയ്യുന്നു.<br>കുടക്കല്ല്, മൈൽക്കുറ്റി, സത്രം, കൽമണ്ഡപം, തണ്ണീർ പന്തൽ , കാവൽ മാടങ്ങ ൾ, ആൽത്തറ എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ഇവ പണ്ട് കാലത്ത് ഉപയോഗിച്ചിരുന്നവയാണ്.<br>ഇവയുടെ ഉപയോഗം എന്തെല്ലാം? ഇവ സംരക്ഷിക്കേണ്ടില്ലേ.<br>ചർച്ച<br>ക്രോഡീകരണം -<br>നാടിന്റെ അടയാളങ്ങൾ<br>കുടക്കല്ല് - ശവസംസ്ക്കാരത്തിന്റെ അടയാളം<br>മൈൽക്കുറ്റി - ദൂരം അടയാളപ്പെടുത്തൽ<br>സത്രം - യാത്രയ്ക്കിടയിൽ വിശ്രമിക്കാനും, ഉറങ്ങാനും<br>കൽമണ്ഡപം - ഒത്തുകൂടൽ, വിശ്രമം, വിനോദം<br>തണ്ണീർ പന്ത .ൽ - യാത്രയിൽ വിശ്രമം, ജലപാനം<br>കാവൽമാടങ്ങൾ - കാവലിന്<br>ആൽത്തറ – വിശ്രമം, ഒത്തുകൂടൽ, വിനോദം<br>അത്താണി - ഭാരം ഇറക്കിവയ്ക്കൽ<br>ഇവ നാടിന്റെ സംസ്കാരം വിളിച്ചോതുന്നവയാണ്. നാം ഇവയെ സംരക്ഷിക്കേണ്ടതുണ്ട്. | |

വിലയിരുത്തൽ : പൈതൃക സമ്പത്തുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്താണ്.
റഫറൻസ് :
തുടർ പ്രവർത്തനങ്ങൾ : നാടിന്റെ അടയാളങ്ങൾ ചിത്രം ശേഖരിക്കൽ.
ചരിത്രസ്മാരകം സന്ദർശിക്കൽ
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നമ്മുടെ നാടിന് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി വിശദീകരിക്കുന്നു. നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായാണ് പുരോഗതി ഉണ്ടായതെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ഭരണം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തിരിച്ചറിയൽ
പഠന സാമഗ്രികൾ: കൊളാഷ്
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>നമ്മുടെ ക്ലാസിലെ പൊതുവായ പ്രശ്നങ്ങള് എന്തെല്ലാം.<br>ചർച്ച<br>- എല്ലായ്പ്പോഴും അച്ചടക്കം ഉണ്ടോ?<br>- എല്ലാ കുട്ടികളും വായനമൂലയിൽ പങ്കെടുക്കുന്നുണ്ടോ? | |

| | |
|---|---|
| - ഉച്ചഭക്ഷണം തൃപ്തികരമാണോ?<br>- കുടിവെള്ളം ലഭിക്കുന്നുണ്ടോ?<br>- ക്ലാസ് മുറി വൃത്തിയായി സൂക്ഷിക്കാറുണ്ടോ?<br>ക്രോഡീകരണം<br>നമ്മുടെ ക്ലാസിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഇതിന് നമുക്ക് പ്രധാന അധ്യാപികയേയും പി.റ്റി.എയും സമീപിക്കാം.<br>ഘട്ടം 2<br>പത്രവാർത്തയുടെ കൊളാഷ് പ്രദർശിപ്പിക്കുന്നു.<br>പൊട്ടിപ്പൊളിഞ്ഞ റോഡുകൾ<br>കുടിവെള്ളം കിട്ടാക്കനി<br>വൈദ്യുതിക്ഷാമം - രണ്ട് ദിവസമായി ഇരുട്ടിൽ<br>വഴിയിൽ മാലിന്യം തള്ളുന്നു.<br>നദിക്ക് കുറുകെ പാലം വേണം.<br>- കൊളാഷ് വായിച്ചല്ലോ?<br>ഒരു നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് ആരാണ്. ഇവരെ തെരഞ്ഞെടുക്കുന്നത് എങ്ങിനെയാണ്.<br>പാഠപുസ്തകത്തിലെ പേജ് 131, റീഡിംഗ് മെറ്റീരിയൽ വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും<br>ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കുള്ള ജനപ്രതിനിധികളെ ഓരോ പ്രദേശത്തേയും ജനങ്ങൾ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. | |

വിലയിരുത്തൽ : നാട്ടിലെ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കാണ്.

തുടർ പ്രവർത്തനങ്ങൾ : നമ്മുടെ പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നമ്മുടെ നാടിന് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി വിശദീകരിക്കുന്നു. നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായാണ് പുരോഗതി ഉണ്ടായതെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : മാറ്റങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : തന്റെ ഗ്രാമത്തിന് പഴയകാലത്തുനിന്ന് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് ഈ മാറ്റങ്ങൾ ഉണ്ടായത്

പഠന സാമഗ്രികൾ:

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1<br>ജലജലിതചക്രം ഉപയോഗിച്ച് വെള്ളം തേവുന്നതും പമ്പ്സെറ്റ് ഉപയോഗിച്ച് കൃഷിക്ക് വെള്ളം നനയ്ക്കുന്നതും വീഡിയോ കാണിക്കുന്നു.<br>കൃഷിക്ക് വെള്ളം നനയ്ക്കുന്നതിൽ എന്ത് മാറ്റമാണ് ഉണ്ടായത്.<br>ചർച്ച | |

- പണ്ട് കാലത്ത് ഏതാണ് ഉപയോഗിച്ചിരുന്നത്
- ഇപ്പോൾ ഉപയോഗിക്കുന്നത് ഏതാണ്
- ഈ മാറ്റം കൊണ്ട് എന്ത് പ്രയോജനമാണ് ഉണ്ടായത്

ക്രോഡീകരണം

പണ്ട് കാലത്ത് ജലചരിത ചക്രമാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് പമ്പ് സെറ്റ് ഉപയോഗിക്കുന്നു. സമയലാഭം, സൗകര്യപ്രദം, അധ്വാനലാഭം തുടങ്ങിയവ കൊണ്ടാണ് ഈ മാറ്റം ഉണ്ടായത്. ഇതുമൂലം കൂടുതൽ സ്ഥലം കൃഷി ചെയ്യാനും ഉത്പാദനം കൂട്ടാനും സാധിച്ചു.

ടീച്ചർ പട്ടിക പ്രദർശിപ്പിക്കുന്നു.

| **എന്റെ നാട്** | **അന്ന്** | **ഇന്ന്** | **മാറ്റം** |
|---|---|---|---|
| കൃഷി | | | |
| തൊഴിൽ | | | |
| കളികൾ | | | |
| ഗതാഗത സൗകര്യങ്ങൾ | | | |
| പൊതുസ്ഥാപനങ്ങൾ | | | |
| വീട്ടുപകരണങ്ങൾ | | | |

ഓരോ മേഖലയിലും എന്തൊക്കെ മാറ്റങ്ങളാണുണ്ടാകുന്നത്. ഈ മാറ്റങ്ങൾ എന്തിനുവേണ്ടിയായിരുന്നു.

കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു

ഓരോ ഗ്രൂപ്പിനും ഓരോ മേഖല നല്കുന്നു

ഗ്രൂപ്പുകൾ കാലത്തിനനുസരിച്ചുണ്ടായ മാറ്റങ്ങൾ പട്ടികപ്പെടുത്തുന്നു

അധ്യാപിക താഴെകൊടുത്തിരിക്കുന്ന ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു

പഴയകാല കൃഷി ഉപകരണങ്ങൾ, വിളകൾ

പുതിയ ഉപകരണങ്ങൾ

പഴയകാല തൊഴിലുകൾ, പുതിയ തൊഴിലുകൾ

ഗതാഗതം, പൊതുസ്ഥാപനങ്ങൾ, വീട്ടുപകരണങ്ങൾ

കളികൾ

| | |
|---|---|
| ചിത്രങ്ങളുടെ സഹായത്തോടെ പട്ടികപൂർത്തിയാക്കുന്നു<br>അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു. | |

വിലയിരുത്തൽ : നമ്മുടെ ജീവിതത്തിലെ ഏതെല്ലാം മേഖലകളിലാണ് മാറ്റങ്ങൾ സംഭവിച്ചത്
തുടർ പ്രവർത്തനങ്ങൾ : നാടിനുണ്ടായ എല്ലാ മാറ്റങ്ങളും പുരോഗതിയിലേക്ക് നയിച്ചവയാണോ കണ്ടെത്തൽ
നാടിന് അതിന്റേതായ ഭരണസംവിധാനമുണ്ടെന്നും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് ഭരണസ്ഥാപനങ്ങളാണെന്നും കണ്ടെത്തി പറയുന്നു
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ എന്നും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നത് ത്രിതല പഞ്ചായത്ത് സംവിധാനമാണെന്നും വിശദീകരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ഭരണസംവിധാനം
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഗ്രാമപ്രദേശത്തിന്റെ ആവശ്യങ്ങൾ ഗ്രാമപഞ്ചായത്ത് നിറവേറ്റുന്നു. പട്ടണത്തിന്റെയും നഗരത്തിന്റെയും ചുമതല നഗരസഭകൾക്കാണ്. കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിലുണ്ട്.
പഠന സാമഗ്രികൾ: കൊളാഷ്, ഗ്രാമസഭചരിത്രം
പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്
തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1-<br>വാർത്ത പ്രദർശിപ്പിക്കുന്നു.<br>ഒരുക്കങ്ങൾ പൂർത്തിയായി.<br>കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് ഒരുക്കങ്ങളാണ് പൂർത്തിയായത്.<br>കുട്ടികൾ വാർത്ത വായിക്കുന്നു.<br>എവിടെയെല്ലാമുള്ള തെരഞ്ഞെടുപ്പാണ് നടക്കുന്നത്?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>താഴെ കൊടുത്തിരിക്കുന്നത് പ്രദർശിപ്പിക്കുന്നു. ശരിയായതിൽ (ടിക്ക്) ചെയ്യുന്നു<br>ഞാൻ താമസിക്കുന്നത്.-ഗ്രാമപഞ്ചായത്ത്-മുൻസിപ്പാലിറ്റി-കോർപ്പറേഷൻ<br>ഘട്ടം 2<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തലവന്റെ പേരെന്താണ്. ഇവരെ തെരഞ്ഞെടുക്കുന്നത് ആരാണ്. കേരളത്തിലെ പഞ്ചായത്ത് സംവിധാനം ഏതാണ്.<br>കുട്ടികൾ പ്രതികരിക്കുന്നു.<br>പാഠപുസ്തകം റീഡിംഗ് മെറ്റീരിയൽ പേരെഴുതൂ. വായിക്കുന്നു.<br>കുറിപ്പ് തയ്യാറാക്കുന്നു.<br>തദ്ദേശസ്വയംഭരണം<br>ഗ്രാമപഞ്ചായത്തിന്റ തലവൻ പഞ്ചായത്ത് പ്രസിഡന്റാണ്. മുൻസിപ്പൽ ചെയർമാനാണ് മുൻസിപ്പാലിറ്റിയുടെ തലവൻ. കോർപ്പറേഷന്റെ ഭരണത്തലവനാണ് മേയർ. ഓരോ വാർഡ്/ഡിവിഷനിൽ നിന്നും തെരഞ്ഞെടുത്ത ജനപ്രതിനിധികളാണ് ഭരണത്തലവന്മാരെ നിശ്ചയിക്കുന്നത്. കേരളത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്ന ത്രിതല പഞ്ചായത്ത് സംവിധാനമാണ് നിലവിലുള്ളത്. | |

| | |
|---|---|
| ഘട്ടം 3<br>താഴെകൊടുത്തിരിക്കുന്നവ പ്രദർശിപ്പിക്കുന്നു.<br>എന്റെ വാർഡ് പ്രതിനിധി/ കൗൺസിലർ<br>എന്റെ പഞ്ചായത്ത് / മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ<br>എന്റെ ബ്ലോക്ക് പഞ്ചായത്ത്<br>എന്റെ ജില്ലാപഞ്ചായത്ത്<br>രക്ഷിതാക്കളുടെ/ മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾ പൂരിപ്പിക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.<br>ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളുടെ സ്ഥാനപേര് പാഠപുസ്തകത്തിൽ നോക്കി കണ്ടെത്തുന്നു.<br>ഘട്ടം 4<br>പാഠപുസ്തകം ഗ്രാമസഭയിലേക്ക് പേജ് 132 പ്രദർശിപ്പിക്കുന്നു.<br>ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് പറയുന്നത് എന്തുകൊണ്ട്,<br>ചർച്ച – എന്താണ് ഗ്രാമസഭ<br>- ഗ്രാമസഭയിൽ നടക്കുന്നതെന്താണ്.<br>പാഠപുസ്തകം റീഡിംഗ് മെറ്റീരിയൽ വായിക്കുന്നു. വ്യക്തിഗതമായി കുറിക്കുന്നു. ഗ്രൂപ്പി ൽ പങ്കുവയ്ക്കൽ പൊതു അവതരണം.<br>**ക്രോഡീകരണം**<br>ഗ്രാമസഭ<br>നാട്ടിലെ ജനങ്ങൾ ഒത്തുചേരുന്നതാണ് ഗ്രാമസഭ, നാടിന്റെ വികസന കാര്യങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നു. തീരുമാനങ്ങളെടുക്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്തുന്നു. | |

വിലയിരുത്തൽ : സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപനം ഏതാണ് പ്രതിനിധി ആരാണ്. തലവൻ ആരാണ്.
തുടർ പ്രവർത്തനങ്ങൾ : ഗ്രാമസഭയിൽ പങ്കെടുത്ത് പ്രവർത്തനരീതി മനസിലാക്കുന്നു.
റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നല്കുന്ന സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു.:**

പ്രവർത്തനത്തിന്റെ പേര് : പൊതുസ്ഥാപനങ്ങൾ
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നല്കുന്ന സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ഗ്രാമത്തിൽ വിവിധ പൊതുസ്ഥാപനങ്ങൾ ഉണ്ട്
പഠന സാമഗ്രികൾ: പട്ടിക
പ്രതീക്ഷിത ഉല്പന്നങ്ങൾ: പട്ടിക, കുറിപ്പ്
തീയതി : .................................... സമയം : 60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഘട്ടം 1-<br>നമുക്ക് പഠിച്ചുവളരുവാൻ നമ്മുടെ വിദ്യാലയം എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ചെയ്യുന്നത്.<br>ചർച്ച<br>- പാഠപുസ്തകം പുറത്ത് നിന്നാണോ വാങ്ങുന്നത്?<br>- അധ്യാപകർക്ക് ഫീസ് നല്കണോ? | |

- ഉച്ചഭക്ഷണം ലഭിക്കാറുണ്ടോ?
-പഠനസഹായത്തിനായി സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികളുണ്ടോ?
- സൗജന്യമായി യൂണിഫോം ലഭിക്കുന്ന കുട്ടികളുണ്ടോ?
- രക്ഷിതാക്കളുമായി അധ്യാപകർ സംസാരിക്കാറുണ്ടോ?

ക്രോഡീകരണം

നമ്മുടെ പഠനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും സൗജന്യമായി ചെയ്തു തരുന്ന പൊതുസ്ഥാപനമാണ് നമ്മുടെ വിദ്യാലയം. പാഠപുസ്തകം, ഉച്ചഭക്ഷണം, സ്കോളർഷിപ്പ്, യൂണിഫോം മികച്ച അധ്യാപകരുടെ സേവനം തുടങ്ങി നമുക്കാവശ്യമായ സേവനങ്ങള് വിദ്യാലയത്തില് നിന്ന് ലഭിക്കുന്നു. വിദ്യാഭ്യാസം നമ്മുടെ അവകാശമാണ്. ആ അവകാശം ലഭ്യമാക്കുന്നത് പൊതുസ്ഥാപനമായ പൊതുവിദ്യാലയമാണ്.

ഘട്ടം 2

നമ്മുടെ നാട്ടിലെ പൊതുസ്ഥാപനങ്ങൾ ഏതെല്ലാം. കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു. അവതരിപ്പിക്കുന്നു.

വില്ലേജ് ആഫീസ്, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, സർക്കാർ ആശുപത്രി, മൃഗാശുപത്രി, റേഷൻ കട, പഞ്ചായത്ത് ഓഫീസ്, കൃഷി ഭവൻ എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു. നേരത്തെ എഴുതിയ പട്ടിക വിപുലപ്പെടുത്തുന്നു.

കുട്ടികളെ 5 അംഗ ഗ്രൂപ്പാക്കുന്നു.

പട്ടിക പ്രദർശിപ്പിക്കുന്നു

| **പൊതുസ്ഥാപനങ്ങൾ** | **സേവനങ്ങൾ** |
|---|---|
| | |

ഗ്രൂപ്പിൽ പട്ടിക പൂരിപ്പിക്കുന്നു.

അവതരണം

ക്രോഡീകരണം

ഘട്ടം 3

നിങ്ങളുടെ പ്രദേശത്തെ ക്ലബ്ബുകൾ നാടിന് വേണ്ടി എന്തൊക്കെയാണ് ചെയ്യുന്നത്.

ചർച്ച

-കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികളെ ആദരിക്കാറുണ്ടോ?
-സൗജന്യമായി നോട്ടുബുക്ക്, പേന തുടങ്ങിയവ നല്കാറുണ്ടോ?
- സൗജന്യ ആരോഗ്യ പരിശോധന നടത്താറുണ്ടോ?
-പാവപ്പെട്ടവർക്ക് വസ്ത്രം
ആഹാരസാധനങ്ങൾ ഇവ നല്കാറുണ്ടോ?
മറ്റെന്തൊക്കെ സേവനങ്ങൾ ചെയ്യാറുണ്ട്?

| | |
|---|---|
| ക്രോഡീകരണം<br>നാടിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ക്ലബ്ബുകൾ.<br>ക്ലബ്ബുകൾ കൂടാതെ, മറ്റേതൊക്കെ സ്ഥാപനങ്ങളും കൂട്ടായ്മകളുമാണ് നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നത്<br>കുട്ടികൾ പ്രതികരിക്കുന്നു.<br>അധ്യാപിക ലിസ്റ്റ് ചെയ്യുന്നു.<br>വായനാശാലകൾ<br>കുടുംബശ്രീ<br>സന്നദ്ധസംഘടനകൾ<br>നമ്മുടെ നാടിന്റെ പുരോഗതിയ്ക്ക് കാരണമെന്താണ്?<br>പാഠപുസ്തകം പേജ് 115 ഒന്നായ് ഒരു നല്ല നാളേക്ക് വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | |

വിലയിരുത്തൽ : നമുക്ക് സേവനവും സഹായവും നല്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം.
തുടർ പ്രവർത്തനങ്ങൾ : വായനശാല സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കൽ
റിഫ്ലക്ഷൻ നോട്ട്